ബഷീർ

ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!



ബഷീർ

ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് !



വൈക്കം മുഹമ്മദ് ബഷീർ

(1908–1994)

1908 ജനുവരി 19–ന് വൈക്കം താലൂക്കിൽ തലയോലപറമ്പിൽ ജനിച്ചു. തലയോലപ്പറമ്പിലുള്ള മലയാളം സ്കൂളിലും വൈക്കം ഇംഗ്ലിഷ് സ്കൂളിലും പഠിച്ചു. ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൽ ചേർന്ന് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കോഴിക്കോട്ടുനടന്ന ഉപ്പുസത്യഗ്രഹത്തിൽ പങ്കുകൊണ്ടു. അതിന്റെ പേരിൽ മർദ്ദനത്തിനിരയാകുകയും ജയിൽശിക്ഷ അനുഭവിക്കുകയും ചെയ്തു. പത്തു വർഷത്തോളം ഇന്ത്യയൊട്ടാകെ സഞ്ചരിച്ചു; പിന്നീട് ആഫ്രിക്ക, അറേബ്യ തുടങ്ങിയ രാജ്യങ്ങളിലും. **ബാല്യകാലസഖി, പാത്തുമ്മായുടെ ആട്, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!** എന്നീ കൃതികൾ ഇന്ത്യയിലെ പ്രധാന ഭാഷകളിലെല്ലാം തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. **മതിലുകൾ, ശബ്ദങ്ങൾ, പ്രേമലേഖനം** എന്നീ കൃതികളും പൂവൻപഴം ഉൾപ്പെടെ 16 കഥകളുടെ ഒരു സമാഹാരവും ഓറിയന്റ് ലോങ്മാൻ ഇംഗ്ലിഷിൽ പ്രസിദ്ധീകരിച്ചു. സാഹിത്യ അക്കാദമിയുടെയും കേരള സാഹിത്യ അക്കാദമിയുടെയും ഫെലോഷിപ്പ് ലഭിച്ചിട്ടുണ്ട്. ഇന്ത്യാഗവണ്മെന്റ് പദ്മശ്രീ നൽകി ആദരിച്ചു. 1994 ജൂലൈ 5–ന് നിര്യാതനായി.

വൈക്കം മുഹമ്മദ് ബഷീറിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

നോവല്

അനുരാഗത്തിന്റെ ദിനങ്ങൾ, ആനവാരിയും പൊൻകുരിശും, ജീവിതനിഴൽപ്പാടുകൾ, താരാസ്പെഷ്യൽസ്, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!, പാത്തുമ്മായുടെ ആട്, പ്രേമലേഖനം, പ്രേംപാറ്റ, ബാല്യകാലസഖി, മതിലുകള്, മരണത്തിന്റെ നിഴലിൽ, മാന്ത്രികപ്പൂച്ച, മുച്ചീട്ടുകളിക്കാരന്റെ മകൾ, ശബ്ദങ്ങൾ, സ്ഥലത്തെ പ്രധാന ദിവ്യൻ

കഥകള്

ആനപ്പൂട, ഒരു ഭഗവദ്ഗീതയും കുറെ മുലകളും, ഓർമ്മക്കുറിപ്പ്, ചിരിക്കുന്ന മരപ്പാവ, ജന്മദിനം, 'നീലവെളിച്ച'വും മറ്റ് പ്രധാന കഥകളും, പാവപ്പെട്ടവരുടെ വേശ്യ, ബഷീറിന്റെ 10 കഥകൾ, ഭൂമിയുടെ അവകാശികൾ, വിഡ്ഢികളുടെ സ്വർഗ്ഗം, വിശപ്പ്, വിശ്വവിഖ്യാതമായ മൂക്ക്, ശിങ്കിടിമുങ്കൻ, സ്വാതന്ത്ര്യസമരകഥകൾ

നാടകം

കഥാബീജം

ലേഖനങ്ങള്

അനർഘനിമിഷം, ജീവിതം ഒരനുഗ്രഹം, ധർമ്മരാജ്യം

ചോദ്യോത്തരം, കത്തുകൾ

നേരും നുണയും, ബഷീർ എഴുതിയ കത്തുകൾ, ബഷീറിന്റെ കത്തുകൾ

സ്മരണ

എം.പി. പോൾ, ഓർമ്മയുടെ അറകൾ

പ്രഭാഷണം

ചെവിയോർക്കുക! അന്തിമകാഹളം

തിരക്കഥ

ഭാർഗ്ഗവീനിലയം

ബാലസാഹിത്യം

സര്പ്പയജ്ഞം

പലവക

യാ ഇലാഹീ!

•

ബഷീർ സമ്പൂർണ്ണകൃതികൾ (രണ്ടു വാല്യങ്ങൾ)

വൈക്കം മുഹമ്മദ് ബഷീർ

ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!

 ഡി സി ബുക്സ്

MALAYALAM LANGUAGE
Ntuppuppākkorānendārnnu!

LITERATURE /NOVEL
by Vaikom Muhammad Basheer

First Published February 1951
First DCB Edition March 1979
33rd impression February 2016

Cover photograph
Punalur Rajan

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com , 9846133336

DISTRIBUTORS
DC Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Muhammad Basheer, Vaikom.
Ntuppuppakkoranendarnnu/Vaikom Muhammad Basheer.
104p., 18cm.
ISBN 81-7130-260-2.
1. Malayalam novel. I. Title.

8M3*-dc22.
*(This is local variation of DDC number for Malayalam literature:
Ntuppuppakkoranendarnnu.)

ISBN 81-7130-260-2

797/15-16-Sl.No. 15129-dcb235-(33)3000-1657-02-16-Itc17.0-prr-r(t)pp-d(t)jo

കഥകള്

ന്റുപ്പാപ്പാക്കൊരാനേണ്ടാർന്ന്

ഇദാണു പാക്യമർഗ്!

അനേകായിരം വർഷങ്ങൾക്ക മുമ്പ നടന്നതുപോലെയാണ്. എന്താണെന്ന വച്ചാൽ, ചെറുപ്പകാലം വളരെ ദൂരത്താണലേ്ലാ. അവിടംമുതൽ പലതും സംഭവിച്ചു. അതൊക്കെ ഒരു തമാശമട്ടിലേ കുഞ്ഞുപാത്തുമ്മയ്ക്ക് ഓർമിക്കാൻ കഴിയൂ. പച്ചയായ ജീവിതം. എന്നും ഇതെല്ലാം പൊരുളറിയാൻ കഴിയാത്ത അദ്ഭുതംതന്നെ. ഒന്നും ആരുടേയും പിടിയിലല്ലലേ്ലാ. എന്തു ചെയ്യും? വിങ്ങി കരയാൻ തോന്നും; ഹൃദയം തുറന്ന പൊട്ടിച്ചിരിക്കാനം. ചിരിയാണലേ്ലാ കരച്ചിലിനേക്കാൾ അധികം നല്ലത്? ഓർത്തോർത്തു മന്ദഹസിക്കാം.

ആരെയും കുഞ്ഞുപാത്തുമ്മ വേദനിപ്പിച്ചിട്ടില്ല. ഒരു എറുമ്പിനെപ്പോലും ദ്േരാഹിച്ചിട്ടിലെ്ലന്ന പറയാം. റബ്ബുല് ആലമീനായ തമ്പുരാന്റെ സൃഷ്ടികളിൽ ഒന്നിനേയും അവൾ വെറുത്തിട്ടില്ല. ചെറുപ്പംമുതല്ക്കേ എല്ലാ ജീവജാലങ്ങളോടും ഇഷ്ടമായിരുന്ന. ആദ്യമായി അവൾ സ്നേഹിച്ചുതുടങ്ങിയത് ഒരു ആനയെയാണ്. ഒരിക്കലും അതിനെ അവൾ കണ്ടിട്ടില്ല. എന്നാലും സ്നേഹിച്ചു. അതിനെപ്പറ്റി അവൾ കേൾക്കുന്നത് ഇപ്രകാരമാണ്:

അന്നവൾക്ക് ഏതാണ്ട് ഏഴു വയസ്സായിക്കാണം. അലെ്ലങ്കിൽ എട്ട്. അതിൽ കൂടുകയില്ല. ആ കാലത്ത് അവളുടെ നേർക്ക് ഒരു നിരോധനാജ്ഞ ഇറങ്ങി. ബാപ്പായുടെ വകയല്ല, ഉമ്മായുടേത്. സംഗതി മറ്റൊന്നുമല്ല. ഇസ്ലാമീങ്ങളാണെങ്കിലും അയൽപക്കങ്ങളിലെ പിള്ളേരുമായി കൂട്ടുകൂടരുത്? ചുരുക്കത്തിൽ അവരുമായി യാതൊരു ഇടപാടും പാടില്ല. എന്താ കാരണം? ലോക പ്രസിദ്ധമായ ആ രഹസ്യം ഉമ്മാ അവളോടു പറഞ്ഞു:

'ൻറ പൊന്ന് കുഞ്ഞുപാത്തുമ്മാ, നീ ആനമക്കാരിന്റെ പുന്നാര മോള്ട പുന്നാരമോളാ! നിൻറുപ്പപ്പാക്കേ ഒരാനേണ്ടാർന്ന്! ബല്യ ഒര് കൊമ്പനാന!'

'ൻറ പുന്നാര ആനേ!' എന്നവൾ അന്നുമുതൽ തന്നത്താൻ നൂറുകുറി പറഞ്ഞിട്ടുണ്ട്. അതുമായി കളിച്ചാണ് കുഞ്ഞുപാത്തുമ്മ വളർന്നത്. എന്നുവെച്ചാൽ അതിന്റെ ഓർമയുമായി അവളാ ഓടിട്ട വലിയ കെട്ടിടത്തിന്റെ നടുമുറ്റത്തിരുന്ന കളിക്കും. അവളുടെ കഴുത്തിലും കാതിലും കൈയിലും കാലിലും സ്വർണാഭരണങ്ങൾ—ഉടുത്തിരിക്കുന്നതു പട്ടു മുണ്ട്. ഇട്ടിരിക്കുന്നതു പട്ടുകുപ്പായം, തല മറച്ചിരിക്കുന്നത് കസവു കവണികൊണ്ടാണ്.

അവൾ വെളുത്തതാണെങ്കിലും അവളിൽ ഒരു കറുപ്പുണ്ട്. ആരോടും പറഞ്ഞിട്ടിലെ്ലങ്കിലും അവളെ അതു വേദനിപ്പിച്ചു. അവളുടെ കവിളിൽ ഒരു ചെറിയ കറുത്ത മറുകുണ്ട്.

അതു ഭാഗ്യമറുകാണെന്ന് കുഞ്ഞുപാത്തുമ്മ അറിഞ്ഞത് അവളുടെ

പതിന്നാലാമത്തെ വയസ്സിലാണ്. അപ്പോൾ അവളെ കെട്ടിക്കാൻ ശറുപിറാ ആലോചനകൾ നടന്നുകൊണ്ടിരിക്കയായിരുന്നു. കെട്ടാൻ വരുന്ന ചെറുക്കൻ ആരാണെന്ന് അറിഞ്ഞുകൂടാ. ആരായാലെന്ത്?

'അപ്പ ഞാൻ ബെറ്റ തിന്നും!' കുഞ്ഞുപാത്തുമ്മ മനസ്സിലുറച്ചു. കെട്ടിക്കാത്ത മുസ്ലിം വനിത വെറ്റില മുറുക്കുന്നതു ശരിയല്ല. അല്ലാഹുവും അല്ലാഹുവിന്റെ പ്രവാചകനായ മുഹമ്മദ് നബിയും അതു സംബന്ധമായി വല്ലതും പറഞ്ഞിട്ടുണ്ടോ എന്ന് കുഞ്ഞുപാത്തുമ്മയ്ക്കറിഞ്ഞുകൂടാ. എന്നാലും നാട്ടുനടപ്പനുസരിച്ചു പാടില്ല. അന്യപുരുഷന്മാരുടെ മുമ്പിലും മുസ്ലിം സ്ത്രീകൾ പോയിക്കൂടാ. നന്നെ ചെറുപ്പമായിരുന്ന കാലത്ത് കുഞ്ഞുപാത്തുമ്മ പോയിട്ടുണ്ട്. അതു പോയതല്ല. അന്യപുരുഷന്മാരെ കണ്ടിട്ടുണ്ടെന്നു മാത്രം. ആരെപ്പറ്റിയും അവൾക്കങ്ങനെ ഓർമ ഒന്നുമില്ല. ഉണ്ടെങ്കിൽതന്നെ അതു സ്ത്രീകളെപ്പറ്റി മാത്രമാണ്.

'അവരൊക്കെ കാഫ്രിച്ചികളാർന്ന്!' എന്നു മാത്രമേ കുഞ്ഞുപാത്തുമ്മയ്ക്ക് അവരെപ്പറ്റി പറയാനുള്ളൂ. ലോകത്തിൽ രണ്ടു വർഗമേയുള്ളൂ. ഇസ്ലാമും കാഫിറും. പെണ്ണായാലും ആണായാലും മരിച്ചു കഴിഞ്ഞാൽ കാഫിറെല്ലാം നരകത്തിൽ പോകും. അവരെല്ലാം തെറ്റിയ കൂട്ടരാണ്. ഇസ്ലാമ് അവരെ അനുകരിച്ചാൽ നരകപാപികളായിത്തീരും. കുഞ്ഞു പാത്തുമ്മ കണ്ട കാഫ്രിച്ചികൾ പള്ളിക്കൂടം മിസ്ട്രസ്സുമാരായിരുന്നു. ബാപ്പാ അവളെ ചമയിപ്പിച്ചു നദിയിൽ കുളിപ്പിക്കാൻ കൊണ്ടുപോകുമ്പോഴാണ് അവരെ കണ്ടിട്ടുള്ളത്. പട്ടണങ്ങളിൽ നിന്നു വന്നു കുളിച്ചു താമസിക്കുന്ന പണക്കാരുടെ മക്കളെയും കുഞ്ഞുപാത്തുമ്മ കണ്ടിട്ടുണ്ട്. അവർക്ക് ആർക്കുംതന്നെ കുഞ്ഞുപാത്തുമ്മയ്ക്ക് ഉള്ളിടത്തോളം പൊൻപണ്ടങ്ങളില്ല. പലരും അവളെ അസൂയയോടെ നോക്കുന്നതു കണ്ടിട്ടുണ്ട്. അവളെ ചൂണ്ടിക്കാണിച്ച് 'ആ പെങ്കൊച്ചേതാ?' എന്നു ചോദിക്കുന്നതും കേട്ടിട്ടുണ്ട്. അപ്പോഴൊക്കെ ഭയഭക്തി ബഹുമാനത്തോടെ ആരെങ്കിലും പറയും:

'വട്ടനടിമക്കാക്കാട മോള്, കുഞ്ഞുപാത്തുമ്മ: ആന മക്കാരിന്റെ മോട മോള്!'

'ഞമ്മട കുഞ്ഞുതാച്ചുമ്മാത്താത്താട മോളാണലേ്ലാ?' എന്നും ചിലർ പറയും.

'നീ ഒന്ന് ചിരിക്കൂ, കുഞ്ഞുപാത്തുമ്മ,' എന്നും പറഞ്ഞാണ് പള്ളിക്കൂടം മിസ്ട്രസ്സുമാരായ കാഫ്രിച്ചികൾ അവളുടെ ചുറ്റും കൂടുന്നത്. അവരെ കുഞ്ഞുപാത്തുമ്മയ്ക്ക് ഇഷ്ടമാണ്. കാഫ്രിച്ചികളാണെങ്കിലും അവർക്കു നല്ല മണമുണ്ട്. അവരെല്ലാം സാരിക്കാരികളാണ്. അവർക്കെല്ലാം ബ്ലൗസെന്ന കുപ്പായമുണ്ട്. അതിന്റെ അടിയിൽ ബോഡീസെന്ന നനുത്ത പറ്റുകുപ്പായവും. പിന്നെ അവർ തലയിൽ പൂവും ചൂടിയിട്ടുണ്ട്. ചിലർ കുഞ്ഞുപാത്തുമ്മയുടെ മുടിയിൽ പൂക്കൾ തിരുകിക്കൊടുക്കും. അവരിൽ ചിലർ അവളുടെ കവിളിലെ കറുത്ത മറുക് നുള്ളിയെടുത്തതായി ഭാവിക്കും. അതിലൊന്നുമല്ല അവൾക്കു രസം തോന്നിയത്. അവരുടേതുമാതിരി സാരിയും ബ്ലൗസും അതിനടിയിലെ ആ നനുത്ത പറ്റുകുപ്പായവും അവൾക്കും വേണം. ബാപ്പായോട് അവൾ അതു പറയുകയും ചെയ്തു. അപ്പോൾ ആ മിസ്ട്രസ്സുമാർ ചിരിച്ചു. അതിൽ ഒരുത്തി പറഞ്ഞു:

'കുഞ്ഞുപാത്തുമ്മ വലുതാവട്ടെ!'

വലുതാവണം! അങ്ങനെ അവൾക്കൊരാഗ്രഹം ജനിച്ചു. വലുതാവണം!

‘എപ്പളാ ഉമ്മാ ഞാമ്പലുതാകാൻ പോണത്?’ അങ്ങനെ അവൾ ഉമ്മായോടു ചോദിച്ചു.

ഉമ്മാ സംഗതി ചോദിച്ചപ്പോൾ അവൾ ഉള്ള സത്യം അങ്ങു തുറന്നു പറഞ്ഞുപോയി. ഉമ്മാ അപ്പോൾ അവളെ പേടിപ്പെടുത്തി:

‘ൻറ കുഞ്ഞുപാത്തുമ്മ, ഞമ്മക്കതൊന്നും പാങ്ങില്ല! കാഫ്രിച്ചികട ലിബാസ്! കാഫ്രിനോട് ഞമ്മ എതിര് കാണിക്കണം!’

‘നേരാ മോളേ,’ ബാപ്പാ പറഞ്ഞു: ‘ഞമ്മക്കത് വേണ്ടാത്തതാ!’

വേണ്ടാത്തതാണെങ്കിൽ വേണ്ടാത്തതാണ്! ബാപ്പായുടെ വാക്കിന് എതിർവാക്കില്ല. ഇസ്ലാമിന്റെ വിധിയനുസരിച്ചാണല്ലോ ജീവിതം? വട്ടനടിമക്കാക്കാ എന്നു പറയുന്നിടത്ത് സ്നേഹവും ബഹുമാനവുമുണ്ട്. നാട്ടുപ്രമാണിയാണ്. ‘പള്ളിക്കൈത്താനക്കാര’നാണ്. നാട്ടിലേക്കും പൊക്കക്കാരനാണ്. തല എപ്പോഴും മിനുസമായി വടിച്ചിരിക്കും. താടിയും മീശയും വിധിയനുസരിച്ച് അരികു വടിപ്പിച്ച് കത്രിച്ചിട്ടുണ്ടാവും. മീശയുടെ രണ്ടറ്റവും പിരിച്ചു കൊമ്പനാക്കി വെച്ചേക്കും. മുണ്ടു മാത്രമേ ഉടുക്കാറുള്ളൂ. വളരെ നീളമുള്ള ‘കശവു നേര്യത്’ നീളത്തിൽ അലസമായി അങ്ങനെ തോളിലിട്ടേക്കും. ചിലപ്പോൾ അതിന്റെ അറ്റം നിലത്തു കിടന്ന് ഇഴയുന്നുണ്ടെങ്കിൽ പിറകെ നടക്കുന്നവർ അതെടുത്തു ഭക്തിയോടെ ഉയർത്തിപ്പിടിച്ചുകൊള്ളും. ബാപ്പാ അതൊന്നും അറിയാറില്ല. നീണ്ടു നിവർന്ന് അങ്ങനെ നടന്നു പോകും. ബാപ്പാ കൈ, കാൽ, മുഖം, വായ്, തല, ചെവി, എല്ലാം കഴുകി വെടിപ്പായി ദൈവത്തെ നമസ്കരിക്കുന്നു. ദൈവം എപ്പോഴും എവിടെയുമുണ്ട്. ലോകങ്ങളായ എല്ലാ ലോകങ്ങളിലും, ആ ദൈവത്തെ വണങ്ങുക. നമസ്കരിക്കുക. അഞ്ചു നേരത്തേതിൽ ഒരു നേരത്തെയും നിസ്കാരം ഒഴിക്കാറില്ല. റംസാൻ മാസത്തിൽ മുപ്പതു ദിവസവും ബാപ്പാ ആഹാരവും വെള്ളവും ഉപേക്ഷിച്ച് നോമ്പു പിടിക്കും. വിധിയനുസരിച്ചുള്ള സക്കാത്തു കൊടുക്കും. ബാപ്പായ്ക്കു ഹജ്ജിനു പോകണമെന്നുണ്ട്. അത് കുഞ്ഞുപാത്തുമ്മയുടെ കല്യാണത്തിനു ശേഷമേ ഉണ്ടാവൂ.

കല്യാണക്കാര്യം അങ്ങനെ മുറുകി വന്നു. വീട്ടിലെന്നും സദ്യപോലെയാണ്. അഞ്ചെട്ടുകെട്ടു വെറ്റില വേണം. ബാപ്പാ വലിയ മുറുക്കുകാരനല്ല.

ഉമ്മാ വലിയ മുറുക്കുകാരിയാണ്. ഉമ്മായ്ക്ക് ഒരു ദിവസത്തിൽ ഒരു നൂറു തളിരുവെറ്റില എങ്കിലും വേണം. മുറുക്കും വർത്തമാനം പറച്ചിലുമാണ് ഉമ്മായുടെ പ്രധാന ജോലി. വെറ്റിലച്ചെല്ലത്തിന്റെ അടുത്ത് എല്ലാ ആഭരണങ്ങളുമണിഞ്ഞ് കസവുതട്ടവും പട്ടുകുപ്പായവുമിട്ട്, പട്ടു കിണ്ടനുമുടുത്ത് മെത്തപ്പായിൽ ഉമ്മാ ഇരിക്കും. നിലത്തിറങ്ങാറില്ല. മെതിയടിപ്പുറത്തേ ഉമ്മാ നടക്കൂ. ഉപ്പുപ്പായുടെ ആനയുടെ കൊമ്പുകൊണ്ടുള്ളതാണ് ഉമ്മായുടെ മെതിയടിയുടെ കുടകൾ രണ്ടും. മെതിയടി എപ്പോഴും അടുത്തുണ്ടായിരിക്കും.

മുറുക്കാനും വർത്തമാനം കേൾക്കാനുംമറ്റും ധാരാളം പെണ്ണുങ്ങളുണ്ടാവും. ഉമ്മാ വർത്തമാനം തുടങ്ങും. അധികം വിഷയങ്ങളില്ല. ഒന്നുകിൽ കുഞ്ഞുപാത്തുമ്മ. അല്ലെങ്കിൽ ബാപ്പായുടെ പെങ്ങന്മാരായ ഏഴു മാമിമാർ. മിക്കപ്പോഴും കുഞ്ഞുപാത്തുമ്മയുടെ കവിളിലുള്ള കറുത്ത മറുകാണു വിഷയം.

‘ഇദാണ പാക്യമർഗ്!’ ഉമ്മാ പറയും: ‘ശുമ്മാ ഒണ്ടാകുവോ? ആനമക്കാരിന്റെ പുന്നാരമോട പുന്നാര മോളാ!’ തന്നെയുമോ, ഉമ്മാ പറയും: ‘ഞാ അഞ്ച് പെറ്റിട്ട് പടശ്ശോനം മുത്ത്നബീം നേർച്ചക്കാരും ഒന്നിനേ തന്നൊള്ള്.’ പിന്നെ തുടക്കം കുഞ്ഞുപാത്തുമ്മയുടെ ആഭരണങ്ങൾ തടവിയിട്ടാണ്: ‘പറ പെണ്ണേ, ഇതിനേങ്കിലും നലേ്ലാണം നടത്തണ്ടേ?’ അതു കഴിഞ്ഞു പറയുന്നത് അല്പം ദേഷ്യത്തിലാണ്: ‘പിന്നെ......കല്യാണത്തിന് ഇബടെ ബാപ്പാട കൂട്ടക്കാര് കൂടീലെ്ലങ്കിലും കുഞ്ഞുപാത്തുമ്മാടെ കല്യാണം നടക്കും. ആനമക്കാരിന്റെ പുന്നാരമോട പുന്നാര മോളാ!’ അങ്ങനെ വിഷയം അവസാനിക്കുമ്പോൾ എന്തെങ്കിലും പറയാൻ ഉമ്മാ പെണ്ണുങ്ങളിൽ ഒരുത്തിയോടു പറയും:

‘പറ പെണ്ണേ!’

പെണ്ണുങ്ങൾ പറയും. അങ്ങനെ പെണ്ണുങ്ങളിൽ നിന്ന് കുഞ്ഞുപാത്തുമ്മ ഒരു നാട്ടുവർത്തമാനം കേട്ടു. കുഞ്ഞുപാത്തുമ്മയെ അതു ക്ഷോഭിപ്പിച്ചു. അവളെ അതു വ്യസനിപ്പിച്ചു. അവളെ അതു ദേഷ്യപ്പെടുത്തി.

കുഞ്ഞുപാത്തുമ്മ കേട്ട ക്ഷോഭകരമായ വാർത്ത ഇതാണ്:

അയൽപക്കങ്ങളിലും ആ നാട്ടിലുമുള്ള മിക്ക എല്ലാ വീടുകളിലും നാലും അഞ്ചും വയസ്സായ പിള്ളേരുണ്ട്. ഒരു പുതിയ തലമുറ അങ്ങനെ വരുന്നു! അതിൽ കുഞ്ഞുപാത്തുമ്മയ്ക്കു വഴക്കില്ല. പക്ഷേ, അവരുടെ പേരുകൾ! അതാണു കുഞ്ഞുപാത്തുമ്മയെ ക്ഷോഭിപ്പിക്കുന്നത്. വെറും ചുമട്ടുകാര്, മീൻപിടുത്തക്കാര്, സാധാരണ പിച്ചക്കാര് എന്നു വേണ്ട നാട്ടിലെ ഭൂരിപക്ഷം മുസ്ലിം വീടുകളിലും ഓരോ കുഞ്ഞുപാത്തുമ്മമാരുണ്ട്. ഓരോ അടിമമാരുണ്ട്. ഓരോ കുഞ്ഞുതാച്ചുമ്മമാരുണ്ട്. ഓരോ മക്കാരുമാരും!

ലോകാലോകങ്ങളുടെ സ്രഷ്ടാവേ! എന്താ ചെയ്യുക? നാണവും മാനവുമുണ്ടെങ്കിൽ......അവർക്ക് കുഞ്ഞുങ്ങൾക്കു വേറെ പേരിട്ടുകൂടെ? എന്നാൽ, കുഞ്ഞുപാത്തുമ്മയ്ക്ക് ഒരു ലോകരഹസ്യം അന്നു മനസ്സിലായിട്ടുണ്ടായിരുന്നില്ല. പണവും പ്രശസ്തിയുമുള്ളവരുടെ പേര് അതു രണ്ടും ഇല്ലാത്ത പാവപ്പെട്ടവർ ഉപയോഗിക്കും. അതു നാട്ടുനടപ്പാണ്. പണക്കാരുടെയോ പ്രശസ്തിയുള്ളവരുടേയൊ പേര് അതില്ലാത്തവർ ഉപയോഗിച്ചുകൂടെന്നു നിയമമൊന്നുമില്ല. അങ്ങനെയെങ്കിലും ഐശ്വര്യവും യശസ്സും ഉണ്ടായെങ്കിലോ?

കുഞ്ഞുപാത്തുമ്മയ്ക്ക് അതു ശരിയായി തോന്നിയില്ല. എന്താണെന്നു വെച്ചാൽ അവൾ ലോകത്തിലെ ഏക കുഞ്ഞുപാത്തുമ്മയാണ്. അവളുടെ ബാപ്പാ ലോകത്തിലെ ഏക വട്ടനടിമയാണ്! അവളുടെ ഉമ്മാ ലോകത്തിലെ ഏക കുഞ്ഞുതാച്ചുമ്മയാണ്! അവളുടെ ഉപ്പുപ്പാ ലോകത്തിലെ ഏക ആനമക്കാരാണ്!

സംഗതി ഈ വിധമിരിക്കെ കുഞ്ഞുപാത്തുമ്മ ഇതൊന്നും അങ്ങു ക്ഷമിക്കാൻ പോകുന്നില്ല. അവൾ വിവരം മറ്റുള്ള പെണ്ണുങ്ങൾ കേൾക്കെ ഉമ്മായോടു പറഞ്ഞു. എന്നു തന്നെയുമല്ല, ദേഷ്യത്തോടെ, സങ്കടത്തോടെ ചോദിക്കയും ചെയ്തു:

‘ഞമ്മട പേരെന്തിനാ അവരെക്കെ എടുക്കണത്?’

ഉമ്മാ ചിരിച്ചു. മറ്റുള്ള പെണ്ണുങ്ങൾക്കെന്താണു തോന്നിയതെന്നു.

കുഞ്ഞുപാത്തുമ്മയ്ക്കറിഞ്ഞുകൂടാ. ഉമ്മാ പറഞ്ഞു:

'കെട്ടിക്കാമ്പോണ പെണ്ണാ! ശോയിക്കണ കേട്ടോ?' എന്നിട്ടുമ്മാ, 'നോക്ക്!' എന്നും പറഞ്ഞ് അവളുടെ കവിളിലെ കറുത്ത മറുക തൊട്ടു. അപ്പോൾ അവൾക്കു മനസ്സിലായി. നാലും അഞ്ചും വയസ്സായ നണങ്ങ് പീക്കിറി കുഞ്ഞുപാത്തുമ്മമാർക്ക് ഒന്നിനെങ്കിലും കവിളിൽ കറുത്ത മറുകുള്ളതായി കേട്ടിട്ടില്ല. ഉമ്മാ മറ്റു പെണ്ണുങ്ങളോടു ചോദിക്കുകയും അവർ ഇല്ലെന്നു പറയുകയും ചെയ്തു. എന്താ കറുത്ത മറുക് ഇല്ലാത്തത്?

ഉമ്മാ ചോദിച്ചു:

'അയിന്റെ നെറോന്താ?'

കറുത്ത മറുകിന്റെ നിറം കറുപ്പാണല്ലോ, കുഞ്ഞുപാത്തുമ്മ പറഞ്ഞു:

'കറ്ത്തദ്.'

ഉമ്മാ ചോദിച്ചു:

'നിൻറുപ്പുപ്പാടെ ആനേന്റെ നെറോന്താർന്ന്?'

കുഞ്ഞുപാത്തുമ്മ കണ്ടിട്ടില്ലെങ്കിലും ഓർത്തുനോക്കി. സാധാരണ ആനയുടെ നിറം കറുപ്പാണ്. അവൾ പറഞ്ഞു:

'കറ്ത്തദ്!'

ഉമ്മാ ചോദിച്ചു:

'നിന്റെ നെറോന്താ?'

കുഞ്ഞുപാത്തുമ്മ നല്ലവണ്ണം വെളുത്തതാണല്ലോ. അവൾ പറഞ്ഞു:

'ബെളുത്തദ്!'

ഉമ്മാ ചോദിച്ചു:

'ബെളുത്ത നിന്റെ കവ്ളുമ്മല് കർത്ത മർഗൊണ്ടായേന്താ?'

കുഞ്ഞുപാത്തുമ്മയ്ക്ക് സംഗതിയുടെ ഗൗരവം മനസ്സിലായി! പഴയ പ്രതാപം, ഐശ്വര്യം. ചരിത്രത്തിന്റെ തിളക്കം. സർവ രഹസ്യങ്ങളും ദാ, വ്യക്തമായി തുറന്നു കിടക്കുന്നു! അവൾക്കു സന്തോഷവും അഭിമാനവും തോന്നി! കിരീടവും ചെങ്കോലും സിംഹാസനവും മഹാസാമ്രാജ്യങ്ങളും ഉണ്ടായിരുന്നു എന്ന മട്ടിലാണ്. അവൾ പറഞ്ഞു:

'ൻറുപ്പുപ്പാക്കൊരാനേണ്ടാർന്ന്!'

ഉമ്മാ മെതിയടി തൊട്ടുകൊണ്ടു പറഞ്ഞു:

'ബല്യ ഒര് കൊമ്പനാന!'

‘ഇബ്‌ലീസ് എന്ന പഹയന്!’

കുഞ്ഞുപാത്തുമ്മയുടെ കല്യാണത്തിനുള്ള ഒരുക്കങ്ങൾ ഉഷാറായി അങ്ങനെ നടന്നുവരുന്ന കാലത്ത് അവൾ രണ്ടു വാർത്തകൾ കേട്ടു.

ഉപ്പുപ്പായുടെ ആ വലിയ കൊമ്പനാന ആറുപേരെ കൊന്നിട്ടുണ്ട്! അതിലവൾക്കു സങ്കടം തോന്നി. ആനയോടു ദ്വേഷ്യവും ഉണ്ടായി.

‘കുരുത്തംകെട്ട ആനേ!’ എന്നവൾ പറകയും ചെയ്തു. എന്നാൽ ദ്വേഷ്യം അധികദിവസം നീണ്ടുനിന്നില്ല. ആന കൊന്ന ആറുപേരും കാഫ്‌രീങ്ങളായ ആനക്കാരായിരുന്നു! അത് ഒരൊറ്റ മുസ്‌ലിമിനെയെങ്കിലും കൊന്നിട്ടില്ല. ഇസ്‌ലാമായ ആനക്കാർ അതിനുണ്ടായിരുന്നോ എന്ന് കുഞ്ഞുപാത്തുമ്മയ്ക്ക് അറിഞ്ഞുകൂടാ. ഉമ്മാ പറഞ്ഞു:

‘അത് അസലൊള്ള ആനേർന്ന്!’

എന്താണെന്നുവെച്ചാൽ ഉപ്പുപ്പായുടെ കൈയിൽ നിന്നു പഴവും ശർക്കരയും അതു വാങ്ങിച്ചു തിന്നും. ഉമ്മാ പറഞ്ഞു:

‘നിന്റെ ബാപ്പാ എന്ന കെട്ടാമ്പന്നത് അയിന്റെ പൊറത്ത് കേറിയാ!’

അദ്ഭുതം! കുഞ്ഞുപാത്തുമ്മ വിചാരിച്ചു. അവളെ കെട്ടാൻ വരുന്ന ചെറുക്കൻ... ഏതെങ്കിലും ആനപ്പുറത്തായിരിക്കുമോ വരുന്നത്?

അവളെ ആർക്ക്......എന്തിന്......കെട്ടിക്കുന്നു? അങ്ങനെ ഒന്നും കുഞ്ഞുപാത്തുമ്മ വിചാരിച്ചില്ല. അവളെ കെട്ടിച്ച ഉടനെ ബാപ്പാ മക്കത്ത് ഹജ്ജിനു പോകും. അത് അറേബ്യയിലാണ്. അവിടെ, മക്കം എന്ന പുണ്യസ്ഥലത്താണ് മുഹമ്മദ് നബി ജനിച്ചത്. അവിടെ കഅ്ബ എന്ന പുണ്യ ആരാധനാലയമുണ്ട്. ഈ ലോകത്തിലെ ആദ്യത്തെ പള്ളിയാണിത്. പണ്ടു പണ്ടേ ഉള്ളതാണ്. ഇബ്‌റാഹിം നബിയാണ് അതു പുതുക്കിപ്പണിയിച്ചത്. കുഞ്ഞുപാത്തുമ്മയുടെ ബാപ്പാ പള്ളിയൊന്നും പണിയിച്ചിട്ടില്ല. ഹജ്ജ് എന്ന പുണ്യകർമം ചെയ്തുകഴിഞ്ഞു വന്നാൽ പിന്നെ ബാപ്പായെ ‘ഹാജി വട്ടനടിമ’യെന്നോ, ‘വട്ടനടിമ ഹാജി’ എന്നോ വിളിക്കും. കുഞ്ഞുപാത്തുമ്മാ ചോദിച്ചു:

‘ഉമ്മാ പോണണ്ടോ?’

ഉമ്മാ ചോദിച്ചു:

‘എവട?’

‘ഹജ്ജിന്?’

ഉമ്മാ പറഞ്ഞു:

‘പോണൊണ്ട്!’

അതൊരു പുതിയ വാർത്തയാണ്. കുഞ്ഞുപാത്തുമ്മ പറഞ്ഞു:

'അപ്പ... എന്നേം കൊണ്ടുപോണം!'

ഉമ്മാ ചിരിച്ചു. ഉമ്മാ പറഞ്ഞു:

'അതൊക്കെ നിന്റെ കെട്ടിയൊനോട് പറ!'

അവളങ്ങ് നാണിച്ചുപോയി. അവളൊന്നും മിണ്ടിയില്ല. പക്ഷേ, അവളെ കെട്ടാൻ വരുന്നത് ആരാണ്? ചെറുപ്പക്കാരനോ വയസ്സനോ? കറുത്തതോ വെളുത്തതോ? ഒന്നും അവൾക്കറിഞ്ഞു കൂടാ. ആരോ ഒരാൾ വരുന്നുണ്ട്. ആര്?

പെണ്ണായി പിറന്നാൽ ഏതെങ്കിലും ഒരാണിന് കല്യാണം കഴിച്ചുകൊടുക്കും. മുഹമ്മദ് നബിയുടേയും അസ്ഹാബിമാരുടേയും കാലം മുതല്ക്കേ ഉള്ള പതിവാണ്. അവർക്കു മുമ്പും ഇതായിരുന്നിരിക്കണം പതിവ്. പണ്ട്... പണ്ട്... മാനുഷകുലത്തിന്റെ ആരംഭത്തിൽ ആദംനബി ഹവ്വാ ബീബിയെ കെട്ടി. ആദംനബിക്കും ഹവ്വാബീബിക്കും ബാപ്പായും ഉമ്മായും ഉണ്ടായിരുന്നില്ല. ആയതിനാൽ അവരുടെ വിവാഹം നടത്തിക്കൊടുത്തത് റബ്ബുൽ ആലമീനായ തമ്പുരാനാണ്. ആദംനബിയും ഹവ്വാ ബീബിയുമാണ് ഇന്നു ലോകത്തിലുള്ളവരുടെയും മരിച്ചു പോയവരുടെയും... ആദ്യത്തെ ഉമ്മായും ബാപ്പായും. അവർക്കു മുമ്പ് ഭൂമിയിൽ മനുഷ്യരുണ്ടായിരുന്നില്ല. ആദം നബിയും ഹവ്വാബീബിയും എത്ര കോടി വർഷങ്ങൾക്കു മുമ്പാണ് ഈ ഭൂമിയിൽ ജീവിച്ചിരുന്നതെന്ന് കുഞ്ഞുപാത്തുമ്മയ്ക്കറിഞ്ഞുകൂടാ. ആദം നബിക്കു ശേഷം ഈ ലോകത്തിൽ കോടിക്കണക്കിനു നബിമാരുണ്ടായി... അവരിൽ ഇരുപത്തി അഞ്ചോളം പ്രവാചകന്മാരുടെ പേരുകളേ ഖുർ ആനിലുള്ളൂ. ഭൂഗോളത്തിലുണ്ടായ ജനവിഭാഗങ്ങളുടെ അടുത്തേക്കെല്ലാം ഓരോ പ്രവാചകന്മാരെ അയച്ചിട്ടുണ്ട്. ഉപദേഷ്ടാക്കൾ: നൂഹ്, ഇബ്രാഹിം, ദാവൂദ്, മൂസ, ഈസാ, മുഹമ്മദ്...

മുഹമ്മദ്നബി ഒടുവിലത്തെ പ്രവാചകനാണ്. ഇനി നബിമാരാരും ഉണ്ടാവുന്നതല്ല. മുഹമ്മദ്നബിയോടുകൂടി എല്ലാം നിറവടി ആയിരിക്കുന്നു.

മുഹമ്മദ്നബിയുടെ മൂത്ത മകളുടെ പേര് ഫാത്തിമ എന്നായിരുന്നു. പാത്തുമ്മ എന്നും ആളുകൾ പറയും. ഫാത്തിമാബീവിയെ ഖലീഫാ അലിക്കാണ് മുഹമ്മദ്നബി കല്യാണം കഴിച്ചു കൊടുത്തത്.

അലി വലിയ ധീര വീരശൂരപരാക്രമിയായിരുന്നു. ദുൽഫക്കാർ എന്ന ലങ്കുന്ന ഒരു വാളുണ്ടായിരുന്നു അലിക്ക്. റബ്ബുല് ആലമീനായ തമ്പുരാന്റെ ആജ്ഞപ്രകാരം അലി ആ വാൾ കടലിൽ എറിഞ്ഞു. എല്ലാ മത്സ്യങ്ങളുടേയും കഴുത്ത് അത് അറുത്തു. അതാണ് മീനിന്റെ എല്ലാം കഴുത്ത് രണ്ടു വശത്തും അറുത്തതായി കാണുന്നത്. അന്നു മുതല്ക്കാണ് മീൻ ഇസ്‌ലാമിന് 'ഹലാൽ' ആയത്. ഖലീഫാ അലിക്കു മുമ്പ് ഭൂമിയിലെ ജലാശയങ്ങളിൽ ചെകളയുള്ള മീൻ ഉണ്ടായിരുന്നില്ലേ? കടലിലേക്കു വാൾ എറിയാൻ ദൈവം പറഞ്ഞതായിട്ടാണല്ലോ പറയുന്നത്. ദൈവം പറയുമോ? ഐതിഹ്യമായി വരാം. സത്യമേത്, പൊയ് ഏത്? കുഞ്ഞുപാത്തുമ്മയ്ക്ക് അറിഞ്ഞുകൂടാ. പള്ളിയിൽ വെച്ചുള്ള മുസ്‌ലിയാക്കന്മാരുടെ 'വ അസ്' എന്ന രാപ്രസംഗങ്ങളിൽ കേട്ടതാണ്. അതൊക്കെ ശരിയാണെന്ന് ഉമ്മാ പറഞ്ഞിട്ടുണ്ട്.

കുഞ്ഞുപാത്തുമ്മാ വിചാരിച്ചു. അവളെ കെട്ടാൻ വരുന്ന ചെറുക്കൻ വലിയ 'ശുജാഇ'

ആയിരിക്കുമോ? ഒന്നും അറിഞ്ഞുകൂടാ. ആരോടു ചോദിക്കും? പിന്നെ ഒന്നുള്ളത്... പറയുന്നതു ചെയ്യുക. കൊടുത്തതു സ്വീകരിക്കുക ഇതാണ് ഒരു മുസ്ലിം യുവതിയുടെ കടമ. ഇത് കുഞ്ഞുപാത്തുമ്മാ മനസ്സിലാക്കിയിട്ടുണ്ട്. ഇതു സംബന്ധമായി റബ്ബുൽ ആലമീനായ തമ്പുരാനും അവന്റെ റസൂലായ മുഹമ്മദ് നബിയും എന്തു കല്പിച്ചിട്ടുണ്ട്? അർത്ഥം അറിഞ്ഞുകൂടെങ്കിലും അവൾ ഖുർ ആൻ ഓതീട്ടുണ്ട്. അവളുടെ ബാപ്പായും ഉമ്മായും ഓതീട്ടുണ്ട്. അവളുടെ ഉപ്പുപ്പാ ആയ ആനമക്കാരും ഖുർ ആൻ ഓതീട്ടുണ്ട്. എന്താണ് അതിൽ പറയുന്നതെന്ന് ആർക്കും അറിഞ്ഞുകൂടാ. ലോകത്തിലെ മരങ്ങളെല്ലാം പേനയാക്കി, ലോകത്തിലെ സമുദ്രങ്ങളെല്ലാം മഷിയാക്കി ഖുർ ആന്റെ അർത്ഥം എഴുതുകയാണെങ്കിൽ ഒരധ്യായത്തിന്റെ അർത്ഥം എഴുതിത്തീരും മുമ്പ് മാമരങ്ങൾ തീർന്നു പോകും. സമുദ്രമെല്ലാം വറ്റിപ്പോകും! ഖുർ ആൻ പരിശുദ്ധ ഗ്രന്ഥമാണ്. അതിൽ എല്ലാമുണ്ട്. അത് ആരും എഴുതിയതല്ല. റബ്ബുൽ ആലമീനായ തമ്പുരാൻ ദൈവദൂതനായ ജിബ്രീൽ എന്ന മലക് വഴി മുഹമ്മദ് നബിക്ക് കുറേശ്ശെ ഇറക്കിക്കൊടുത്തതാണ്. നബിക്കു നാല്പതു വയസ്സായപ്പോൾ, മക്കത്തിനടുത്തുള്ള കുന്നിലെ ഹീറാ ഗുഹയിൽ ധ്യാനത്തിൽ ഇരുന്നപ്പോഴാണ് ആദ്യമായി ജിബ്രീൽ എന്ന ദൈവദൂതൻ വന്നു പറഞ്ഞു കൊടുത്തത്. വായിക്കുക, എഴുത്തും വായനയും പഠിക്കുക. അതാണു ദിവ്യവെളിപാടുകളായ ഖുർ ആനിന്റെ തുടക്കം. നബിക്ക് എഴുത്തും വായനയും അറിഞ്ഞുകൂടായിരുന്നു. എങ്കിലും നബിയുടെ മാതൃഭാഷയിലാണ് ഖുർ ആൻ. അത് അറബാണ്. നബി അനുയായികൾക്കു പറഞ്ഞു കൊടുത്ത് ഒട്ടകത്തിന്റെ എല്ലായ വെളുത്ത കൈപ്പത്തിയിലും ഈന്തപ്പനയുടെ ഓലത്തണ്ടിലും തുകലിലും മറ്റും എഴുതിച്ചുവെച്ചു. അറേബ്യ എന്നൊരു രാജ്യമുണ്ടെന്ന് കുഞ്ഞുപാത്തുമ്മാ കേട്ടിട്ടുണ്ട്. അവിടെ മക്കം, മദീനം എന്ന രണ്ടു പുണ്യസ്ഥലങ്ങളുണ്ട്. മക്കത്ത് മുഹമ്മദ് നബി ജനിച്ചു; മരണപ്പെട്ടതും അടങ്ങിയിരിക്കുന്നതും മദീനത്താണ്. അവിടെ മുഹമ്മദ് നബിയുടെ കബറിടമുണ്ട്. ഹജ്ജിനു പോകുന്നവർ കബറിടം സന്ദർശിക്കും.

ബാപ്പായും ഉമ്മായും ഹജ്ജിനു പോകുമ്പോൾ മദീനത്തും പോകും. അവരുടെ കൂടെ പോകാൻ കുഞ്ഞുപാത്തുമ്മായെ കെട്ടുന്ന ആൾ സമ്മതിക്കുമോ? ഇങ്ങനെ അവൾ ചിന്തിച്ചു. രാവും പകലും കുഞ്ഞുപാത്തുമ്മാ ഇതുതന്നെ ഓർക്കും. അങ്ങനെയിരിക്കെ ഒരു ദിവസം ബാപ്പാ വളരെ ക്ഷോഭിച്ചതായി അവൾ കണ്ടു. ബാപ്പായുടെ കണ്ണുകൾ ചുവന്നു. ബാപ്പാ ചിരിച്ചു.

'കളി പടിക്കണവര്!' ബാപ്പാ പറഞ്ഞു: 'വട്ടനടിമേട് കളി പടിക്കണവര്! പടശ്ശോന്റേം മുത്ത്നബീന്റേം നേർച്ചക്കാരീടേം ഒദവി ഒണ്ടായിട്ടു വട്ടനടിമേട് അവരു കളി പടിക്കും!'

എന്തു കളിയാണെന്ന് കുഞ്ഞുപാത്തുമ്മായ്ക്ക് അപ്പോൾ മനസ്സിലായില്ല. ഒരു പുതിയ കേസ്സുകൂടി ബാപ്പായുടെ പേരിൽ കൊടുത്തിട്ടുണ്ട്. 'പള്ളിക്കൈത്താന' ക്കാര്യത്തിനാണ്. സമുദായത്തിന്റെ നേതാവാകണം! അതാണു പ്രശ്നം. പള്ളിയുടെ ഭരണകാര്യങ്ങൾ ബാപ്പായ്ക്കു നോക്കാൻ അവകാശമില്ലത്രേ!

അവകാശം പിന്നെ ആർക്കാണ്? നാട്ടിലെ പ്രമാണിയാണ് എവിടേയും എന്നും 'പള്ളിക്കൈത്താന' ക്കാരൻ. പ്രമാണിയാകണമെങ്കിൽ എപ്പോഴും പണം വേണം. കുഞ്ഞുപാത്തുമ്മായുടെ ബാപ്പായാണ് നാട്ടിലെ ഏറ്റവും മുന്തിയ പണക്കാരൻ. ഒന്നിലധികം

പണക്കാരുണ്ടെങ്കിൽ 'പള്ളിക്കൈത്താന'ത്തിന് എപ്പോഴും വഴക്കുണ്ടാവും. അടിപിടിയും കൊലപാതകവും ഉണ്ടാവും. പിന്നെ കേസായി. അങ്ങനെ നടക്കും. പള്ളി ഉള്ളിടത്തെല്ലാം മിക്കപ്പോഴും കേസുമുണ്ട്. അതെല്ലാം ഇബ്‌ലീസ് എന്ന പഹയന്റെ പണിയാണെന്ന് കുഞ്ഞുപാത്തുമ്മായ്ക്കറിയാം. ഇബ്‌ലീസ് ഇല്ലായിരുന്നെങ്കിൽ ലോകത്തിൽ യാതൊരു കുഴപ്പവും ഉണ്ടാവുകയില്ലായിരുന്നു. ആരാണ് ഇബ്‌ലീസ് എന്ന പഹയൻ?

ഇബ്‌ലീസ് എന്ന പഹയനെപ്പറ്റി കുഞ്ഞുപാത്തുമ്മ ആദ്യമായി കേൾക്കുന്നത് പള്ളിയിൽവച്ചാണ്. അന്നവൾ പള്ളിയിൽ നിസ്കരിക്കാൻ പോയതല്ല. മുസ്‌ലിംസ്ത്രീക്ക് പുരുഷന്മാരോടൊപ്പം പള്ളിയിൽ പോയി നിസ്കരിക്കാൻ പാടില്ലതേ്‌ര! അന്നവൾ പള്ളിയിൽ പോയത് പതിവുപോലെ 'വ അസ്' എന്നു പറയുന്ന രാപ്രസംഗം കേൾക്കാനാണ്. ഒരു മുസല്യാര് വ അസ് പറയുന്നുണ്ടായിരുന്നു. പള്ളിയുടെ മുമ്പിൽ ഒരു വശത്ത് ഒരു പന്തൽ ഇട്ടിട്ടുണ്ടായിരുന്നു. സ്ത്രീകൾക്കിരിക്കാനാണ്. അവിടെ ഇരുന്നാൽ ഒന്നും കാണാൻ വയ്യായിരുന്നു. ആ പന്തലിൽ ഇരുന്നാണ് കുഞ്ഞുപാത്തുമ്മാ ഷൈത്താനായ ഇബ്‌ലീസ് എന്ന പഹയനെപ്പറ്റി കേട്ടത്. മുസ്ല്യാക്കന്മാരുടെ പള്ളിയിൽ വെച്ചുള്ള രാപ്രസംഗങ്ങളിൽ നിന്നാണ് മുസ്‌ലിം സമുദായം മതകാര്യങ്ങൾ മിക്കപ്പോഴും പഠിക്കുന്നത്. മുസ്ല്യാർ ഉച്ചത്തിൽ ഈണക്കത്തോടെ ഇബ്‌ലീസിനെപ്പറ്റി പറഞ്ഞു. അതു മുഴുവനും കുഞ്ഞുപാത്തുമ്മായ്ക്കു നല്ല ഓർമയുണ്ട്:

ഇബ്‌ലീസ് എന്ന പഹയൻ ആരംഭത്തിൽ അതിപ്രധാനിയായ ഒരു മലക് ആയിരുന്നു. ദൈവദൂതൻ. റബ്ബുൽ ആലമീനായ തമ്പുരാന്റെ തിരുസന്നിധിയിൽ സ്വർഗത്തിലങ്ങനെ കഴിഞ്ഞു വരുന്ന കാലത്ത് ഒരു സംഭവമുണ്ടായി.

ഭൂമിയുടെയും മറ്റും സൃഷ്ടിക്കു മുമ്പാണ്. ഐതിഹ്യം ഇങ്ങനെ പോകുന്നു: എല്ലാറ്റിലും മുമ്പ് അല്ലാഹു മുഹമ്മദ് നബിയുടെ ഒളിവിനെ സൃഷ്ടിച്ചു. ഈ അറിവ് എവിടെ നിന്നു കിട്ടി? ഖുർ ആനിൽ ഉള്ളതല്ല. മുസ്‌ലിയാക്കന്മാരോട് ആരും ചോദിച്ചിരുന്നില്ല. കേട്ടതു വിശ്വസിക്കും. ഏതായാലും ഒളിവിന്റെ സൃഷ്ടിക്കുശേഷം അനന്തകോടി യുഗങ്ങൾ കഴിഞ്ഞുപോയി. പിന്നീട് ഭൂമിയേയും നക്ഷത്രങ്ങളേയും സൂര്യചന്ദ്രന്മാരേയും സൃഷ്ടിച്ചു. എല്ലാ പ്രപഞ്ചങ്ങളേയും. മുഹമ്മദ് നബിയുടെ ഒളിവിന്റെ മൂന്നു തുള്ളി വിയർപ്പിൽ നിന്ന് മറ്റു ജീവജാലങ്ങളെ സൃഷ്ടിച്ചു. അതിൽ ആദ്യത്തെ മനുഷ്യനായത് ആദം നബിയാണ്!

മുഹമ്മദ്നബിയുടെ ഒളിവ് ആദംനബിവഴി കോടിക്കണക്കിനു പ്രവാചകന്മാർ വഴി നൂഹ്, ഇബ്‌റാഹിം, മൂസ, ഈസാ എന്നീ നബിമാരിലൂടെ അബ്ദുല്ലയുടെ മുതുകിൽ എത്തി. അബ്ദുല്ലയുടെയും ആമീനയുടെയും മകനായി മുഹമ്മദ് ജനിച്ചു എന്നാണ് ഐതിഹ്യം. ഈ ഐതിഹ്യം എങ്ങനെ ഉണ്ടായി? മുഹമ്മദ് നബിക്ക് എന്തു പ്രത്യേകത? ഭൂഗോളത്തിൽ മനുഷ്യരാശി ഉണ്ടായതിനുശേഷം, പറഞ്ഞില്ലേ്‌ല കോടിക്കണക്കിനു പ്രവാചകന്മാരുണ്ടായിട്ടുണ്ട്. അവരിൽ ഒരാൾ മാത്രമാണ് മുഹമ്മദ് നബി. ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാണ് എന്ന് മുഹമ്മദ് നബി പറഞ്ഞിട്ടുണ്ട്. പ്രത്യേകത ഒന്നുമില്ല. അപ്പോൾ ഈ ആദിസൃഷ്ടിയുടെ ഐതിഹ്യം? ആരോടു ചോദിക്കാനാണ്? മുസ്‌ലിം ജനതയിൽ കുറെ അധികം പേർ വിശ്വസിക്കുന്നു. അങ്ങനെ പോകും. ചോദ്യമില്ല. കേട്ടതെല്ലാം വിശ്വസിക്കും. ബാപ്പായും ഉമ്മായും

കുഞ്ഞുപാത്തുമ്മായും വിശ്വസിക്കുന്നു.

ആദമിനെ സൃഷ്ടിച്ചിട്ട് മറ്റെല്ലാ ജീവജാലങ്ങളോടും, കൂട്ടത്തിൽ മലക്, ജിന്ന് എന്നിവരോടും ആദമിനെ വണങ്ങാൻ പറഞ്ഞു. അതിൽ ആ പ്രധാനിയായ മലക് മാത്രം വണങ്ങിയില്ല. കാരണം, മലക്കുകളെ സൃഷ്ടിച്ചിരിക്കുന്നത് തിയ്യാലാണ്. മനുഷ്യനായ ആദമിന്റെ സൃഷ്ടി മണ്ണുകൊണ്ടുമാണ്.

മണ്ണുകൊണ്ടു സൃഷ്ടിച്ചതിനെ തിയ്യുകൊണ്ടു സൃഷ്ടിച്ചത് വണങ്ങുന്നതു ശരിയാണോ? ഇതാണ് ആ മലക് പ്രധാനി പറഞ്ഞ ന്യായം. ഏതായാലും അനുസരണക്കേടിന് റബ്ബുൽ ആലമീനായ തമ്പുരാൻ ആ മലക്കിനെ ശിക്ഷിച്ചു. സ്വർഗത്തിൽനിന്നു ബഹിഷ്കൃതനായി.

അവനാണ് ഷൈത്താനായ ഇബ്ലീസ് എന്ന പഹയൻ.

കുഞ്ഞുപാത്തുമ്മായ്ക്ക് ഇബ്ലീസിനെപ്പറ്റി വേറെയും ചിലതറിയാം.

മുൻ വൈരാഗ്യം വെച്ചുകൊണ്ട് അവൻ ആദി മാതാ പിതാക്കളായ ആദം നബിയേയും ഹവ്വാ ബീബിയേയും ഭൂമിയിൽ വെച്ചു വഴി തെറ്റിക്കാൻ ശ്രമിച്ചു. അതിനു ശേഷം എല്ലാ ജീവജാലങ്ങളേയും, വിശേഷിച്ച് മുസ്ലിംജനതയെ, വഴിതെറ്റിച്ച് കാഫിറാക്കി നരകപാപികളാക്കാൻ പാടുപെട്ടുകൊണ്ടിരിക്കയാണ്. അവൻ പലേ വേഷത്തിലും നടക്കും. എല്ലാ ഭാഷകളും സംസാരിക്കും. ഏതു രൂപവും അവൻ കൈക്കൊള്ളും. അവന്റെ ഭാഗത്ത് ആളുകളുണ്ടാവണം. അതാണവന്റെ ഉദ്ദേശ്യം. അതിനും ഒരു കാരണമുണ്ട്.

ഇത് കുഞ്ഞുപാത്തുമ്മായുടെ ബാപ്പാ പറഞ്ഞു കേട്ടിട്ടുള്ളതാണ്. ഇസ്ലാമിന് ഒരു പ്രത്യേക വേഷമുണ്ടല്ലോ? ആണാണെങ്കിൽ മുണ്ടുടുക്കുന്നവർ ഇടതുവശം വെച്ചു മുണ്ടുടുക്കണം! തല മൊട്ടയാക്കണം. പാടത്തിന് വരമ്പു വെച്ചമാതിരി താടി അപ്പുറവും ഇപ്പുറവും കത്തികൊണ്ടു വടിച്ചു നിർത്തണം. പെണ്ണാണെങ്കിൽ കാതുകുത്തി അലിക്കത്തിടണം. കുപ്പായം ഇടണം. തലയിൽ തട്ടവും ഇടണം. മുടി ചീകാം. പക്ഷേ, വകഞ്ഞുവെക്കരുത്!

ഇതിനെതിരായി ആയിടെ ഒരു മുസ്ലിം യുവാവ് പ്രവർത്തിച്ചു. അയാൾ മുടി വളർത്തി, ക്രോപ്പു ചെയ്തു. അതു വകഞ്ഞും വെച്ചു!

ബാപ്പാ ആ ചെറുപ്പക്കാരനെ വിളിപ്പിച്ച് ഒസ്സാനെക്കൊണ്ട് മുടി വടിപ്പിച്ചുകളഞ്ഞു. എന്തിന്? മുടി ആരു സൃഷ്ടിച്ചു? എന്തിനു സൃഷ്ടിച്ചു? ആരും ചോദിക്കുകയില്ല. മുടി വടിപ്പിച്ചുകളഞ്ഞിട്ട് വട്ടനടിമ പറഞ്ഞു:

'വട്ടനടിമേന്റെ റൂഹ് ഒള്ളടത്തോളം കാലം പടശ്ശോന്റേം മുത്തനബീന്റേം ഒതക്കോണ്ടായിട്ട് ഇസ്ലാം ദീദിനെ പൊളിക്കാൻ വട്ടനടിമ സമ്മതിക്കുകേല!'

എന്താണെന്നുവെച്ചാൽ മുടി വളർത്തി ക്രോപ്പു ചെയ്യിക്കുന്നത് ഇബ്ലീസിന്റെ കൂട്ടരാണ്! കാഫ്രീങ്ങൾ! അതുകൊണ്ട് സൂക്ഷിക്കണം. അവൻ തലയിൽ കയറിയിരിക്കും. അതിനാണു തൊപ്പി. തൊപ്പിയില്ലെങ്കിൽ തലയിൽ കെട്ടിയാലും മതി. ഒന്നുമില്ലെങ്കിലും തലയിൽ കെട്ടുന്നത് ഒരന്തസ്സാണ്. യോഗ്യത!

എന്നാൽ, ബാപ്പാ തൊപ്പി ഇടുകയോ തലയിൽ കെട്ടുകയോ ചെയ്യാറില്ല. നിസ്കരിക്കുമ്പോൾ മാത്രം ബാപ്പാ തല മറയ്ക്കും. ഇടയ്ക്കുള്ള സമയത്ത് ഇബ്ലീസ്

ബാപ്പായുടെ തലയിൽ കയറി ഇരിക്കുമോ? അങ്ങനെയുള്ള സംശയത്തിനു വകയില്ല.

വട്ടനടിമയുടെ അടുത്തു വരാൻ ഇബ്ലീസ് ധൈര്യപ്പെടുമോ?

എന്തായാലും കുഞ്ഞുപാത്തുമ്മാ എപ്പോഴും തല മറയ്ക്കും. ഉമ്മായും തല മറയ്ക്കും. മുടി ചീകാറുണ്ടെങ്കിലും അത് കാഫ്രിച്ചികളെപ്പോലെ വകഞ്ഞുവെക്കാറില്ല.

എല്ലാം മുസ്ലിയാക്കന്മാർ രാപ്രസംഗങ്ങളിൽ പറഞ്ഞു കൊടുത്തതുപോലെ 'തണ്ണിഫത്തിൽ' ജീവിച്ചുവരുന്നു. ആർക്കും ഒരറിവുമില്ല. എഴുത്തും വായനയുമറിഞ്ഞുകൂടാ. ഗ്രന്ഥങ്ങളുണ്ട്. അത് അറബിഭാഷയിലാണ്. അറബി ഭാഷ പഠിച്ചവരാണ് മുസ്ലിയാക്കന്മാർ. അവർ പറയുന്നതു വിശ്വസിക്കുക. അവരെ അനുസരിക്കുക. അവർ പറഞ്ഞുതരും. അവർ പറഞ്ഞുകൊടുത്ത ഒരു സംഗതി ബാപ്പാ പറഞ്ഞു. അതു വിശപ്പിനെപ്പറ്റിയാണ്. ബാപ്പാ പറഞ്ഞു:

ആദിയിൽ സൃഷ്ടിക്കു ശേഷം എല്ലാ ജീവജാലങ്ങളുടെയും ആത്മാക്കളോട് അല്ലാഹ് ചോദിച്ചു:

'നിങ്ങളുടെ സ്രഷ്ടാവാര്?'

എല്ലാം പറഞ്ഞു:

'ഞങ്ങൾക്കു സ്രഷ്ടാവില്ല!'

'അല്ലാഹ് എല്ലാറ്റിനേയും ശിക്ഷിച്ചു. അനേക വിധത്തിൽ ശിക്ഷിച്ചു. അനേക കാലം ശിക്ഷിച്ചു.'

എന്നിട്ടും ആരും സമ്മതിച്ചില്ല.

ഒടുവിൽ എല്ലാറ്റിനും റബ്ബുൽ ആലമീനായ തമ്പുരാൻ വിശപ്പിന്റെ കഠിന ശിക്ഷ കൊടുത്തു!. അങ്ങനെ അന്നു മുതല്ക്കാണ് വിശപ്പുണ്ടായത്! അന്നു വിശപ്പിന്റെ ശിക്ഷ കൊടുത്തയുടനെ എല്ലാം സമ്മതിച്ചു:

'അല്ലാഹുവാണു ഞങ്ങളുടെ സ്രഷ്ടാവ്!'

അന്നത്തെ ആ സമ്മതപത്രം ഒരു കല്ലിന്റെ ഉള്ളിലാക്കി. ഇനി ആ കല്ല് ക്യാമം എന്നു പറയുന്ന അവസാന നാളിൽ ആത്മാക്കളെ വിസ്തരിക്കുമ്പോൾ സാക്ഷിയായി എടുക്കപ്പെടും. ആ കല്ലിന്റെ പേരാണ് ഹജറുൽ അസ്വദ്. ആ കറുത്ത കല്ല് മക്കത്തുള്ള കഅ്ബയിലുണ്ട്. അത് കഅബം പ്രദക്ഷിണം വെക്കുമ്പോൾ എത്ര പ്രാവശ്യമായി, എന്നറിയാൻ അടയാളത്തിനു വേണ്ടി മാത്രം വെച്ച വെറുമൊരു കറുത്ത കല്ലാണെന്നും പറയുന്നു. ഏതായാലും ഹജ്ജ് ചെയ്യാൻ പോകുന്നവർ അതു തൊട്ടു മൊത്തുന്നുണ്ട്. ബാപ്പായും ഉമ്മായും അതു തൊട്ട് മൊത്താതിരിക്കയില്ല. കുഞ്ഞുപാത്തുമ്മായ്ക്ക് ഹജ്ജിന് പോകാനും ആ കല്ല് തൊട്ട് മൊത്താനും സാധിക്കുമോ? എന്തെങ്കിലും കുഴപ്പം വരുകയാണെങ്കിൽ അത് ഇബ്ലീസ് എന്ന പഹയന്റെ പണിയായിരിക്കും. ദൈവത്തിനു മഹാശക്തനായ ഒരു എതിരാളി! അവൻ മാനുഷകുലത്തെ ദുർമാർഗത്തിലേക്കു നയിക്കുന്നു. നാശത്തിലേക്ക്... അവൻ കുഴപ്പം അടിക്കടി ഉണ്ടാക്കുകയും ചെയ്യു!

'റബ്ബുൽ ആലമീനായ തമ്പുരാനേ!' കുഞ്ഞുപാത്തുമ്മാ പ്രാർഥിക്കും: 'ഇബ്ലീസ് എന്ന പഹയന്റെ ശർറിൽ നിന്നും ഞങ്ങളെ ഒഴിവാക്കണേ!'

‘ഞാൻ...ഞാൻ എന്നു പറഞ്ഞഹങ്കരിച്ച രാജാക്കന്മാരും മറ്റും എവിടെ?’

കുഞ്ഞുപാത്തുമ്മാ ചമഞ്ഞൊരുങ്ങി ഇരിക്കയാണ്. കൈയിലും കാലിലും മൈലാഞ്ചി ഇട്ടു ചുവപ്പിച്ച് കണ്ണുകളിൽ ‘സുറമയിട്ടു’ കറുപ്പിച്ച്—അദ്ഭുതകരമായ ഒരു പ്രതീക്ഷയിൽ അങ്ങനെ കഴിഞ്ഞുവരുന്നു.

‘ആരാണു വരുന്നത്!’

ആദ്യമാദ്യം കല്യാണം ഒരു തമാശപോലെയാണ് അവൾക്കു തോന്നിയത്. വെറ്റില മുറുക്കി ചുണ്ടു ചുവപ്പിച്ച് ‘കാര്യസ്ഥി’ യാകാം. കാതുകളിൽ പൊന്നലിക്കത്തിടാം. ഉമ്മാബാപ്പാമാരോടു കൂടി ഹജ്ജിനു പോകാം. പക്ഷേ... അതിന്... ആ വരുന്ന ആൺപിറന്നോൻ സമ്മതിക്കുമോ?

എന്നാൽ കെട്ടാൻ വരുന്ന ആൺപിറന്നോന്മാരൊന്നും ആനമക്കാരുടെ പ്രിയപ്പെട്ട മകളുടെ പ്രിയപ്പെട്ട മകൾക്കു ചേർന്നതല്ല! ചിലർക്കു പണം പോരാ; ചിലരുടെ കുലം അത്ര മുന്തിയതല്ല!

അങ്ങനെ ദിവസങ്ങൾ നീങ്ങി. നീങ്ങിപ്പോകുന്നു. കുഞ്ഞുപാത്തുമ്മായ്ക്കു പ്രായം കൂടിക്കൂടി വരികയാണ്. അപ്പോഴത്തേക്കും അവൾക്കു ചെറിയ ഒരാഗ്രഹം. അതങ്ങനെ വ്യക്തമായി ഒന്നുമില്ല. മനസ്സിലെന്തോ ഒരു വിഷമംപോലെ. കെട്ടാൻ പോകുന്ന ആൺപിറന്നോനെ മുമ്പേകൂട്ടി അവൾക്കൊന്നു കാണണം. കണ്ടാൽ മതി.

എന്നാൽ, ഈ ആഗ്രഹം അവൾ ആരെയും അറിയിച്ചില്ല. പോക്കണംകേടല്ലേ? മുസ്ലിംവനിതകൾക്ക് ഒട്ടും ചേർന്നതല്ല. എങ്കിലും ആ ആഗ്രഹം അടിക്കടി വളർന്നുവരികയാണ്. ചുമ്മാ ഇരുന്നു സ്വപ്നം കാണുകയല്ലാതെ അവൾക്കു ചെയ്യാനെന്തുണ്ട്? വീട്ടിൽ അഞ്ചാറു വേലക്കാരികളുണ്ട്. വലിയ ശബ്ദകോലാഹലമാണ്. ഇടയ്ക്കിടയ്ക്ക് ഉമ്മായുടെ ‘മെതിയടി’ യുടെ ‘ക്ടോ! ക്ടോ!’ ശബ്ദം കേൾക്കാം. അപ്പുറത്ത് ബാപ്പായുടേയും. അവിടെ വളരെ ആണുങ്ങൾ കൂടിയിട്ടുണ്ട്. അവരെന്താണു പറയുന്നത്?

അവൾക്കു മനസ്സിലാകുന്ന വിഷയങ്ങളല്ല. കോടതി, വക്കീലന്മാര്, എതിർ സാക്ഷികൾ, കൈക്കൂലി—അങ്ങനെ എന്തെല്ലാമോ. ചിലപ്പോൾ അവളുടെ കല്യാണക്കാര്യവും വരും. അവളുടെ ഓരോ അണുവും അതു ശ്രദ്ധിക്കാൻ ശ്രമിക്കും. പക്ഷേ, അവൾക്കനങ്ങാൻ വയ്യ. കുഞ്ഞുപാത്തുമ്മാ അനങ്ങിയാൽ ലോകം അറിയും. അതിലവൾക്കു നാണവുമുണ്ട്. അവൾ ശ്വാസം കഴിച്ചാൽ കൂടി ‘ക്ലോ’!’ എന്നു ശബ്ദമുണ്ടാകും. നടക്കുകയാണെങ്കിൽ പിന്നെ പറയേണ്ട! ‘ക്ലോം!’ ച്ലോം! പ്ലോം!’ എന്നാണ്. ഇത്ര അധികം ആഭരണങ്ങളെന്തിന്? ഇതാരെ കാണിക്കാൻ? വേണമെങ്കിൽ കുറെ അഴിച്ചുവെക്കാം. പക്ഷേ, പെണ്ണു കാണാൻ വരുന്ന പെണ്ണുങ്ങൾ എപ്പോഴാണ്

കയറിവരുന്നതെന്നറിഞ്ഞുകൂടാ. സ്വർണാഭരണങ്ങൾ കുറഞ്ഞു കാണുന്നതു പോക്കണംകേടല്ലേ?

വന്ന പെണ്ണുങ്ങളൊക്കെ പൊന്നിൽ മുങ്ങിയാണ് വന്നത്. എല്ലാം കാര്യസ്ഥികൾ. എന്തെല്ലാം ചോദ്യങ്ങളാണവർ ചോദിക്കുന്നത്! സംശയങ്ങളുടെ ബഹളം... ചിലർ അവളുടെ വായ് പൊളിച്ചു നോക്കിയിട്ടുണ്ട്. പല്ലെല്ലാം ശരിക്കുണ്ടോ? ഉള്ളത് പുഴു തിന്നതാണോ?

അവളുടെ പല്ലുകൾക്കൊന്നിനും കേടില്ല. ശരിക്കു പല്ലുകൾ സുന്ദരമായി എല്ലാം തന്നെയുണ്ട്.

പിന്നെ ചിലർക്ക് കുഞ്ഞുപാത്തുമ്മാ പൊട്ടിയാണോ എന്നറിയണം. അല്ലെങ്കിൽ അവൾക്കറിവുണ്ടോ എന്നറിയണം. അതിനവർ ഓരോ ചോദ്യങ്ങൾ ചോദിക്കും:

'ഞമ്മളെ പടച്ചതാര്?' ഒരുത്തി ചോദിച്ചു.

കുഞ്ഞുപാത്തുമ്മ പറഞ്ഞു:

'അല്ലാഹ്.'

പ്രപഞ്ചങ്ങളായ പ്രപഞ്ചങ്ങളെയും ജീവജാലങ്ങളായ എല്ലാ ജീവജാലങ്ങളെയും സൃഷ്ടിച്ചത് അല്ലാഹ് ആണല്ലോ.

'ക്യാമത്തിന്റെ അടയാളങ്ങൾ എന്തെല്ലാം?'

ലോകാവസാനത്തിന്റെ അടയാളങ്ങൾ എന്തെല്ലാമാണെന്നാണ്. ഈ ലോകം ഒരിക്കൽ നശിക്കും. അത് നേരത്തെ അറിയുന്നതിനു ചില അടയാളങ്ങളുണ്ട്. അത് കുഞ്ഞുപാത്തുമ്മാ വിസ്തരിച്ചങ്ങു പറയും... താണവർ ഉയരും. ഉയർന്നവർ താഴും. നുണകൾ പെരുക്കും. ദൈവവിശ്വാസം പോകും. മതങ്ങൾ ഇല്ലാതാവും. മാതാപിതാക്കളെ അനുസരിക്കില്ല. ഗുരുക്കന്മാരെ വണങ്ങുകില്ല. മൂതിർന്നവരെ പരിഹസിക്കും. സ്ത്രീകൾക്ക് അടക്കമൊതുക്കവും നാണവും ഇല്ലാതാവും. ആർക്കും ആരേയും ബഹുമാനം കാണുകില്ല. ആരും ആരേയും വിശ്വസിക്കില്ല. സ്നേഹം ഇല്ലാതാവും. പക പെരുക്കും. കാഠിന്യം അധികരിക്കും. രാജാക്കന്മാരും ഭരണാധികാരികളും മഹാ ക്രൂരന്മാരാകും. ലോകം അടക്കി ഭരിക്കാൻ മോഹം പെരുകും. സർവനാശകാരികളായ ആയുധങ്ങളോടെ ഘോരഘോരമായ യുദ്ധങ്ങളുണ്ടാവും... അപ്പോഴും ലോകം നശിക്കില്ല. ഇതു നശിപ്പിക്കാൻ അല്ലാഹുവിനു മാത്രമേ കഴിവുള്ളു. ക്യാമം അടുക്കുന്നതിനു കുറെ അധികം വർഷങ്ങൾക്കു മുമ്പുതന്നെ മനുഷ്യർ മറവി എന്ന സംഭ്രമജനകമായ അവസ്ഥയിൽ പെട്ടു കുഴങ്ങും... ആയിടെ ഒരു ദിവസം സൂര്യൻ ഉദിച്ച ഉടനെ മനുഷ്യർ അവരവരുടെ പ്രവൃത്തിക്കു പോകുവാൻ ഒരുങ്ങിനില്ക്കുന്ന മധ്യേ പെട്ടെന്നൊരു ശബ്ദം വളരെ നീളത്തിൽ, ഉച്ചത്തിൽ ലോകവാസികൾ കേൾക്കും.

'ആഹാ... ഇതെന്തൊരു ശബ്ദം?' എന്നവർ അദ്ഭുതപ്പെടും... അതാണ് അവസാനത്തിന്റെ സൂർ എന്ന കാഹളം!

ഇസ്രാഫീൽ എന്ന മലക് ആണ് ഈ ശബ്ദമുണ്ടാക്കുന്നത്. അതൊരു കുഴലിൽക്കൂടിയാണ്. ആ കുഴലിന് ലോകത്തിലുള്ള എല്ലാ ജീവജാലങ്ങളുടെയും എണ്ണം അനുസരിച്ച് ദ്വാരങ്ങളുണ്ട്... ആ ശബ്ദങ്ങൾ കേട്ട മനുഷ്യർ നാനാ ഭാഗങ്ങളിൽനിന്നും ഓരോരോ സ്ഥലങ്ങളിൽ ഒരുമിച്ചുകൂടി പരിഭ്രമത്തോടെ ചോദിക്കും:

‘ഇതെവിടെ നിന്നു വരുന്നു?’

ആ ശബ്ദങ്ങൾ ക്രമേണ വർധിച്ചു വർധിച്ച് ഇടിവെട്ടുംവണ്ണം കഠിനമായിത്തീരും. ജീവജാലങ്ങൾ പരിഭ്രാന്തചിത്തരായി അലയും. ശബ്ദങ്ങൾ പിന്നെയും ഘോരഘോരമാവും. മനുഷ്യരും മറ്റു ജീവജാലങ്ങളും ഓരോന്നായും കൂട്ടത്തോടെയും മരിച്ചു വീഴുവാൻ തുടങ്ങും. ഭൂമി കുലുങ്ങും. പൊട്ടിത്തെറിക്കും. സമുദ്രങ്ങളെല്ലാം വെട്ടിപ്പതച്ച് രാജ്യങ്ങളിൽ കയറും. മലകളും പർവതങ്ങളും ലക്ഷം ലക്ഷം കഷണങ്ങളായി പൊട്ടിത്തെറിക്കും. കൊടുങ്കാറ്റുളവാകും. ലോകത്തിൽനിന്നു തീ നിശ്ശേഷം അണഞ്ഞുപോകും. നക്ഷത്രങ്ങളും സൂര്യചന്ദ്രന്മാരും തണുത്തു തകർന്ന് കരിയായിപ്പോകും. എല്ലാം നശിക്കും. സൗരയൂഥങ്ങളും, അണ്ഡകടാഹവും... ഒന്നും അവശേഷിക്കില്ല. എല്ലാം തകർന്നു പൊടിഞ്ഞു പാറിപ്പോകും. അനന്തമായ ശൂന്യത. ശൂന്യത... ഒടുവിൽ... ഒടുവിൽ റബ്ബുൽ ആലമീനായ തമ്പുരാൻ മാത്രം അവശേഷിക്കും. അപ്പോൾ അവൻ പറയും:

‘ഞാൻ... ഞാനെന്നു പറഞ്ഞഹങ്കരിച്ച രാജാക്കന്മാരും മറ്റും എവിടെ?’

ശൂന്യത, മഹാശൂന്യത.

ഈ വിധം കോടാനുകോടി യുഗങ്ങൾ അവൻ മാത്രമായി കഴിയും...... പിന്നീടും ഭൂമിയെ സൃഷ്ടിക്കും. നക്ഷത്രങ്ങളും സൂര്യചന്ദ്രന്മാരുമുണ്ടാവും. എല്ലാ ആത്മാക്കളേയും വീണ്ടും ഉയർത്തപ്പെടും. പിന്നെ ശിക്ഷ, രക്ഷ... എല്ലാം വിശദമായി കുഞ്ഞുപാത്തുമ്മാ പറഞ്ഞു കേൾപ്പിക്കും. അവൾക്കിതെല്ലാം കാണാപ്പാഠം തന്നെയാണ്.

ഇങ്ങനെ ചോദ്യങ്ങൾ ചോദിക്കുന്നതും അവളെ പരിശോധിക്കുന്നതും അവളെ കാണാൻ വരുന്നതും... മകനു വേണ്ടി; അല്ലെങ്കിൽ ആങ്ങളയ്ക്കു വേണ്ടി.

അവൾക്കും ഒരു കുഞ്ഞാങ്ങളയുണ്ടായിരുന്നെങ്കിൽ...! ഒരിക്കൽ അവൾക്കും ചില വീടുകളിൽ കയറിച്ചെന്നു ചില ചോദ്യങ്ങൾ ചോദിച്ച് വലിയ ‘കാര്യസ്ഥി’യാവാമായിരുന്നു. ഒരു മുസ്ലിം വനിതയ്ക്ക് അറിയേണ്ടതെല്ലാം അവൾക്കറിയാം. ഈണക്കത്തോടെ അവൾ ഖുർആൻ ഓതും. ഖുർആൻ അല്ലാഹുവിന്റെ വചനങ്ങളാണല്ലോ. ഖുർ ആൻ തൊടണമെങ്കിൽ ദേഹം ശുദ്ധി വരുത്തണം. അതിന് ഒന്നുകിൽ കുളിക്കണം; അല്ലെങ്കിൽ ‘ഒസു’ എടുക്കണം. അതിനു ചില അറബു വാക്യങ്ങൾ ഉച്ചരിച്ചുകൊണ്ട് കൈകൾ, വായ്, മൂക്ക്, മുഖം, ചെവികൾ, നിറുക, പാദങ്ങൾ—ഇത്രയും മുമ്മൂന്നു പ്രാവശ്യം ശുദ്ധജലത്തിൽ കഴുകണം. പിന്നെ അവൾക്കു നിസ്കരിക്കാനറിയാം. സുബഹ്, ള്ഹ്ർ, അസർ, മഗ്രിബ്, ഇശാ —ഇങ്ങനെ അഞ്ചു തവണ. അദൃശ്യനായ സ്രഷ്ടാവിന്റെ മുമ്പിൽനിന്നുള്ള പ്രാർഥന. ഇതു കൂടാതെ ‘ഇസ്ലാം കാര്യം’, ‘ഈമാൻ കാര്യം’ ഇതെല്ലാം അവൾക്കറിയാം. അവളെ തോല്പിക്കുവാൻ ആർക്കും സാധ്യമല്ല പെണ്ണു കാണാൻ വന്നവരിൽ ഒരു കാര്യസ്ഥി ചോദിച്ചു:

‘ആയിഷാബീബി ആരാർന്ന്?’

കുഞ്ഞുപാത്തുമ്മാ പറഞ്ഞു:

‘മുത്ത്നബീന്റെ ബീടര്!’

മുഹമ്മദ്നബിയുടെ ഭാര്യമാരിൽ ഒരാളായിരുന്നു ആയിഷാബീബി.

'ആയിഷാബീബീന്റെ കാതു കുത്തീരുന്നോ?'

'കുത്തീര്ന്ന്.'

'എതേ്രലിക്കത്ത് ഒണ്ടാർന്ന്?'

കുഞ്ഞുപാത്തുമ്മാ പറഞ്ഞു:

'സുബർക്കത്തീന്ന് ജിബ്രീൽ (അലൈസ്സലാം) മുത്തുക്കൊല കൊണ്ടുവന്ന് റസൂൽ സല്ലല്ലാഹു അലൈഹി വസല്ലമിന്റെ കയ്യീ കൊടുത്ത്. മുത്ത്നബി അത് ആയിഷാബീബീട കാതിലിട്ട്!'

അവളുടെ കാതുകളിൽ മുത്തുക്കൊലയല്ല ഇട്ടിരിക്കുന്നത്. രണ്ടിലും കൂടി ഇരുപത്തൊന്നു സ്വർണ വളയങ്ങളുണ്ട്. അതിൽ ഓരോന്നിലും സ്വർണത്തിന്റെ ലോലമായ ചെറിയ ആലിലമാതിരി ഇരുപത്തിയൊന്ന് അരിശലയും. അതെല്ലാം കാറ്റു തട്ടിയാൽ ചെറു ശബ്ദത്തോടെ അനങ്ങും.

അവളുടെ തട്ടുകാതിൽ രണ്ടു പൊൻ 'തക്ക'കളുണ്ട്. അതിലുമുണ്ട് തൂങ്ങിക്കിടക്കുന്ന രണ്ടു പൊൻ 'അരിശല'കൾ. കഴുത്തിൽ പൊൻമാലകൾക്കു പുറമെ ഒരു തടിയൻ പൊൻ പീച്ചിങ്ങ. ഉമ്മായുടെ കഴുത്തിലുള്ളമാതിരി താലിപ്പൂട്ടില്ല. അത് കല്യാണത്തിനു ശേഷമേ ഇടൂ. അവളുടെ കൈകളിൽ പൊന്നിന്റെ 'കിലുങ്ങാമ്പള'കളുണ്ട്. വിരലിൽ മോതിരമുണ്ട്. അത് ബാപ്പാ ഇട്ടിരിക്കുന്ന മാതിരി തമ്പാക്കിന്റെയല്ല. ഇസ്ലാമായ ആൺമ്പ്രന്നോന്മാർക്കു തനി സ്വർണം ഉപയോഗിക്കാൻ പാടില്ല.

കുഞ്ഞുപാത്തുമ്മായുടെ വിരലിലുള്ള മോതിരം കട്ടിസ്വർണമാണ്. ആനക്കണ്ണൻ മോതിരമാണത്. അവളുടെ അരയിൽ പൊന്നിന്റെ തുടലുണ്ട്. അതിൽ ധാരാളം 'ഏലസും കടുക്കേം' ഉണ്ട്. പിന്നെ അവളുടെ കാലുകളിൽ ഉള്ളു പൊള്ളയായ പൊന്തൻ പൊൻ 'ശെലമ്പ്'ണ്ട്. അതിനകത്തുനിന്നാണ് നടന്നാൽ ശബ്ദങ്ങള് അധികമായി കേൾക്കുന്നത്. അതിന്റെ അകത്ത് എന്താണെന്ന് അവൾക്കറിഞ്ഞുകൂടാ. പൊൻതരികളോ, മൺതരികളോ... എന്തോ ഉണ്ട്.

അതാണു നടക്കുമ്പോൾ ശബ്ദമുണ്ടാക്കുന്നത്.

അവൾ ചുമ്മാ ഇരിക്കും. വിശക്കാതെയാണ് അവൾ ഉണ്ണുന്നത്. ഉറക്കം വരാതെയാണ് അവൾ കിടക്കുന്നത്.

അവൾ ആ വലിയ കെട്ടിടത്തിന്റെ നടുമുറ്റത്തു നിലാവുള്ള രാത്രികളിൽ നില്ക്കും. മനസ്സിൽ നേരിയതായ ഒരു വിഷാദം. അതിനെന്താ കാരണം? കുഞ്ഞുപാത്തുമ്മായ്ക്ക് അറിഞ്ഞുകൂടാ. അവൾ വിചാരിക്കും, ചുമ്മാ തോന്നലാണിത്. അവൾക്കു വേണ്ടതെല്ലാമുണ്ട്. എന്നിട്ടവൾ നക്ഷത്രങ്ങൾ നിറഞ്ഞ ആകാശത്തു നോക്കി മന്ദഹസിക്കാൻ മുതിരും. ഉമ്മാ അകത്തേക്കു വിളിക്കും. അവിടെ അങ്ങനെ നില്ക്കാൻ പാടില്ല! ആരെങ്കിലും കാണുകിലേ്ല?

'ആഹാജത്ത് ആരാ ഉമ്മാ?'

ഉമ്മാ പറയും:

'ഇഫ്രീത്തും ജിന്നും ഷൈത്താനും!'

ആകാശത്തുകൂടി പറന്നു പോകുന്ന വല്ല അദൃശ്യ ജീവികളും അവളെ

കണ്ടെങ്കിലോ?

കാണുന്നതുപോലെ ആകാശം ശൂന്യമല്ല! മലക്, ജിന്ന്, ഇഫ്രീത്ത്, ഷൈത്താൻ — കൂടാതെ ഇബ്‌ലീസെന്ന പഹയനും ആകാശത്തുകൂടി പറന്നുപോകും. അങ്ങനെ പോകുന്ന പോക്കിൽ കുഞ്ഞുപാത്തുമ്മായെ കാണുകയാണെങ്കിൽ— ചിലർ മോഹിച്ച് അവളുടെ ദേഹത്തു കൂടും!

അവൾ അകത്തേക്കു പോരും.

'മനുഷ്യരോ, മലകളോ, ജിന്നോ ആരെങ്കിലും അവളെ കാണുന്നതിൽ അവൾക്കു വിരോധമില്ല. എന്നാലും അവളൊരു മുസ്‌ലിം വനിതയല്ലേ?

അവളൊരു തടവുകാരിയാണ്. കാറ്റും വെളിച്ചവും അവൾക്കു പാടില്ല. അവൾ വിങ്ങിപ്പൊട്ടുന്നു. കുപ്പായങ്ങൾ പാകമല്ലാതെ വരുന്നു. അവൾ എന്തെല്ലാമോ കിനാവുകൾ കണ്ടുണരുന്നു. അതാരോടും പറയത്തക്കതല്ല. അവളുടെ ഓരോ അണുവിനേയും അതു ചൂടുപിടിപ്പിക്കുന്നു. ഇങ്ങനെ കിനാവുകളിലൂടെ കുഞ്ഞുപാത്തുമ്മ ഇരുപത്തിയൊന്നാമത്തെ വയസ്സിലെത്തി. അപ്പോഴത്തേക്കും അവളുടെ ജീവിതത്തിൽ വ്യക്തമായി ചിലതു സംഭവിക്കുകയാണ്.

അവളുടെ പൊൻപണ്ടങ്ങളെല്ലാം ബാപ്പാ അഴിച്ചു വാങ്ങിച്ചു. ഉമ്മായുടേതും എടുത്തു. എല്ലാം തുക്കിവിറ്റ് കേസ് നടത്തുകയാണ്!

കുഞ്ഞുപാത്തുമ്മായുടെ കാതുകളും കഴുത്തും അരയും കൈകാലുകളും ഒഴിഞ്ഞു. എന്നും ബാപ്പായും പരിവാരങ്ങളും കച്ചേരിയിലാണ്. കേസ് നടത്തുന്നു, ഒടുവിൽ ഒരു നടുക്കത്തിന്റെ വക്കിലായി. കേസ് ബാപ്പാക്കു ദോഷമായി വിധിച്ചു!

അപമാനവും പരാജയവും. അങ്ങനെ അവർ പോകേണ്ടി വന്നിരിക്കുന്നു!

എങ്ങോട്ട്?

ഒരു സന്ധ്യ, അന്ന് നേരത്തേ നിലാവും ഉദിച്ചുപൊന്തി.

ജനിച്ചു വളർന്ന വീടിനോട് കുഞ്ഞുപാത്തുമ്മ അവസാന യാത്രയും പറഞ്ഞു. അവർ ഇറങ്ങി. നീണ്ടു നിവർന്ന് ബാപ്പാ മുമ്പ്, മുഖവും കുനിച്ച് കണ്ണീരോടെ ഉമ്മാ പിറകെ. യാതൊരു വികാരവും കൂടാതെ കുഞ്ഞുപാത്തുമ്മ എല്ലാറ്റിലും പിറകെ. ജനങ്ങൾ കാൺകെ പൊതുനിരത്തിൽ അവർ ഇറങ്ങി. പള്ളിയുടെ അടുത്തുകൂടി അവർ നദീവക്കത്തെത്തി.

ലോകത്തിനൊന്നും സംഭവിച്ചിട്ടില്ല. പക്ഷേ... അവരുടെ ഭൂതം, വർത്തമാനം, ഭാവി... എല്ലാം തകർന്നുപോയിരിക്കുന്നു. എന്നാലും... നിലാവെളിച്ചത്തിൽ നദിയും മണൽപ്പുറവും തെളിഞ്ഞുകിടക്കുന്നു... വെള്ളത്തിൽ ആളുകൾ കുളിക്കുന്നു... മണൽപ്പുറത്ത് ചിലർ കൂടിയിരുന്ന് ചിരിച്ചുല്ലസിച്ചു വെടി പറയുന്നു...... ലോകത്തിനൊന്നും സംഭവിച്ചിട്ടില്ല. പക്ഷേ, വട്ടനടിമയുടെയും ഭാര്യയുടെയും മകളുടെയും ജീവിതം ആകെ തകർന്ന മട്ടിലായി.

ലോകത്തിനൊന്നും സംഭവിച്ചിട്ടില്ല.

കുഞ്ഞുപാത്തുമ്മ ഉമ്മാബാപ്പാമാരുടെ പിറകെ എങ്ങോട്ടെന്നറിയാതെ നടന്നുപോയി. അവളുടെ കാലുകൾ കുഴഞ്ഞു: ദേഹം തളർന്നു. എങ്കിലും അദ്ഭുതങ്ങൾ നിറഞ്ഞ ലോകം.

ജനശ്ശൂന്യമായ പെരുവഴി.

നിലാവിലൂടെ അവൾ പിറകെ നടന്നു. ലക്ഷ്യം എവിടെയാണ്? ഈ രാത്രി അവസാനിക്കുകയില്ലേ?

പഴയ രണ്ടു മെതിയടികൾ

കുഞ്ഞുപാത്തുമ്മായ്ക്ക് എന്തെന്നില്ലാത്ത സന്തോഷമാണ തോന്നിയത്. പ്രതികാരമോ പ്രതിഷേധമോ നിറഞ്ഞ സന്തോഷം. സംഭവിച്ചിരിക്കുന്നതു വലിയ ഒരാപത്താണ്. എന്നാലും ജനങ്ങളെ കാണാം. ശുദ്ധവായു ശ്വസിക്കാം, സൂര്യപ്രകാശത്തിൽ നില്ക്കാം, നിലാവെളിച്ചത്തിൽ മുങ്ങാം, ഓടാം, ചാടാം, പാട്ടുപാടാം. പാട്ടൊന്നും അറിഞ്ഞുകൂടെങ്കിലും — എന്തിനും അവൾക്കു സ്വാതന്ത്ര്യമുണ്ട്. മലക്, ജിന്ന്, ഇഫ്രീത്ത്, ഇൻസ്— ആരും വരട്ടെ!

അദ്ഭുതമെന്നേ പറയേണ്ടു. ആരും വന്നില്ല! പണമില്ലാത്തവരെ ആർക്കു വേണം?

ആ വിശ്വാസത്തിൽ കുഞ്ഞുപാത്തുമ്മായ്ക്ക് അടിയുറച്ചു നില്ക്കാൻ കഴിഞ്ഞില്ല. പണമില്ലെങ്കിലും അവളിൽ യുവത്വമുണ്ട്, സൗന്ദര്യമുണ്ട്. ചില പുരുഷന്മാർ അവളിൽ താൽപര്യം കാണിച്ചു തുടങ്ങി. ചിലര് അവളെ നോക്കി കണ്ണിറുക്കും! ചിലര് നാണയങ്ങൾ കാണിക്കും.

അതൊന്നും നല്ലതിനല്ലെന്ന് അവൾക്കറിയാം. നാശത്തിലേക്കുള്ള വിളി! അവരോടെന്താ ചെയ്യുക? അവൾ ആരുടെയും ശ്രദ്ധയിൽപ്പെടാതെ പുളിമരച്ചുവട്ടിൽ വന്നിരിക്കും. അതുമല്ലെങ്കിൽ ആമ്പൽപ്പൊയ്കക്കടുത്ത്.

അതൊരു കടുംനീല, ഇരുണ്ട, ജലപ്പരപ്പാണ്. നിറയെ വെള്ളയും ചുവപ്പുമായ ആമ്പൽപ്പൂക്കൾ. ജലത്തോടു പറ്റിച്ചേർന്നു കിടക്കുന്ന പച്ചനിറമാർന്ന മിനുപ്പും വൃത്തവുമുള്ള ഇലകൾ. വിരിഞ്ഞുനിരന്ന പൂക്കളെ തഴുകി വരുന്ന കുളുർമയുള്ള ഇളങ്കാറ്റ്.

അവളങ്ങനെ ഇരിക്കും. അനന്തമായ ആകാശം. വലിയ ലോകം.

വീടു തൊട്ടടുത്തുതന്നെ. അത് വീടാണെന്ന് കുഞ്ഞുപാത്തുമ്മായ്ക്കു തോന്നിത്തുടങ്ങീട്ടില്ല. തൊലി പൊളിച്ച മാതിരി, വെറും ചെങ്കല്ലുകൊണ്ടുള്ള പഴയ ഒരു ചെറുവീട്. രണ്ടു മുറിയും ഒരടുക്കളയുമുണ്ട്. വൈക്കോൽ മേഞ്ഞതാണ്. അതിന്റെ പുറത്ത് നെല്ലുകൾ ഇടയ്ക്കിടെ കിളിർത്തു പച്ചയായി നില്പുണ്ട്.

വീടിനുള്ളിൽ സാമാനങ്ങൾ അധികമില്ല. രണ്ടു മൂന്നു പായും തലയണകളും. എല്ലാവരുടേയും വസ്ത്രങ്ങൾ വെക്കാനുള്ള ഒരു പെട്ടി. പിന്നെ രണ്ടുമൂന്നു മണ്ണെണ്ണവിളക്ക്.

അടുക്കളയിൽ രണ്ടുമൂന്നു മൺകലങ്ങളും ചില കൂട്ടാൻ ചട്ടികളും; ഉണ്ണാനോ കഞ്ഞി കുടിക്കാനോ ഉള്ള തൊപ്പിച്ചട്ടികളുമുണ്ട്.

കുടിക്കാനും തിന്നാനും നന്നെ ഞെരുക്കമാണ്.

പഴയ വീട്ടിൽനിന്ന് ഒന്നും കൊണ്ടുപോന്നിട്ടില്ല. വെറുങ്കൈയോടെയല്ലേ പോന്നത്? എന്നാൽ ഉപ്പുപ്പായുടെ ആ വലിയ കൊമ്പനാനയുടെ കൊമ്പിന്റെ കുടയുള്ള

ഉമ്മായുടെ പഴയ രണ്ടു മെതിയടികൾ ഉമ്മാ എങ്ങനെയോ കൊണ്ടുപോന്നു. പോരുമ്പോൾ ഉമ്മായുടെ കൈയിലുണ്ടായിരുന്നോ എന്ന് കുഞ്ഞുപാത്തുമ്മായ്ക്കറിഞ്ഞുകൂടാ.

ആ മെതിയടിപ്പുറത്താണ് ഉമ്മായുടെ നടപ്പ്. എപ്പോഴും കലപലാ എന്തെങ്കിലും പറയണം. വായ് നിറയെ മുറുക്കാനും ഉണ്ടായിരിക്കണം.

ബാപ്പാ മുറുക്കാതായി, പെട്ടെന്നു നരയ്ക്കുകയും ചെയ്തു. അധികം വർത്തമാനവും പറയാറില്ല. എങ്ങുമല്ലാതെ ഏതോ അദൃശ്യലക്ഷ്യത്തിൽ നോക്കിക്കൊണ്ടിരിക്കും. ഓർക്കാൻ പലതുമുണ്ടല്ലോ. മഹാസാമ്രാജ്യം പോയമാതിരി സംഭവങ്ങൾ.

'അതൊക്കെ പടച്ചോന്റേം, മുത്ത്നബീന്റേം, നേർച്ചക്കാരിടേം വിതി.' ബാപ്പാ പറയും: 'ഒര് നേരത്തെ നിസ്കാരം ഞാൻ ഒയിച്ചിട്ടില്ല. ഒറ്റ നോയിമ്പെങ്കിലും ബിട്ടിട്ടില്ല.'

പിന്നെ ഇങ്ങനെ സംഭവിച്ചതെന്താ? കുഞ്ഞുപാത്തുമ്മായ്ക്കു മനസ്സിലായി. ഒന്നും സംഭവിച്ചിട്ടില്ല. അല്ലെങ്കിൽ സംഭവത്തിന്റെ കുറ്റം ആരിലാണ്? ബാപ്പായെ കുറ്റപ്പെടുത്താൻ അവൾക്കു മനസ്സു വരുന്നില്ല. ഉമ്മായും മാമിമാരും മാമാമാരും കുറ്റക്കാരായി അവൾ കണക്കാക്കുന്നില്ല. വിശുദ്ധ ഖുർ ആൻ തൊട്ടുള്ള കള്ളസാക്ഷി പറഞ്ഞ പ്രമാണികളെയും എങ്ങനെയാണു കുറ്റക്കാരാക്കുക? മനുഷ്യരിൽ ആരിലും തന്നെ കുഞ്ഞുപാത്തുമ്മാ കുറ്റം കണ്ടില്ല. യഥാർഥ കുറ്റവാളി ഷൈത്താനായ ഇബ്‌ലീസ് എന്ന പഹയനാണ്!

കുഞ്ഞുപാത്തുമ്മ എന്നും പ്രാർഥിക്കും:

'റബ്ബുൽ ആലമീനായ തമ്പുരാനേ, ഇഞ്ഞിയെങ്കിലും ഞങ്ങളെ ഇബ്‌ലീസ് എന്ന പഹയന്റെ ഉപദ്രവത്തീന്ന് ലക്ഷിക്കണേ!'

അല്ലാതെ എന്തു ചെയ്യും? അവനെക്കൊണ്ടു പൊറുതിമുട്ടിയിരിക്കുന്നു. ആ പഹയൻ ചെയ്തത് ഇതാണ്.

കുഞ്ഞുപാത്തുമ്മായുടെ ബാപ്പാ കൈവശം വെച്ച് അനുഭവിച്ചു കൊണ്ടിരുന്ന തെങ്ങിൻതോപ്പുകളും നെല്പാടങ്ങളും ബാപ്പായുടെ സ്വന്തമായിരുന്നില്ല. ആ വലിയ വീടും എല്ലാംതന്നെ ബാപ്പായ്ക്കും ബാപ്പായുടെ ഏഴു സഹോദരികൾക്കുംകൂടി ഉള്ളതായിരുന്നു.

'രായ്ക്കു രായ്മാനം ഉമ്മാന കാളവണ്ടീക്കേറ്റി കച്ചേരീ കൊണ്ടുപോയി ഞങ്ങട ആങ്ങള വട്ടനടിമ ഞങ്ങൾക്കുംകൊട ഒള്ളത് തന്നത്താൻ എയ്തി മേടിച്ച്!' എന്ന് ഏഴു മാമിമാരും ചേർന്നു ബാപ്പായുടെ പേരിൽ കേസ്സു കൊടുത്തു.

'അദിനിക്കെന്റെ പുന്നാര ഉമ്മാ എയിതിത്തന്നതാ!' എന്ന് കുഞ്ഞുപാത്തുമ്മായുടെ ബാപ്പാ വാദിച്ചു. കേസ്സു വളരെ കൊല്ലങ്ങൾ നീണ്ടുനിന്നു. രണ്ടു ഭാഗത്തുനിന്നും പണം വളരെ അധികം ഇറങ്ങി. കേമകേമന്മാരായ വക്കീലന്മാർ കേസ്സു വാദിച്ചു. രണ്ടു കൂട്ടരും ജയിക്കാൻ വേണ്ടി പള്ളിയായ പള്ളികളിൽ എല്ലാം നേർച്ച നേർന്നു. പുണ്ണിയവാളന്മാരുടെ കബറുകൾക്കടുത്തു ചെന്നു പ്രാർഥിച്ചു. പണം കൊടുത്തു. പള്ളികളിൽ കൊടികുത്തും ചന്ദനക്കുടവും നടത്തി. അതിനും പുറമേ രണ്ടു ഭാഗത്തും വലിയ യോഗ്യന്മാർ കള്ളസാക്ഷികളായി വന്നു. കേസങ്ങനെ വട്ടനടിമയ്ക്കു ഗുണമായി വരികയായിരുന്നു. അപ്പോഴാണ് ഒരു കുഴപ്പം പൊന്തിവന്നത്.

വട്ടനടിമയുടെ ഉമ്മായ്ക്കു ഭ്രാന്തുണ്ടായിരുന്നു! സ്ഥിരബുദ്ധിയോടെ അല്ല എഴുതിക്കൊടുത്തത്. എന്നാൽ, മരിച്ചു മണ്ണടിഞ്ഞു പോയ ആ സ്ത്രീയെ വിളിച്ചുകൊണ്ടുവന്നു

കൂട്ടിൽ കയറ്റി വിസ്തരിക്കാൻ സാധിക്കുമോ? സാക്ഷികൾ വന്നു.

'വട്ടനടിമേന്റെ ഉമ്മാക്ക് പെരാന്തൊണ്ടാർന്ന്!'

അവർ അങ്ങനെ പറഞ്ഞു. ഉണ്ടായിരുന്നെങ്കിലും ഇല്ലായിരുന്നെങ്കിലും വട്ടനടിമയുടെ ഉമ്മായുടെ സ്വത്തിന് വട്ടനടിമയുടെ സഹോദരികൾക്കും അവകാശമില്ലേ? കുഴഞ്ഞുമറിഞ്ഞ ആ കേസ്സിനെപ്പറ്റി കുഞ്ഞുപാത്തുമ്മായ്ക്കു വലിയ പിടിപാടൊന്നുമില്ല. എല്ലാം ശൈത്താനായ ഇബ്ലീസ് എന്ന പഹയന്റെ പണിയാണെന്നു മാത്രമേ അവൾക്കറിയൂ. എങ്ങനെയായാലും കേസ്സു ബാപ്പായ്ക്കു ദോഷമായി വിധിച്ചു. 'പള്ളിക്കൈത്താന' ക്കേസ്സിനും 'പിരാന്ത്' കേസ്സിനും മറ്റുമായി വളരെയധികം സ്ഥലങ്ങൾ കടത്തിൽ പോയി. ബാപ്പായ്ക്ക് അവസാനം കിട്ടിയതു വഴിവക്കിലുള്ള ആ കീറ്റുപുരയിടമാണ്.

അതിൽ ആ ചെറിയ വൈക്കോൽ മേഞ്ഞ വീടും നാലടയ്ക്കാ മരവും ഒൻപതു തെങ്ങും ഒരു കിണറും ഒരു വാളമ്പുളി മരവും അതിരിൽ ഒരു വലിയ ആമ്പൽപ്പൊയ്കയുമാണുള്ളത്. അത് ആദ്യം കണ്ടപ്പോൾ കുഞ്ഞു പാത്തുമ്മായ്ക്കു വളരെ സന്തോഷം തോന്നി. ഒരാമ്പൽപൊയ്ക. അവൾ ആദ്യമായി കാണുകയാണ്. വെള്ളയും ചുവപ്പുമായി വളരെ പൂക്കൾ. അവൾ അതെല്ലാം എണ്ണിനോക്കും. ഒരറ്റംമുതൽ എണ്ണിവരുമ്പോൾ ഉമ്മായോ ബാപ്പായോ ആരെങ്കിലും എന്തിനെങ്കിലും വിളിക്കും. എങ്ങനെയും അതെണ്ണിത്തീർക്കാൻ സാധിച്ചിട്ടില്ല. എങ്കിലും മനോഹരമായ കാഴ്ചയാണ്. എന്നാൽ, അതിന്റെ ഭംഗിയിൽ ഒരു ഭയങ്കരത...ഒരു അറപ്പ്... ഇതൊന്നും വ്യക്തമല്ല.

അവിടെ ഒരു സംഭവമുണ്ടായി. അതിനുശേഷം അവൾ കുളിക്കാൻ പോകുന്നത് അടുത്ത പുരയിടത്തിലുള്ള കിണറ്റിനടുത്താണ്. അവിടെ ഒരു കെട്ടിടമുണ്ട്. അതിലങ്ങനെ ആൾതാമസമില്ല. കുളിച്ചു താമസിക്കാൻ വരുന്നവർ വല്ലപ്പോഴുമേ താമസിക്കൂ. അപ്പോൾ അവൾ അങ്ങോട്ടു പോകുകില്ല. അവിടത്തെ കിണറ്റിലെ വെള്ളത്തിനു നല്ല തണുപ്പുണ്ട്. അതിന്റെ അടുത്ത് ഒരു പൂപ്പരുത്തിയിൽ മുല്ല പടർന്നു കിടപ്പുണ്ട്. അതിൽ നിറയെ സുഗന്ധമുള്ള വെളുത്ത പൂക്കളാണ്. അവൾ അത് ഒരുകുന്നു പെറുക്കിയെടുക്കും. തലയിൽ ചൂടാറില്ല. ഇസ്ലാമായ പെൺപിറന്നോന്മാർക്ക് പൂവു ചൂടാമോ എന്നവൾക്കറിഞ്ഞുകൂടാ. എന്നാലും അവൾക്കു മുല്ലപ്പൂ ഇഷ്ടമാണ്. ചുമ്മാ അവിടെ ഇരുന്ന് അവളതു വാഴവള്ളിയിൽ മാല കോർക്കും. അവിടെ ഇരിക്കാനും ഒരു സുഖമുണ്ട്. ഒരനക്കവുമില്ല. ആരുമില്ല. മുൻവശത്ത്, താഴ്ചയിലാണു റോഡ്. അതിനപ്പുറത്ത് നെൽപ്പാടങ്ങളാണ്. അതിനപ്പുറത്തെങ്ങാണ്ടാണു നദി. അവിടെ പോയി കുളിക്കണമെങ്കിൽ നാട്ടുവഴിയെ പോകണം. കെട്ടിക്കാൻ പ്രായം കഴിഞ്ഞിരിക്കുന്ന മുസ്ലിംപെണ്ണെങ്ങനെ നാട്ടുവഴിയെ പോകും? പിന്നെ താമസിക്കുന്നിടത്തെ കിണറ്റിലാണെങ്കിൽ അവിടെ മറയും തൊറയുമില്ല.

അതുകൊണ്ട് ഒരു ദിവസം കുഞ്ഞുപാത്തുമ്മാ വിചാരിച്ചു. ആമ്പൽപൊയ്കയിൽ ഒന്നു കുളിക്കാം. ആരും കാണുകയുമില്ല. അതൊരു ഉച്ചതിരിഞ്ഞ സമയമാണ്. നല്ല ഒന്നാംനമ്പരു വെയിലുണ്ടായിരുന്നു. അവൾ വൃത്തിയുള്ള തോർത്തുമായിച്ചെന്ന് കുപ്പായം ഒരുകണക്കിൽ ഊരി പുൽത്തകിടിയിലിട്ടു. എന്നിട്ട് തോർത്തു ചുറ്റി മുണ്ടഴിച്ചു കുപ്പായത്തിന്റെ പുറത്തിട്ടു.

സാവധാനത്തിൽ വെള്ളത്തിലിറങ്ങി. മുലനീരായപ്പോൾ അവൾ മുങ്ങി. തുടർന്ന്

രണ്ടുമൂന്നു മുങ്ങിയിട്ട് ദേഹമെല്ലാം തേക്കാൻ തുടങ്ങി. യാദൃച്ഛികമായി വെള്ളത്തിൽ നോക്കിയപ്പോൾ ചുരുങ്ങിയും നീണ്ടും വണ്ണം കുറഞ്ഞ ഒരു കറുത്ത സാധനം അവളുടെ സമീപത്തേക്കു ധൃതിയായി വരുന്നു!

'പടശ്ശോനെ, കന്നട്ട!'

കുഞ്ഞുപാത്തുമ്മാ വേഗത്തിൽ കരയ്ക്കു കയറി തോർത്തി. തുടയിലെന്തോ കറുത്തത്... നോക്കിയപ്പോൾ അവൾ ആകെ കുഴങ്ങി. അറച്ചു വിറച്ചുപോയി. ഒരട്ട അവളുടെ തുടയിൽ കടിച്ചിരിക്കുന്നു! രണ്ടു തലകൊണ്ടും!

'ഉമ്മായേ! ബാപ്പായേ! ഓടിവായോ! എന്ന കടിച്ച് കൊല്ലണേ! ഓടിവായോ! എല്ലാരും ഓടിവായോ!' എന്നു മുറവിളി കൂട്ടണമെന്ന് കുഞ്ഞുപാത്തുമ്മായ്ക്കു തോന്നി. പക്ഷേ, അവൾ കുപ്പായം ഇട്ടിട്ടില്ല മുണ്ടും ഉടുത്തിട്ടില്ല! എന്തു ചെയ്യും?

അവൾ പുകഞ്ഞു വെന്ത് അറച്ചു വിറച്ച് അങ്ങനെ നിന്നു. അട്ട വീർത്തു വരികയാണ്. അത് ഒരറ്റം വിട്ടു തടിയനായി തൂങ്ങിക്കിടന്നപ്പോൾ വിഷമം അധികരിച്ചു. അനങ്ങുമ്പോൾ അത് നഗ്നമായ തുടയിൽ മിനുസമായി ഉരസും. ഹോ...അവൾ പല്ലും കടിച്ച് അങ്ങനെ നിന്നു. അട്ട ഒരു ഉണ്ടയായി താഴെ വീണപ്പോൾ അവൾ നിന്നു തുള്ളിപ്പോയി!

തുടയിൽ ചോര പറ്റിയിരിക്കുന്നു. കിനിയുന്നുമുണ്ട്. അവൾ ഒരുകൈ വെള്ളം കോരി തുടയിലെ ചോര കഴുകിക്കളഞ്ഞു.

കന്നട്ടയെ എന്താ ചെയ്യുക?

അവൾക്കു ദേഷ്യവും അറപ്പുമുണ്ട്. അതിനെ ഒരു പാടു ചീത്ത പറയണമെന്നുണ്ട്. എന്തു ചീത്തയാണു പറയുക?

'ഇബ്‌ലീസേ, ന്റ ചോര നീ മുയുമനം കുടിച്ച്,' എന്നു പറഞ്ഞിട്ട് അവൾ അതിനെ കൊല്ലാൻ വിചാരിച്ചു. പക്ഷേ, സാധ്യമല്ല. അട്ടയ്ക്ക് ഉമ്മായും ബാപ്പായും കാണും. പെണ്ണട്ടയോ ആണട്ടയോ എന്നറിഞ്ഞുകൂടാ. മക്കളും കാണും. അല്ലാഹ് സൃഷ്ടിച്ചതാണ്. കുഞ്ഞുപാത്തുമ്മായേയും സൃഷ്ടിച്ചത് അല്ലാഹുവാണ്. അപ്പോഴോ? കൊല്ലാൻ പാടില്ല. പാപമാണ്. ദോഷം. ഹിംസ അരുത്.

എന്തായാലും പൊയ്ക്കോട്ടെ. അതിന്റെ വീട്ടിലേക്കു വിട്ടേക്കാം. രക്ഷപ്പെടട്ടെ. പോ.

'അട്ടേ, നീ ഞ്ഞി ആരേങ്കടിച്ച് ചോര കുടിച്ചര്ത്, കേട്ടോ? ചോര കുടിച്ചാലേ നീ മരിച്ച് ചെല്ലുമ്പ പടച്ചോൻ നിന്നെ നരകത്തീടും, കേട്ടോ!' എന്നും പറഞ്ഞ് അവൾ ആ സൽപ്രവൃത്തിക്കു മുതിർന്നു. അവളൊരു കമ്പെടുത്ത് അതിനെ നോവിക്കാതെ, പതുക്കെ തോണ്ടി വെള്ളത്തിലിട്ടു. അതു വീഴാൻ കാത്തുനിന്നതുപോലെ, 'കപ്!' എന്നൊരു ശബ്ദത്തോടെ വലിയ വരാൽ മൽസ്യം അതിനെ വെട്ടിയങ്ങു വിഴുങ്ങിക്കളഞ്ഞു!

കുഞ്ഞുപാത്തുമ്മാ നോക്കുമ്പോൾ ഒന്നല്ല, രണ്ടെണ്ണമുണ്ട്: 'കെട്ടിയോനും കെട്ടിയോളും!' തന്നെയുമല്ല, 'പുള്ളേളരും ഒണ്ട്!' ചുവന്ന പൊടിക്കുഞ്ഞുങ്ങൾ. നീല ജലത്തിൽ മിന്നുന്ന ചുവന്ന മഷിത്തരികൾപോലെ.

'നീ എന്തിനാ വരാലേ അതിനെ വെട്ടിമുണിങ്ങിയേത്? ദോഷോലേല്ല?'

അതിനെ പിടിച്ചു മനുഷ്യർ തിന്നുന്നതു ദോഷമായി കുഞ്ഞുപാത്തുമ്മായ്ക്കു

തോന്നിയില്ല! അവളാ വരാൽകുടുംബത്തെ നോക്കിനിന്നു. തീരെ സ്നേഹമില്ലാത്ത കണ്ണുകൾ. രണ്ടിന്റേയും ചികിളവഴി വെള്ളം പോകുന്നുണ്ട്: അത് 'അലിയാർതങ്ങട ദുൽഫ്ക്കാർ എന്ന ബാള് കൊണ്ടതാ!'

അതിലെ ആ തടിയൻവരാൽ അവളെ നോക്കുന്നു. കുഞ്ഞുപാത്തുമ്മായെ കിട്ടിയാലും 'കപ്' എന്നു വെട്ടിവിഴുങ്ങിക്കളയും!

അവൾ മുടി ചിക്കി ഉടക്കു തീർത്ത് ഉണക്കിക്കൊണ്ട് ആമ്പൽ പൊയ്കയെ ആകമാനം ഒന്നു നോക്കി.

പൂക്കളെല്ലാം പണ്ടേപ്പടി വെള്ളയും ചുവപ്പും തന്നെ... പക്ഷേ, അതിന്റെ അടിയിൽ മനുഷ്യരുടെ ചോര കുടിക്കുന്ന അട്ടകളും അട്ടകളെ വെട്ടിവിഴുങ്ങുന്ന വരാലുകളും ഉള്ളപ്പോൾ— ആമ്പൽപ്പൂക്കൾ യാതൊരു ക്ഷോഭവും കൂടാതെ...അതെല്ലാം അവളെ നോക്കി മന്ദഹസിച്ചുകൊണ്ടു കോക്രി കാട്ടുന്നതുപോലെ... അങ്ങനെ അവൾ നില്ക്കുമ്പോൾ വരുന്നു, ആമ്പൽപ്പൊയ്കയിലെ മറ്റൊരു താമസക്കാരൻ.

ഒരു വലിയ നീർക്കോലിപ്പാമ്പാണ്! അതോ പുളവനോ? അടിവശം വെള്ള. ഒരാമ്പലിലയിൽ നുരച്ചു കയറി തല വെള്ളത്തിലാക്കി കിടക്കുന്നു. പെട്ടെന്ന് ഉളി ചാണ്ടുന്ന മാതിരി എന്തിനേയോ അതു പിടിച്ചുകൊണ്ടു തല പൊന്തിച്ചു. പാവപ്പെട്ട ഒരു പരൽമീനാണ്! അതു കരഞ്ഞില്ല; മിണ്ടിയില്ല. അതു വളയുകയും വാലു വിറപ്പിക്കുകയും ചെയ്യുന്നു. അതിനെ യാതൊരു ക്ഷോഭവും കൂടാതെ വിഴുങ്ങിയിട്ട് നീർക്കോലി മുമ്പത്തെമാതിരി സൂത്രത്തിൽ കിടക്കുകയാണ്. അടുത്തതെവിടെ?

കുഞ്ഞുപാത്തുമ്മാ സൂക്ഷിച്ചുനോക്കിയപ്പോൾ വേറെയുമുണ്ടു താമസക്കാർ: ആമ, പള്ളത്തി, കരിമീൻ, തവള—എന്തെല്ലാം തരം ജീവികളാണ്!

ആമ്പൽപ്പൂക്കൾ ചുമ്മാ മന്ദഹസിക്കുന്നു! ആകെക്കൂടി വല്ലാത്ത ഒരു സൗന്ദര്യവും ഒരു ഭീകരതയുമുണ്ട്, ആ പൊയ്കയ്ക്ക്.

ആ കണ്ടുപിടിത്തത്തിനു ശേഷം കുഞ്ഞുപാത്തുമ്മാ ആമ്പൽപ്പൊയ്കയുടെ അടുത്തു പോകുന്നത് തന്നെ സ്നേഹിക്കുകയും പേടിപ്പിക്കുകയും... ചെയ്യുന്ന ഒരു സഖിയുടെ അടുത്തെത്തുന്ന മാതിരിയാണ്.

അവൾക്കു ജോലി ഒന്നുമില്ല, പിടിപ്പതു ജോലിയുണ്ടെങ്കിലും ചെയ്യാൻ അറിഞ്ഞുകൂടാ. മുമ്പില്ലാത്ത സ്വാതന്ത്ര്യം അവൾക്കുണ്ട്. എന്നാൽ, ഈ സ്വാതന്ത്ര്യം എന്തിനുകൊള്ളാം? അവൾക്ക് ആഹാരം പാകപ്പെടുത്താൻ പോയിട്ട്, തീ പിടിപ്പിക്കാൻ പോലും അറിഞ്ഞുകൂടാ. ഉമ്മായ്ക്കും അതിൽ വലിയ വശമില്ല.

ബാപ്പാ വളരെ ബുദ്ധിമുട്ടി ആഹാരത്തിനു കൊണ്ടുവരണം. അതു പാകപ്പെടുത്തുകയും വേണം.

'പെണ്ണായി പെറന്നാ തീ പിടിപ്പിക്കാനെങ്കിലും അറീണം.' ബാപ്പാ പറയും.

അതു കേൾക്കുമ്പോൾ കുഞ്ഞുപാത്തുമ്മാ നാണിച്ചു ചൂളിപ്പോകും. പക്ഷേ, ബാപ്പാ പറയുന്നത് ഉമ്മായോടാണ്. ഉമ്മാ ആ പഴയ മെതിയടിപ്പുറത്ത് 'ക്ടോ, പ്ടോ'ന്നു നടന്നുകൊണ്ടു പറയും:

'ഞാ ആനമക്കാരിന്റെ പുന്നാരമോളാ.'

ബാപ്പാ ഒന്നും പറകയില്ല.

ഉമ്മായുടെ കൈയ്ക്കു വെള്ളം ഒഴിച്ചുകൊടുത്തില്ലെങ്കിൽ ഉമ്മാ ഉണ്ണുകില്ല. അങ്ങനെ ഇരിക്കും.

ബാപ്പാ ദേഷ്യത്തോടെ നോക്കും. കുഞ്ഞുപാത്തുമ്മാ ഉമ്മായുടെ കൈയ്ക്കു വെള്ളം ഒഴിച്ചു കൊടുക്കും. ഉമ്മാ പറയും:

'നിന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്; ബല്യ ഒര് കൊമ്പനാന!'

ബാപ്പാ ഒന്നും പറയുകയില്ല; ഉമ്മായുടെ വർത്തമാനം അധികമാകുമ്പോൾ കൊടുങ്കാറ്റ് ഉള്ളിൽ അടക്കിക്കൊണ്ടെന്നവണ്ണം ബാപ്പാ പതുക്കെ പറയും:

'എടീ നിന്റെ നാവൊന്നടക്ക്!'

ഉമ്മാ ചോദിക്കും:

'ഇല്ലേല്ല് മൂക്കി വലിച്ചു കേറ്റുവോ? ഞാ ആനമക്കാരിന്റെ പുന്നാരമോളാ; ഇനിക്കു ലെയിനസൊണ്ട്.'

ഉമ്മായ്ക്ക് എന്തു പറയാനും ലൈസൻസുണ്ട്!

'ന്റ പൊന്നുമ്മാ ഒന്നു ചുമ്മാ ഇരി.' കുഞ്ഞുപാത്തുമ്മാ പറയും.

'ഹറാമ്പറന്നോളേ,' ഉമ്മാ പറയും: 'നീ ഒണ്ടാകാമ്പോയ കാരണോ!'

അപ്പോൾ പാവപ്പെട്ട ഇബ്ലീസല്ല കുറ്റവാളി! കുഞ്ഞുപാത്തുമ്മാ ഓർത്തു വിഷാദത്തോടെ മന്ദഹസിക്കും. എന്നാൽ, അധികകാലം അവൾക്കു മന്ദഹസിക്കാൻ കഴിഞ്ഞില്ല. ഭീതി അവളുടെ ഉള്ളിൽ കടന്നു കഴിഞ്ഞു; ബാപ്പാ എപ്പോഴാണ് ഉമ്മായെ കൊല്ലുക?

കാറ്റു വീശി — ഇല വീണില്ല

മനുഷ്യർ ഇങ്ങനെ ആയിത്തീരുന്നത് എന്തുകൊണ്ടാണ്? എത്ര ആലോചിച്ചിട്ടും കുഞ്ഞുപാത്തുമ്മായ്ക്കു പിടി കിട്ടുന്നില്ല. കുറെ അങ്ങു വയസ്സാകുമ്പോൾ ഭാര്യയും ഭർത്താവും തമ്മിൽ കണ്ടു കൂടാതെ വരുന്നതെന്തുകൊണ്ടാണ്? എല്ലാം ഉമ്മാബാപ്പാമാരും ഇങ്ങനെയാണോ? തമ്മിൽ കടിച്ചുകീറാൻ പോകുന്നതുപോലെ. സൗമ്യമായ വാക്കുകളില്ല. വാക്കുകൾ ഘനപ്പിച്ചു വൈരാഗ്യത്തോടെ. ക്രൂരത. തീരെ സ്നേഹമില്ല. അതു നോക്കിയിരിക്കുമ്പോൾ... ചിലപ്പോൾ കുഞ്ഞുപാത്തുമ്മായ്ക്കു ചിരി വരും. പക്ഷേ, അവൾ ചിരിക്കാറില്ല. ജീവിതം ആകെക്കൂടി താറുമാറായിരിക്കുന്നു. ആരാണുത്തരവാദി? എന്താണു കാരണം? ആരോടു ചോദിക്കും? നേരാംവണ്ണം ആഹാരം കഴിക്കാനൊന്നുമില്ല, വസ്ത്രങ്ങളുടെ കാര്യമാണെങ്കിൽ പറയേണ്ട. ഇട്ടിരിക്കുന്നതു തന്നെ ഇട്ടിട്ട്... അതു തന്നെ കഴുകിക്കഴുകി... എല്ലാം നരച്ചതുപോലെ ആയിത്തീർന്നിരിക്കുന്നു. ഇതിനെല്ലാം ആരെയാണു കുറ്റപ്പെടുത്തേണ്ടത്?

ഏറ്റവും രസമുള്ളത്, അവർക്കു സഹായികളാരുമില്ല. ആരും ശ്രദ്ധിക്കാത്ത മൂന്നു ജീവികൾ! പ്രതാപത്തിന്റെ ആ പഴയ കാലത്ത് എത്ര ആൾക്കാരുണ്ടായിരുന്നു! നാട്ടിലുള്ള ഏതു പീറയും അവരോടു രക്തബന്ധം ഭാവിച്ചിരുന്നു.

'ബകേലൊരു മാമായാ.' അല്ലെങ്കിൽ ബകേലൊരു കൊച്ചാപ്പയാ.'

ദാ ഒടുവിൽ, 'ബകേൽ' ആരുമില്ല! ഈ മഹാപ്രപഞ്ചത്തിൽ, അവർ മൂന്നുപേരും മാത്രമേയുള്ളൂ. എന്നാലീ മൂന്നു പേര്... ബാപ്പായെ ഉമ്മായ്ക്കു കണ്ടുകൂടാ. തൊട്ടതിനെല്ലാം കുറ്റം പറയും. ശകാരിക്കുകയും ചെയ്യും. അതു പതുക്കെയൊന്നുമല്ല. നാട്ടുവഴിയെ പോകുന്നവർ കേൾക്കെയാണ്. നാടൊട്ടുക്ക് ജനങ്ങൾ പരിഹസിക്കും, ചിരിക്കും. എന്താ ചെയ്ക? ബാപ്പായ്ക്ക് ഓരോ പുതിയ പരിഹാസപ്പേരു കണ്ടുപിടിക്കാനാണ് ഉമ്മായുടെ ശ്രമം. അങ്ങനെ 'ചെമ്മീനടിമ' എന്ന പേര് ബാപ്പായ്ക്ക് ഉമ്മാ ഇട്ടു.

ബാപ്പാ ചെമ്മീൻ കച്ചവടം ചെയ്തിട്ടില്ല. അധികം പണം മുടക്കില്ലാത്ത തൊഴിലുകളാണ് ബാപ്പാ ചെയ്തുനോക്കുന്നത്. ഇടയ്ക്കൊരിക്കൽ ഉണക്കമീൻ കച്ചവടത്തിൽ ഏർപ്പെട്ടു. ബാപ്പായ്ക്കുതിഷ്ടമായിട്ടല്ല. ആളെ നാറും, പരിസരവും നാറും. ഉണക്കപ്പെരവാ, സ്രാവ്, ഐല, ചാള എന്ന മത്തി— ഇങ്ങനെ ചിലത്. അതെല്ലാം കുട്ടയിലാക്കി ബാപ്പാ തലയിൽ വെച്ചുകൊണ്ടു പോയി ദൂരെയെങ്ങാണ്ടോ ഉള്ള ചന്തയിൽ വില്ക്കും. പ്രതാപശാലിയായിരുന്ന വട്ടനടിമ. രാജകീയ ഭാവം... തിരികെ വരുമ്പോൾ അരിക്കും മറ്റും പുറമേ കൂട്ടാത്തിനുള്ള പച്ചമീനും കൊണ്ടുപോരും. പണ്ടൊക്കെ കുഞ്ഞുപാത്തുമ്മാ മീനും കൂട്ടിയിരുന്നു; ഇറച്ചിയും കൂട്ടിയിരുന്നു. പിന്നെപ്പിന്നെ ആയപ്പോൾ രണ്ടും കൂട്ടാതെയായി. തനി പച്ചക്കറി.

ആമ്പൽപൊയ്കയിലെ വരാൽ, കന്നട്ടയെ വെട്ടിവിഴുങ്ങിയതിനുശേഷമാണ് മീൻ കൂട്ടാതായത്. ബാപ്പാ മീൻകച്ചവടം മതിയാക്കി ആടറപ്പു തുടങ്ങിയപ്പോൾ അവൾ ഇറച്ചിയും കൂട്ടാതായി. അറുത്തു മാറ്റിവെച്ചിരിക്കുന്ന ആട്ടുന്തലയിലെ അടയാത്ത ആ കണ്ണുകൾ... അതിലൊന്നുമുണ്ടായിട്ടല്ല. എന്നാലും അതു മനസ്സിൽ വലിയ വിഷമം ഉണ്ടാക്കുന്നു. മീനോ ഇറച്ചിയോ വെച്ചു വേവിച്ചു ശരിപ്പെടുത്തി കൊടുക്കുന്നതിന് അവൾക്കു വിരോധമില്ല. പക്ഷേ, അവൾ ഉപ്പു നോക്കുകില്ലെന്നുമാത്രം. വല്ല പ്രകാരത്തിലും വെച്ചുവിളമ്പിക്കൊടുക്കാൻ അവൾ വശമാക്കിക്കഴിഞ്ഞു. ബാപ്പാ വെളുപ്പിനെ എണീറ്റു പല്ലും തേച്ച് പ്രഭാതപ്രാർഥനയായ സുബഹ് നിസ്കരിച്ചു കഴിയുമ്പോൾ അവൾ ഒരു പാത്രം കടുംചായ തയ്യാറാക്കിയിട്ടുണ്ടാവും. ബാപ്പാ അതും കുടിച്ച് 'ബിസ്മീം' ചൊല്ലി ദൈവാനുഗ്രഹത്തോടെ നീണ്ടു നിവർന്നങ്ങു നടന്നുപോകും. കൈയിൽ കുറെ രൂപായുടെ കാശും ഉണ്ടാകും. ദൂരെ എങ്ങാണ്ടോ ഉള്ള ആ ചന്തയിൽച്ചെന്നു വല്ല വാഴക്കുലയോ കിഴങ്ങോ ചേനയോ അടയ്ക്കായോ തേങ്ങായോ എന്തെങ്കിലും വാങ്ങിച്ചു വില്ക്കാനാണ്.

'ചെമ്മീനടിമ പവമ്മാറാൻ പോയോടി?' എന്നും ചോദിച്ചു കൊണ്ടാണ് ഉമ്മാ എണീക്കുന്നത്. പവൻ!...പണ്ട് അത് ഒരുപാടു കണ്ടിട്ടുള്ളതാണ്... അപ്പോഴത്തേക്കും കാക്കയെല്ലാം കരഞ്ഞ് നേരമൊക്കെ വെളുത്ത് വെയിലെങ്ങും വീണിരിക്കും. ഉമ്മായ്ക്കു പടച്ചവനോടും പിണക്കമാണ്. നിസ്കാരമൊന്നുമില്ല. എന്തിനു പ്രാർഥിക്കുന്നു?

'ഓ... ഒത്തിരി നിസ്കരിച്ചതാ. അന്ന്ട്ട്... എടീ ഹറാമ്പറന്നോളെ, ശൂടുവെള്ളം അനത്തിയോ?'

വെള്ളം ചൂടാക്കി ഇട്ടിട്ടുണ്ടായിരിക്കും. കുഞ്ഞുപാത്തുമ്മാ പറയും:

'ശൂടുവെള്ളം അനത്തീട്ടൊണ്ടുമ്മാ!'

ചൂടുവെള്ളമില്ലെങ്കിൽ ഉമ്മാ കുളിക്കുകയില്ല. പണ്ട് പ്രതാപത്തിന്റെ കാലത്തു ചൂടുവെള്ളത്തിലാണല്ലോ കുളിച്ചിരുന്നത്. അതുകൊണ്ട് ദിവസവും കുഞ്ഞുപാത്തുമ്മാ വെള്ളം ചൂടാക്കി ഇട്ടേക്കും. എന്നാൽ, അതിനുമുണ്ട് കുറ്റം. ഒന്നുകിൽ ചൂട് അധികമായിപ്പോയി; അല്ലെങ്കിൽ ചൂടു കുറവ്. കുളി കഴിഞ്ഞാൽ ഉമ്മായ്ക്ക് അലക്കിയ വസ്ത്രം ധരിക്കണം; ധാരാളം പാലും പഞ്ചസാരയും ചേർത്ത കുറുകൻ ചായയും, നെയ്യു പുരട്ടിയ തടിയൻ പത്തിരിയും വേണം. വസ്ത്രങ്ങൾ ഉള്ളത്, ബാപ്പായുടേയും ഉമ്മായുടേയും അവളുടേതും സന്ധ്യയ്ക്കു മുമ്പേ കുത്തിത്തിരുമ്പി തോരയ്ക്കിട്ടിട്ടുണ്ടായിരിക്കും. കുളി കഴിഞ്ഞാൽ ഉമ്മായ്ക്ക് ഉമ്മായുടേത് എടുത്തു കൊടുക്കും. പിന്നെ ചായയുടേയും പലഹാരത്തിന്റേയും കാര്യമാണെങ്കിൽ... പനഞ്ചക്കര ചേർത്ത കടുംചായയായിരിക്കും. ചായയിൽ മധുരത്തിനു പകരം ഉപ്പു ചേർത്തു കുടിക്കാമെന്നുള്ളത് കുഞ്ഞുപാത്തുമ്മായുടെ കണ്ടുപിടിത്തമാണ്. ഉമ്മായ്ക്ക് അതൊന്നും ഇഷ്ടമല്ല. വേറെ കിട്ടാൻ വഴിയില്ലാത്തതുകൊണ്ട്, 'ഹറാമ്പറന്നോളേ, നീ ഒണ്ടാകാമ്പോയ കാരണോ!' എന്നും പറഞ്ഞ് അതു വലിച്ചു കുടിക്കും. ആദ്യമാദ്യം ചട്ടി നിലത്തടിച്ചു പൊട്ടിക്കുമായിരുന്നു. ദിവസവും മൺചട്ടി വാങ്ങാൻ പണം വേണ്ടേ? ബാപ്പാ ഒരിക്കൽ പറഞ്ഞു:

'ഇഞ്ഞി അവക്ക് ശെരട്ടേക്കൊട്ത്താ മതി.'

ഉമ്മാ അന്നു വാവിട്ടു കരഞ്ഞുപോയി. ഉമ്മാ പറഞ്ഞു:

'മയ്യദ്ദീനേ, നേർച്ചക്കാരേ, കേക്കണൊണ്ടോ? മുത്ത്നബിയേ, കേക്കണൊണ്ടോ? ആനമക്കാരിന്റെ പുന്നാരമോക്ക് ശെരട്ടേക്കൊട്ത്താ മതീന്ന്!'

അതിനും കുഞ്ഞുപാത്തുമ്മായെ ഉമ്മാ ചീത്ത പറയും:

'നീ പാക്യദോഷിയാ; നിന്റെയാ മർഗ് പാക്യക്കേടിന്റതാ!'

അവളുടെ കവിളിലുള്ള ആ കറുത്ത മറുക നുള്ളിപ്പറിച്ചു കളയാൻ സാധിക്കുമോ?

ബാപ്പായുടെ കണ്ണുകൾ ചുമക്കും. കഠിനമായ ദേഷ്യത്തോടെ ബാപ്പാ പതുക്കെ, 'എടീ കുഞ്ഞുതാച്ചുമ്മാ!' എന്നു വിളിക്കും. ആ ശബ്ദത്തിൽ ഒരു ഭീഷണിയുണ്ട്. ഉമ്മാ മിണ്ടാതിരിക്കും. ബാപ്പാ പുറത്തേക്കിറങ്ങിയാൽ പിന്നെ ഉമ്മാ തുടങ്ങുകയായി:

'ഹറാമ്പറന്നോളേ! എമ്പോക്കീ! അവരാതീ!' നിന്ന കാലപാമ്പ് കടിക്കും! നിന്റെ തലവെട്ടം കണ്ടപ്പളാ...'

ഈ വിധമാണു പറച്ചിൽ. പെറ്റതള്ളയാണ്... വഴിയേ പോകുന്ന പിള്ളേര് കൂക്കിവിളിക്കും. കുഞ്ഞുപാത്തുമ്മാ പറയും:

'ഉമ്മാ ഒന്ന് പദക്ക്പ്പറ!'

'ഒറക്കപ്പറേവടീ! ഇനിക്ക് ലെയിനസൊണ്ടടീ ഒറക്കപ്പറേൻ!'

അങ്ങനെ ഉമ്മാ എന്തോ ഒരു ദിവസം ഉറക്കെപ്പറയുകയായിരുന്നു. അതു കേട്ടു വന്ന ബാപ്പാ ചുമ്മാ ഇരിക്കാൻ പറഞ്ഞു. ഉമ്മാ കൂട്ടാക്കിയില്ല. ബാപ്പാ വീണ്ടും പറഞ്ഞു. എന്നിട്ട് കണ്ണും ചുമപ്പിച്ച് ബാപ്പാ എണീറ്റു ചെന്നു...

അതുകണ്ട് ഉമ്മാ പരിഹാസത്തോടെ ചിരിച്ചു. ഉമ്മാ ഈണക്കത്തിൽ പറഞ്ഞു:

'ചെമ്മീനടിമ ആനമക്കാരിന്റെ പുന്നാരമോള പേടിപ്പിച്ചാൻ ബന്ന്!' എന്നു പറഞ്ഞു തീർന്നില്ല. അതിനു മുമ്പ് ഒരു ഭയങ്കര സംഭവം നടന്നു:

ബാപ്പായുടെ വലതുകൈ ഉമ്മായുടെ ഹൽക്കിനു പിടിച്ചു. തൊണ്ടയിലെ ആ പിടിത്തം ശക്തിയോടെ മുറുകി. ഉമ്മാ കണ്ണു തുറിച്ചു. പല്ലു ഞെരിച്ചുകൊണ്ട് ബാപ്പാ പതുക്കെ പറഞ്ഞു:

'നീ മരി!'... ഭാര്യയും ഭർത്താവും!

ഒരു കൊച്ചുകുഞ്ഞിനെ എന്ന വണ്ണം ഉമ്മായെ ബാപ്പാ ഒറ്റക്കൈകൊണ്ട് കഴുത്തിനു പിടിച്ചു പൊക്കി. എന്നിട്ട് താഴെ ഇട്ടു. ഉമ്മായുടെ മെതിയടി രണ്ടും ചവുട്ടി വെളിയിലിട്ടു. ഉമ്മാ അനക്കമില്ലാതെ കിടക്കുന്നു!

ഇത്രയും ഞൊടിയിടകൊണ്ടു സംഭവിച്ചു. കുഞ്ഞുപാത്തുമ്മാ സ്തംഭിച്ചു നിന്നുപോയി. ലോകമെല്ലാം ഇരുണ്ടതുപോലെയും ആഴമേറിയ ഒരു കുഴിയിലേക്കവൾ വീണു പോയതുപോലെയും... ഉമ്മായെ ബാപ്പാ ദാ കൊന്നിട്ടിരിക്കുന്നു! അവൾക്കു നാവു പൊന്തിയില്ല. ശബ്ദമില്ലാതെ അവൾ നിന്നു കരഞ്ഞു.

ബാപ്പാ പറഞ്ഞു:

'മകളേ, കരേണ്ട!'

കുഞ്ഞുപാത്തുമ്മായ്ക്കപ്പോൾ രാജ്യത്തില്ലാത്ത കരച്ചിലൊക്കെ വന്നു. അവൾ നിന്നു കരഞ്ഞു. ഹൃദയംപൊട്ടിക്കരഞ്ഞു. റബ്ബുൽ ആലമീൻ! പ്രപഞ്ചങ്ങളുടെ എല്ലാം സ്രഷ്ടാവേ! എന്തൊക്കെയാണു സംഭവിക്കാൻ പോകുന്നത്?

അടിക്കടി വിപത്ത് ആരും സഹായമില്ല. തനിച്ചായിരിക്കുന്നു. ഉമ്മാ പോയി... ഉടനെ ബാപ്പായെയും കൈയ്ക്കു വിലങ്ങുവെച്ച് പോലീസുകാർ കൊണ്ടുപോകും!

കുഞ്ഞുപാത്തുമ്മായ്ക്ക്, ഇനി ആരുമില്ല. ഉമ്മായുടെ മയ്യത്ത്... ആരെങ്കിലുമൊക്കെ വന്നു കുളിപ്പിച്ച് പുതുവസ്ത്രത്തിൽ 'ഖഫൻ' പൊതിഞ്ഞ് മയ്യത്തുകട്ടിലായ 'സന്തോക്കി'ൽ വെച്ച് 'ലാ ഇലാഹ ഇല്ലല്ലാഹ്! ലാ ഇലാഹ ഇല്ലല്ലാഹ്!' എന്നു കൂട്ടം ചേർന്നു മന്ത്രിച്ചുകൊണ്ട് ചുമന്നുകൊണ്ടു പോയി പള്ളിയിലെ മയ്യത്തുപറമ്പിൽ കബറടക്കം ചെയ്യും... പിന്നെ?... അവൾ തനിച്ച്. ഒന്നും ചിന്തിക്കാൻ വയ്യ. കുഞ്ഞുപാത്തുമ്മയുടെ കണ്ണുകൾ കാണാതായി. അവൾ വാവിട്ടു കരഞ്ഞു. യാ ഇലാഹീ! ദൈവമേ!

'അന്നാലും ബാപ്പാ ഇതു ചെയ്യലേ്ലാ!'

'മകളേ,' ബാപ്പാ പറഞ്ഞു: 'കരയാതെ നീ എറാത്തു പോയിരി.'

കുഞ്ഞുപാത്തുമ്മാ ഒരു കണക്കിൽ ഇറയത്തു ചെന്നു തൂണും പിടിച്ചു നിന്നു. ഒച്ചയുണ്ടാക്കാതെ പിന്നെയും അവൾ വളരെ കരഞ്ഞു. ഒരു സമാധാനവും വന്നില്ല. അങ്ങനെ നില്ക്കുമ്പോൾ അവൾ 'ഷജ്റത്തുൽ മുൻതഹാ'യെപ്പറ്റി ഓർത്തു.

അതു സ്വർഗത്തിലാണ്, ഷജ്റത്തുൽ മുൻതഹാ എന്ന് ആ മഹാവൃക്ഷത്തിന്റെ പേര്. ആ മഹാവൃക്ഷത്തിന്റെ ചുവട്ടിൽ നിന്ന് മൂന്നു നദികൾ പുറപ്പെടുന്നുണ്ട്. സ്വർഗത്തിൽനിന്നുള്ള നദികൾ. നൈൽ, ടൈഗ്രീസ്, യൂഫ്രട്ടീസ്. ഇതൊക്കെ പറഞ്ഞിട്ടെന്തു ഫലം? ഷജ്റത്തുൽ മുൻതഹാപോലുള്ള സുന്ദരങ്ങളായ ഐതിഹ്യങ്ങൾ! ഓർക്കാൻ രസമുണ്ട്. എല്ലാ മതങ്ങളിലുമുണ്ട് ഇത്തരം ഐതിഹ്യങ്ങൾ ഭക്തജനം വിശ്വസിക്കുന്നു. ഇതെല്ലാം അവൾ പള്ളിയിൽ നിന്നു കേട്ട 'വ അസ്' എന്ന ഒരു രാപ്രസംഗത്തിൽ നിന്നു മനസ്സിലാക്കിയതാണ്. ആ വൃക്ഷത്തിലെ ഇലകളിൽ എല്ലാ ജീവജാലങ്ങളുടെയും പേരുകളുണ്ട്. കാറ്റടിക്കുമ്പോൾ ആ ഇലകളിൽ ചിലതു വീഴും. വീഴുന്ന ഇലയിൽ പേരെഴുതിയിട്ടുള്ള ജീവി മരിക്കും. ചില ഇല കാലമായി പഴുത്തുതന്നെയായിരിക്കും വീഴുന്നത്. ചിലതു പച്ചയ്ക്കും, ചിലതു കുരുന്നിലെയും വീഴും. ഉമ്മായുടെ പേരെഴുതിയ ഇല... എന്നവൾ ഓർത്തപ്പോൾ അകത്തു നിന്ന് ഉമ്മായുടെ ശബ്ദം കേട്ടു:

'പടച്ചോനേ!' ഉമ്മാ പറയുകയാണ്: 'എനിക്കാരുല്ല മയ്യദ്ദീനേ *
ഇനിക്കാരുല്ല!'

കുഞ്ഞുപാത്തുമ്മായുടെ സങ്കടമെല്ലാം പോയി. അവൾ ഓർത്തു:

കാറ്റു വീശി— ഇല വീണില്ല!

കുഞ്ഞുപാത്തുമ്മാ അകത്തേക്കു ചെന്നു. ഉമ്മാ എണീറ്റിരിക്കയാണ്. അവളെ കണ്ടപ്പോൾ നെഞ്ചത്തടിച്ചു കരയാൻ തുടങ്ങി.

'ഉമ്മാ ചുമ്മാ ഇരി!' എന്നും പറഞ്ഞ് കുഞ്ഞുപാത്തുമ്മാ അടുത്തു ചെന്നു.

അപ്പോൾ ഉമ്മാ ഈണക്കത്തോടെ പറഞ്ഞുതുടങ്ങി. അതൊരു പാട്ടുപോലെയാണ്. ഉമ്മാ പറഞ്ഞു:

'തടകടിയോ തടക്! മയ്യദ്ദീനേ തടക്, മുത്തുനബിയേ തടക്! തടകടിയോ തടക്!'

പ്രവാചകനായ മുഹമ്മദ് നബിയാണ്, മുത്തു നബി.

എവിടെ തടകാനാണെന്ന് കുഞ്ഞുപാത്തുമ്മായ്ക്കു മനസ്സിലായില്ല. അവൾ ചോദിച്ചു:

'എവിടേണമ്മാ?'

ഉമ്മാ ഈണക്കത്തോടെ തുടങ്ങി:

'കൈത്തേല്, കാലേല്, കയേ്യല്.'

'നീ മാറിക്കേ!' ബാപ്പാ അടുത്തു ചെന്ന് ഉമ്മായെ തടകി. ബാപ്പാ പറഞ്ഞു:

'കുഞ്ഞുപാത്തുമ്മാ, നീ എറാത്ത് പോയിരി.'

അവൾ ഇറയത്തേക്കു പോന്നു.

അകത്തുനിന്ന് 'വന്നക്കം' പറച്ചിലും മറ്റും കേട്ടു. ഇടയ്ക്ക് ഉമ്മാ ചോദിക്കുന്നു:

'എന്നെക്കൊന്നിട്ടു വേറെ കെട്ടാനാണല്േല?'

അതിന് ബാപ്പാ എന്തു പറഞ്ഞുവെന്ന് കുഞ്ഞുപാത്തുമ്മാ ശ്രദ്ധിച്ചില്ല. അവൾ മുറ്റത്തിറങ്ങി ചുമ്മാ അങ്ങുമിങ്ങും നടന്നു. അപ്പോൾ കുറെ ഉച്ചത്തിൽ ബാപ്പാ പറയുന്നതു കേട്ടു:

'ഞമ്മക്കെല്ലാരിക്കും ഇന്നു തൗബ ചെയ്യണം.'

ചെയ്തുപോയ തെറ്റിന് റബ്ബുൽ ആലമീനായ തമ്പുരാനോടു പൊറുതിക്കപേക്ഷിക്കുക. മേലിൽ തെറ്റു ചെയ്യാതിരിക്കുക. അതു നല്ല കാര്യമാണ്. പക്ഷേ, ആ വീട്ടിൽ തൗബ ഇല്ല. മിക്ക് എല്ലാ മുസ്ലിം വീടുകളിലും അതുണ്ടായിരിക്കും. അറബിയിലാണ് അത്. അറബി മലയാളത്തിൽ മുസല്യാക്കന്മാർ എഴുതി അച്ചടിച്ചു വിട്ടിട്ടുണ്ട്. ഏതെങ്കിലും വീട്ടിൽനിന്നു ബാപ്പാ അതു വാങ്ങിച്ചുകൊണ്ടു വരും.

കുഞ്ഞുപാത്തുമ്മാ അങ്ങനെ നടക്കുമ്പോൾ ഉമ്മായും ബാപ്പായും കൂടി വരാന്തയിലേക്കു വന്നു. ഉമ്മാ പറയുകയാണ്:

'എണ്ണേം, കൊയമ്പും ഇഞ്ചേം മേണം.'

ബാപ്പാ അതു മൂളിക്കേട്ടുകൊണ്ട് കുഞ്ഞുപാത്തുമ്മായോടു പറഞ്ഞു:

'മോളേ, ഉമ്മാക്കു കുളിക്കാൻ നീ ഉമ്മിണി വെള്ളം കോരി ചൂടാക്ക്.'

ബാപ്പാ എന്നിട്ടു വെളിയിൽ ഇറങ്ങിപ്പോയി.

കുഞ്ഞുപാത്തുമ്മാ വെള്ളം കോരിയൊഴിച്ചു ചൂടാക്കിക്കൊണ്ടിരിക്കുമ്പോൾ ബാപ്പാ എവിടെനിന്നോ എണ്ണയും കുഴമ്പും ഇഞ്ചയുമായി വന്നു. ഉമ്മാ എണ്ണയും കുഴമ്പും മറ്റും പുരട്ടി കുളിക്കാൻ തുടങ്ങുമ്പോൾ ബാപ്പാ പോയി. കുഞ്ഞുപാത്തുമ്മാ ചോദിച്ചു:

'ഉമ്മാ, ചെന്നൊന്നു കുളിക്കട്ടെ?'

ഉമ്മാ സമ്മതിച്ചു! അവൾ തോർത്തും കുളി കഴിഞ്ഞാൽ മാറ്റാനുള്ള വസ്ത്രങ്ങളും പാളയും കയറുമായി ഇറങ്ങി.

ആ ഇറക്കം അവളുടെ ജീവിതത്തിൽ ഒരു പുതിയ അധ്യായം തുറക്കാൻ പോകുന്നു എന്നൊന്നും കുഞ്ഞുപാത്തുമ്മാ അറിഞ്ഞില്ല. ഉമ്മാ പറഞ്ഞു:

'അധികം താമസിക്കര്ത്, കേട്ടോ?'

അവൾ പറഞ്ഞു:

‘ഇല്ല. ഞാ ഇപ്പം ബരാം.’

അവൾ നടന്നു. അപ്പോഴും? അവൾ വിചാരിച്ചു: കാറ്റു വീശിയപ്പോൾ ഇല വീണുപോയിരുന്നെങ്കിൽ…’

അവൾ ഉള്ളു നൊന്തു പ്രാർഥിച്ചു:

‘റബ്ബുൽ ആലമീനായ തമ്പുരാനേ! കാറ്റു വീശിയാലും ഞങ്ങട ആരിടേം എല ബീയിക്കല്ലേ!’

* ഈ ‘മയ്യദ്ദീൻ’ എന്ന മുഹിയുദ്ദീൻ അബ്ദുൽ ഖാദർജിലാനിയാണ്. ഒരു പുണ്യപുരുഷൻ. കുറെ നൂറ്റാണ്ടുകൾക്കു മുമ്പു മരിച്ചു. ബാഗ്ദാദിലോ മറ്റോ ആണ് കബറടക്കിയിരിക്കുന്നത്. ഇതുപോലെ കുറെ അധികംപേരുണ്ട്. ഇവർക്കു വല്ലതിനും കഴിവുണ്ടോ? ഖുർ ആനിലൂടെ അല്ലാഹ് പറയുന്നു: ഞാൻ ആരുടേയും ശുപാർശ കേൾക്കുന്നവനല്ല.

ഒരു കുരുവിയുടെ കരച്ചിൽ!

കുഞ്ഞുപാത്തുമ്മാ മുറ്റത്തുവെച്ചുതന്നെ ഒരു കുരുവിയുടെ കരച്ചിൽ കേട്ടു. കുറെ അങ്ങു ചെന്നപ്പോൾ അവൾ കാണുകയും ചെയ്തു. രണ്ടു കുരുവികൾ തമ്മിൽ കൊത്തുപിടിക്കുന്നു. അതിൽ ഒന്നു വല്ലാതെ നിലവിളിക്കുകയാണ്!

അവരെന്തിനാണു വഴക്കിടുന്നത്? കുഞ്ഞുപാത്തുമ്മാ 'ഷ്ഷൂ!' 'ഭ്ര!' 'ധുർർ!' എന്നെല്ലാം ഒച്ചയുണ്ടാക്കി. അപ്പോൾ അതു രണ്ടും പറന്നു ദൂരെപ്പോയി.

ആമ്പൽപൊയ്കയുടെ അടുത്തുകൂടി അടുത്ത പുരയിടത്തിലേക്കുള്ള വലിയ തെങ്ങിൻപാലത്തിൽ അവൾ കയറിയപ്പോൾ കുരുവികൾ രണ്ടും പുളിമരത്തിലിരുന്നു വീണ്ടും കൊത്തുപിടിക്കുന്നതു കണ്ടു. തന്നെയുമല്ല, ഒന്നു കരയുകയുംചെയ്യുന്നുണ്ട്. പരുന്തു റാഞ്ചിക്കൊണ്ടു പോകുന്ന കോഴിക്കുഞ്ഞിനെപ്പോലെ, സഹായത്തിനഭ്യർഥിക്കുകയാണ്! അവൾക്കു വലിയ വിഷമം തോന്നി. അവൾ പാളയും കയറും താഴെ ഇട്ടിട്ട് ഓടിച്ചെന്നു:

'ന്തിനാ വയക്കിടണത്? ചുമ്മായിരി!' എന്ന് അവൾ വളരെ സാധ്യതയോടെ പറഞ്ഞുനോക്കി. കുരുവികൾ കൂട്ടാക്കുന്നില്ല. രൗദ്രതയോടെ ഒന്നു മറ്റൊന്നിനെ കൊത്തുകയാണ്. വളരെ ചെറിയ പക്ഷികളാണെങ്കിലും എന്തൊരു വലിയ മൂച്ച്! സ്വതന്ത്രമായ പക്ഷികൾ തമ്മിൽ വഴക്കിടുന്നത് ആദ്യമായിട്ടല്ല അവൾ കാണുന്നത്. പരുന്തുകൾ, കാക്കകൾ, മൈനകൾ എന്നിവരുടെ കൊത്തുപിടിയും വഴക്കും കണ്ടിട്ടുണ്ട്. ഭാര്യാഭർതൃ വഴക്കാണോ? കോഴികൾ തമ്മിൽ കൊത്തുപിടിക്കുമ്പോൾ ഏതെങ്കിലും ഒന്നിനെ ആരെങ്കിലും പിടിച്ചു മാറ്റും. അങ്ങനെ ചെയ്തില്ലെങ്കിൽ കൊത്തിക്കൊത്തി ഒന്നിനെ കൊല്ലും. കുഞ്ഞുപാത്തുമ്മാ വീണ്ടും പറഞ്ഞു:

'പറഞ്ഞാ കേക്ക്കേലേ? ചുമ്മായിരി! ന്തിനാ അയിനെ കൊത്തണത്?'

ആ വഴക്കിൽ ഒരണ്ണാനും ഇടപെടുന്നുണ്ടായിരുന്നു. അതാ പുളിയുടെ തടിയിൽ പറ്റിയിരുന്ന് 'ദുസ് ദുസ്' എന്നു വിലക്കുന്നുണ്ടായിരുന്നു.

അണ്ണാനോടു കുഞ്ഞുപാത്തുമ്മാ പറഞ്ഞു:

'പറഞ്ഞാ കേക്ക്കേല!'

പക്ഷികളുടെ കാര്യത്തിൽ പക്ഷികളല്ലാത്തവർ ഇടപെടുന്നതു ശരിയല്ല എന്നൊരു പരുഷമായ ഉപദേശമെന്നോണം ഒരു മരംകൊത്തി ഒന്നു ചിലച്ചു. എന്നിട്ടൊരു തെങ്ങിന്റെ പള്ളയ്ക്ക് ഒരു ചെമ്പട്ടുണ്ട പോലെ ഇരുന്നു... കടു, കടു!' എന്നു കൊത്തിത്തുളച്ചു തുടങ്ങി. കുരുവികൾ പറന്നു മറ്റൊരു വൃക്ഷത്തിലിരുന്നു വഴക്കാരംഭിച്ചു. കൊത്തുകൊണ്ടത് ദയനീയമായ നിലവിളിയോടെ വീണും പറന്നും താഴത്ത് ഉണക്കിലകൾ നിറഞ്ഞ അഗാധമായ കാട്ടുതോട്ടിൽ ചെന്നു വീണു! രണ്ടു കൈയും

വിടർത്തി ഭൂമിയെ അവസാനമായി അവശനായി ആലിംഗനം ചെയ്യുന്ന ഒരു മനുഷ്യജീവിയെപ്പോലെ, ആ പാവപ്പെട്ട കുരുവി അതിന്റെ രണ്ടു ചിറകുകളും വിരുത്തി കമിഴ്ന്ന കിടക്കുകയാണ്.

'നോയിക്കേ!' കുഞ്ഞുപാത്തുമ്മാ ഹൃദയം നൊന്തു പറഞ്ഞു: 'എന്തൊരു കാണിക്കലാണീ കാട്ടിയേ!'

അവൾ തോടിന്റെ വക്കിൽ ചെന്നു. താഴത്തേക്കിറങ്ങിച്ചെന്നു നോക്കാൻ ഒരു വഴിയുമില്ല. അതിന്റെ ജീവൻ പോയിക്കാണുമോ? അതിന്റെ വായിൽ ഒരു തുള്ളി വെള്ളം ഇറ്റിച്ചു കൊടുത്താൽ അതൊരുപക്ഷേ, ജീവിക്കുമായിരിക്കാം. എന്നാൽ, അതിന്റെ പേരെഴുതിയ ഷജ്റത്തുൽ മുൻ തഹായുടെ കൊച്ച് ഇല വീണുകാണുമോ! ആ വൃക്ഷം എത്ര വലുതായിരിക്കണം! എന്തുമാത്രം ഇലകളായിരിക്കും അതിലുള്ളത്! എല്ലാ ഇലകളും ഒരുപോലെ ആയിരിക്കയില്ല. എറുമ്പിന്റെ പേരെഴുതിയത് കുഞ്ഞിലയായിരിക്കും. അതിനേക്കാൾ വലുതായിരിക്കും കുരുവിയുടെ പേരെഴുതിയത്. ആനയുടെ പേരെഴുതിയിട്ടുള്ളതായിരിക്കും വലിയ ഇല, കുഞ്ഞുപാത്തുമ്മാ കടലു കണ്ടിട്ടില്ല. അതുകൊണ്ടാണ് ആനയെക്കാൾ വലിയ ജീവിയായ തിമിംഗലത്തിന്റെ കാര്യം ഓർക്കാഞ്ഞത്. അവളുടെ ഉപ്പൂപ്പായുടെ ആനയുടെ പേരെഴുതിയ ഇല ഉണങ്ങി ഷജ്റത്തുൽ മുൻതഹായുടെ ചുവട്ടിൽതന്നെ വീണു കിടപ്പുണ്ടായിരിക്കണം. അതൊരുപക്ഷേ, പൊടിഞ്ഞ് സ്വർഗത്തിലെ മണ്ണിൽ ചേർന്നു കാണുമോ? സ്വർഗത്തിൽ മണ്ണാണോ ഉള്ളതെന്ന് കുഞ്ഞുപാത്തുമ്മായ്ക്കറിഞ്ഞുകൂടാ. അവൾ തോട്ടിന്റെ വക്കിലുള്ള ഒരു പാണൽ ചെടിയിൽ പിടിച്ചുകൊണ്ട് പതുക്കെ താഴത്തേക്കിറങ്ങാൻ ഭാവിച്ചതും ചവിട്ടിയിരുന്ന കട്ടയും പിടിച്ചിരുന്ന പാണലും എല്ലാംകൂടി 'കറുകു പൊതിനോന്ന്' അവൾ മറിഞ്ഞു താഴത്തേക്കു വീണതും ഒരുമിച്ചു കഴിഞ്ഞു.

എന്റെ റബ്ബേ! എന്നും പറഞ്ഞാണ് അവൾ വീണത്. എവിടെല്ലാമോ തട്ടുകയും കീറുകയും മുട്ടുകയും ചെയ്തു. കീറിയത് ഇടത്തെ കൈയിലെ മുട്ടിനടിയിലാണ്. അവിടെ നിന്നു നല്ലപോലെ ചോര വരുന്നുണ്ടായിരുന്നു. അതൊന്നും അപ്പോൾ അവൾ അറിഞ്ഞില്ല. അവൾക്കു പുകച്ചിലും ദാഹവും വിഷമവും. വീണപടി അവൾ ആ കുരുവിയെ എടുത്തു. അവൾ എണീറ്റിരുന്നു. അതിന്റെ ജീവൻ പോയിക്കഴിഞ്ഞു എന്നവൾക്കു തോന്നി. അതിനു ശകലം വെള്ളം കൊടുത്തു നോക്കിയാലോ? അപ്പോൾ അവൾ ചോര ഒലിക്കുന്നതു കണ്ടു.

'നീ കാരണം കയെല്ലാം കീറിപ്പോയി' എന്നും പറഞ്ഞ് ഇടതു കൈയുടെ വിരലുകൾകൊണ്ട് അതിന്റെ ചുണ്ടുകൾ പതുക്കെ പിളർത്തി. വലതുകൈയുടെ ചൂണ്ടുവിരലിൽ ഒരു തുള്ളി ചോര എടുത്ത് അതിന്റെ വായിൽ ഇറ്റിച്ചു കൊടുത്തു. എന്നിട്ടതിന്റെ ചിറകുകൾ ശരിക്കുവെച്ചു. അതിനെ പതുക്കെ തിരിച്ച് അതിന്റെ വയർ കണ്ടപ്പോൾ 'റബേ... കെട്ടിയോളാണ്!' എന്നവൾ അന്തം വിട്ടു പറഞ്ഞുപോയി. ലേശം ചുമപ്പുള്ള കഞ്ഞിപ്പാട മാതിരിയാണ് അതിന്റെ വയറ്റിലെ തൊലി. പൂടകളുടെ ഇടയിലൂടെ വ്യക്തമായി രണ്ടു ചെറുമുട്ടകൾ അവൾ കണ്ടു. ബാപ്പാ ഉമ്മായെ കഴുത്തിനു പിടിച്ചു ഞെക്കിക്കൊല്ലാൻ പോയപോലെ...... ഓ....... അവൾ ചോദിച്ചു:

'കെട്ടിയോൻ കുരുവി എന്തിനാ കെട്ടിയോളു കുരുവീന

കൊത്തിക്കൊല്ലാമ്പോയത്?'

അപ്പോഴും അതിന്റെ ജീവൻ പോയിട്ടില്ലാ എന്നവൾക്കു മനസ്സിലായി. അതിന്റെ കണ്ണുകൾ തുറന്നതന്നെയിരിക്കുന്നു. കണ്ണുകളിലൂടെ അതിന്റെ ജീവനെ അവൾ കണ്ടു. അവൾ സാവധാനം എണീറ്റു. അപ്പോൾ മുകളിൽ തോടിന്റെ വക്കത്ത് ഒരു ചെറുപ്പക്കാരൻ നിൽക്കുന്നത് അവൾ കണ്ടില്ല. കരയ്ക്കു കയറാൻ മാർഗം കാണാതെ അവൾ പരിഭ്രമിച്ചു. തോട്ടിലൂടെ ഒരു കാൽ നാഴിക നടന്നാൽ പാടത്തുചെന്ന് ഇറങ്ങാം. അങ്ങനെ വരുന്നതു ശരിയല്ല. നാട്ടുവഴിയേ വരേണ്ടിവരും. എന്താ വഴി? അങ്ങനെ നിൽക്കുമ്പോഴാണ് അവൾ ശബ്ദം കേട്ടത്. അവൾ പേടിച്ചില്ല. പുകഞ്ഞുപോയി! അപരിചിതനായ ഒരാണിന്റെ ചോദ്യം:

'കുരുവിക്കു ജീവനുണ്ടോ?'

ആരിത്? അവൾ മിണ്ടിയില്ല. കേട്ടില്ലെന്നു വിചാരിച്ചോട്ടെ. എന്തൊരു പോക്കണംകേടാണ്. അവൾ മുഖം കുനിച്ച് നിലത്തു നോക്കിക്കൊണ്ടു നിന്നു. കരിയിലകളിൽ വീണുകിടക്കുന്ന അവളുടെ ചോരയുടെ ചുറ്റിനും ഒരു അഞ്ഞൂറ് എറുമ്പുകൾ കൂടീട്ടൊണ്ട്; ചോര കുടിക്കുകയാണ്.

'കരയ്ക്കു കയറാൻ വയ്യേ?' വീണ്ടും മുകളിൽ നിന്ന് ശബ്ദം.

കരയ്ക്കു കയറാൻ വിഷമമുണ്ട്. എന്നാലും എന്താ പറയുക? അവൾ സത്യം പറഞ്ഞു:

'മെഷമം.'

'വിഷമമാണോ?'

'ഹതെ.' അങ്ങനെ പറഞ്ഞതു ശരിയായോ? ലോകരറിഞ്ഞാൽ എന്തു പറയും? കെട്ടിക്കാൻ പ്രായം കഴിഞ്ഞിരിക്കുന്ന ഒരു മുസ്ലിം പെണ്ണ്, കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത ഒരാൺപിറന്നവനോടു വർത്തമാനം പറഞ്ഞു. അതോർത്തപ്പോൾ കുഞ്ഞുപാത്തുമ്മാ ആകെ പുകഞ്ഞ് ഇല്ലാതായിപ്പോയി. അങ്ങനെ നിൽക്കുമ്പോൾ മറുവശത്തു ചില കട്ടകൾ അടർന്നു വീഴുന്നത് അവൾ കണ്ടു. ഇറങ്ങി വരികയാണ്!... വെളുത്ത മുണ്ടും വെളുത്ത ഷർട്ടും ധരിച്ച ഒരു യുവാവ്. ഇടത്തെ കൈത്തണ്ടിൽ പൊന്നിന്റെ ഒരു വാച്ചുണ്ട്. മുടി ക്രോപ്പു ചെയ്തിരിക്കുന്നു.

അത്രയേ അവൾക്കു കാണാൻ കഴിയൂ. പാണൽ ചെടികളിൽ പിടിച്ച് പതുക്കെ ഇറങ്ങി വരികയാണ്. അവൾ വീണമാതിരി വീഴില്ലേ? റബ്ബേ, സൂക്ഷിക്കണേ... അങ്ങനെ ഉൾപ്പതർച്ചയോടെ അവൾ നിന്നു.

'ഈ വയസ്സിനിടയ്ക്ക് നിന്നെപ്പോലൊരു പെണ്ണിനെ ഞാൻ കണ്ടിട്ടില്ല! അദ്ഭുതകരമായ പ്രവൃത്തി... എന്താ കുരുവിയുടെപേര്? ഇത്രയും കിതച്ചുകൊണ്ട് ആ ചെറുപ്പക്കാരൻ പറഞ്ഞു. പൊടി മീശയും ചിരിക്കുന്ന കണ്ണുകളുമുള്ള ഒരാളാണ്, അവളോളം വെളുത്തതല്ല. അവളുടെ പേരാണു ചോദിച്ചതെന്നുദ്ദേശിച്ച് അവൾ പറഞ്ഞു:

'കുഞ്ഞുപാത്തുമ്മ!'

'കുഞ്ഞുപാത്തുമ്മാ എന്നാണല്ലേ പേര്?'

'ഹതെ.'

'കൊള്ളാം,' ആ ചെറുപ്പക്കാരൻ പറഞ്ഞു: 'കുഞ്ഞു പാത്തുമ്മായുടെ

ചോരയാണലേ്ല ആ ഇലയിലെല്ലാം കിടക്കുന്നത്?'

'ഹതെ,' എന്നു പറഞ്ഞു കഴിഞ്ഞപ്പോൾ മുട്ടിന്റെ താഴെ വിങ്ങൽ തുടങ്ങി. അവൾ കൈ തിരിച്ചു നോക്കി, എന്തോ കലേ്ലാ കുറ്റിയോ കൊണ്ടു കീറിയതാണ്. ചോര ഒഴുകുന്നുമുണ്ട്.

'നോക്കട്ടെ.' ആ ചെറുപ്പക്കാരൻ പറഞ്ഞു: 'കൈ മുകളിലേക്കുയർത്തിപ്പിടിക്കു. ചോര പോകാതിരിക്കട്ടെ.'

എന്നിട്ട് ആ ചെറുപ്പക്കാരൻ ഷർട്ടിന്റെ പോക്കറ്റിൽ നിന്ന് ഉറുവാല എടുത്തു മൂന്നായി നീളത്തിൽ കീറിയിട്ട് എല്ലാം കൂടി ഏച്ചുകെട്ടി: എന്നിട്ട് പോക്കറ്റിൽനിന്ന് ഒരു സിഗററ്റുപെട്ടി എടുത്ത് അതിൽനിന്ന് ഒരു സിഗററ്റെടുത്ത്, അതിന്റെ കടലാസ് പൊളിച്ചു പുകയില മുഴുവനും ഉള്ളം കൈയിലിട്ടു.

'കയ്യ്ല്ലപം താഴ്ത്തു,' എന്നു പറഞ്ഞു. അവൾ കൈ അല്പം താഴ്ത്തി. അയാൾ മുറിവിൽ പുകയില വെച്ചു പതുക്കെ അമർത്തി. അവളുടെ മുലകൾ ആ ആൺപിറന്നവന്റെ ദേഹത്തെങ്ങാൻ തൊട്ടേക്കുമെന്നു ഭയന്ന് അവൾ അത് ഉള്ളിലേക്ക് 'എക്ളി'ക്കാനെന്നവണ്ണം അല്പം വളഞ്ഞു. അപ്പോൾ ശകലം വിഷമത്തോടെ ഒരു സംഗതി അവൾ കണ്ടു. അതിൽ അവൾക്കു സങ്കടവും തോന്നി. ആ ചെറുപ്പക്കാരന്റെ ഇടതു കൈയിൽ ചെറുവിരലില്ല! അതു മുറിച്ചു കളഞ്ഞമാതിരി... അതെങ്ങനെ പോയി?... അവൾ ചോദിച്ചില്ല.

അയാൾ ചോദിച്ചു:

'നീറ്റലുണ്ടോ?'

'ഹില്ല.'

'തീരെ?'

'ഉമ്മിണിശ്ശ.'

'ങ്ഹും, സാരമില്ല. കയ്യ് നനയ്ക്കരുത്. രണ്ടു മൂന്നു ദിവസം കഴിയുമ്പോൾ മുറിവു കരിഞ്ഞിരിക്കും.' എന്നും പറഞ്ഞ് ആ ചെറുപ്പക്കാരൻ വരിഞ്ഞുകെട്ടി. അതിനുശേഷം ഒരു സിഗററ്റു കത്തിച്ചു വലിച്ചുകൊണ്ടു ചോദിച്ചു. ചിരിച്ചുകൊണ്ടാണ്:

'കുഞ്ഞുപാത്തുമ്മാ മുകളിലേക്കെങ്ങനെ കയറും?'

കുഞ്ഞുപാത്തുമ്മാ വഴി ഒന്നും കണ്ടില്ല. എങ്കിലും അവൾക്കു പരിഭ്രമമോ പേടിയോ തോന്നിയില്ല. നല്ല കുളിരുള്ളപ്പോൾ തീയുടെ അടുത്തു നില്ക്കുന്നതുപോലെ... എന്തോ, അങ്ങനെയാണ് അവൾക്കു തോന്നിയത്.

'കുരുവിയെ കാണട്ടെ.'

അവൾ കൈ തുറന്നു. കുരുവി നന്ദിയോ സ്നേഹമോ എന്തോ പ്രകടിപ്പിക്കുന്ന ഒരു ചെറുശബ്ദത്തോടെ മുകളിലേക്കു പറന്നുപോയി!

'കുഞ്ഞുപാത്തുമ്മായ്ക്കു പറക്കാൻ കഴിയുമോ?'

'ഹില്ല.'

'എന്നാൽ, നമുക്കു ചിറകുണ്ടാക്കാം!' എന്നും പറഞ്ഞുകൊണ്ട് ആ ചെറുപ്പക്കാരൻ കുഞ്ഞുപാത്തുമ്മായുടെ വലതുകൈ പിടിച്ചുകൊണ്ട്, മാടിൽകൂടി കയറി. 'ഭയപ്പെടേണ്ട,

പോന്നോളൂ.' എന്നെല്ലാം ഇടയ്ക്കു പറയുന്നുണ്ടായിരുന്നു. ഇത്രയ്ക്കു വിഷമമില്ലാതെ എങ്ങനെ കയറാൻ കഴിഞ്ഞു എന്നവൾക്കറിഞ്ഞുകൂടാ. ഒരു പ്രകാരത്തിൽ അദ്ഭുതവുമാണ്. അവർ മുകളിൽ ചെന്നപ്പോൾ അയാൾ, 'എന്നാലിനി കുഞ്ഞുപാത്തുമ്മ പൊയ്ക്കോളൂ!' എന്നു പറഞ്ഞിട്ട് ചിരിച്ചുകൊണ്ടു തോട്ടിലേക്കു പതുക്കെ ചാടി ഓടി ഇറങ്ങി മറഞ്ഞു.

കുഞ്ഞുപാത്തുമ്മ പിന്നീടു പോകുന്നത് കിനാവിലെന്ന മാതിരിയാണ്. അവളുടെ ഓരോ അണുവും സുഖകരമായ വെളിച്ചത്തോടെ പ്രകാശിക്കുന്നതായി അവൾക്കു തോന്നി; ഉള്ളു നിറയെ സന്തോഷവും.

അവൾ പാളയും കയറും വസ്ത്രങ്ങളും എടുത്തുകൊണ്ട് അടുത്ത പുരയിടത്തിൽ കയറി കിണറ്റുകരയിൽ ചെന്നു. കുളിക്കുന്നതിനു മുമ്പ് അവൾ കുറെ അധികം മുല്ലപ്പൂക്കൾ പെറുക്കിയെടുത്ത് ഒരിലയിൽ കൂട്ടി. അതിനുശേഷം കുപ്പായം ഊരി. തോർത്തുടുത്തു മുണ്ടും അഴിച്ചുവെച്ചു. കെട്ടിവച്ചിരുന്ന മുടി അഴിച്ചിട്ടു. എന്നിട്ട് കുഞ്ഞുപാത്തുമ്മ പാള കിണറ്റിലേക്കിറക്കി. അതു വെള്ളത്തിൽ തൊടാറായപ്പോൾ നേരത്തേ കണ്ട ആ ചെറുപ്പക്കാരനെ അവൾ ഓർത്തു. 'കൈ നനയ്ക്കരുത്,' എന്നുള്ള വാക്കുകളാണ്. അതിശയമെന്നേ പറയേണ്ടൂ: ആ സമയത്ത് അവൾ നാണിച്ചു പുകയുകയും പാളയും കയറും പരിഭ്രമത്തിനിടയ്ക്ക് കിണറ്റിലിട്ട് അവൾ വേഗത്തിൽ വസ്ത്രങ്ങൾ വലിച്ചുവാരിയെടുത്ത് മാറുകൾ മറച്ചുകൊണ്ടു കുനിഞ്ഞിരിക്കുകയും ചെയ്തു! എന്തുകൊണ്ടെന്നാൽ ആൺപിറന്നവൻ ആ പുരയുടെ വാതിൽ തുറന്നു മുറ്റത്തിറങ്ങി.

'ഓ......കുഞ്ഞുപാത്തുമ്മ! കുളിക്കയാണ്, അലേ്ല?' അയാൾ പറഞ്ഞു: 'ഞാനിതറിഞ്ഞില്ല. എനിക്കു കുറച്ചു വെള്ളം വേണ്ടിയിരുന്നു. ഞാൻ ഇപ്പോഴത്തന്നെ പൊയ്ക്കൊള്ളാം. എനിക്ക് ഒരു ഗ്ലാസ് വെള്ളം വേണം.'

കുഞ്ഞുപാത്തുമ്മ പതുക്കെ പറഞ്ഞു:

'പാളേം കയറും കെണറ്റി പോയി!'

'എന്ത്? പാളയും കയറും...?'

'കെണറ്റി പോയി.'

അപ്പോൾ ആ ചെറുപ്പക്കാരൻ ചിരിച്ചുകൊണ്ടു കിണറ്റിലേക്കു നോക്കി.

'ഇനി എങ്ങനെ കുളിക്കും?' അയാൾ ചോദിച്ചു. കുഞ്ഞു പാത്തുമ്മ ഒന്നും പറഞ്ഞില്ല. പാളയും കയറുമില്ലാതെ വീട്ടിലേക്കു ചെന്നാൽ ഉമ്മ ചീത്തപറയുകയും ചെയ്യും!

ആ ആൺപിറന്നവൻ മുണ്ടു മടക്കിക്കുത്തി പതുക്കെ കിണറ്റിന്റെ അരഞ്ഞാൺവഴി ഇറങ്ങി പാളയും കയറും എടുത്തുകൊണ്ടുവന്നു. അയാൾ ഒരു പാത്രം കൊണ്ടുവന്നു വെള്ളം എടുത്തുകൊണ്ടു പോകുന്നവഴി പറഞ്ഞു:

'കുഞ്ഞുപാത്തുമ്മ കുളിച്ചോളൂ; ആ മുറിവ് നനയ്ക്കരുത്.'

ആ ചെറുപ്പക്കാരൻ വീട്ടിൽ കയറി വാതിലടച്ചു. അവൾ കുപ്പായം ഇട്ടു മുണ്ടും ഉടുത്ത് പാളയും കയറും തോർത്തും എടുത്തു വീട്ടിലേക്കു പതുക്കെ നടന്നു. അവൾ വീട്ടിൽ ചെന്നു വെള്ളം കോരി ഒഴിച്ചു കുളിച്ചു. അവൾ ആ യുവാവിനെപ്പറ്റി ഓർത്തു. നാണംകൊണ്ടോ എന്തോ ദേഹവും മുഖവുമൊക്കെ പുകയുന്ന മാതിരി. ആ മനുഷ്യൻ ആര്? ആ വീട്ടിൽ

എങ്ങനെ വന്നു?

അന്നു രാത്രി അവൾ ഉണ്ടില്ല. ചോദിച്ചപ്പോൾ അവൾ പറഞ്ഞു: 'ച്ച് ബേണ്ടാ!' ബാപ്പാ ചോദിച്ചപ്പോൾ അവൾ പറഞ്ഞു: 'ന്റ കരളില് വേതന!'

അങ്ങനെ എല്ലാവരും കൂടി രാത്രിയുടെ നിശ്ശബ്ദതയിൽ 'തൗബാ' ചെയ്യുന്നതിനിടയ്ക്കും 'കുഞ്ഞുപാത്തുമ്മ ആ അന്യനായ യുവാവിനെപ്പറ്റി വിചാരിച്ചു. തൗബാ ചെയ്യുമ്പോൾ രാത്രി കുറെ കടന്നിരുന്നു. മണ്ണെണ്ണവിളക്കിനു മുമ്പിലിരുന്ന് കിത്താബു നോക്കി ബാപ്പായാണു തൗബാ ചൊല്ലിക്കൊടുത്തത്. പ്രപഞ്ചങ്ങളായ എല്ലാ പ്രപഞ്ചങ്ങളെയും സൃഷ്ടിച്ച... ജീവജാലങ്ങളായ എല്ലാ ജീവജാലങ്ങളുടെയും അധിനായകനായ... ക്രൂപരഹിതനായ കരുണാമയനോട് മൂന്നു ജീവികൾ രാത്രിയുടെ നിശ്ശബ്ദതയിലിരുന്നു പ്രാർഥിക്കുന്നു. ബാപ്പാ പറഞ്ഞത് ഉമ്മായും അവളും ഭക്തിയോടെ ഏറ്റുപറഞ്ഞു. ഓരോ വാക്യവും മൂന്നു ശബ്ദത്തിൽ, മൂന്നു പേരും ഉരുവിട്ടു. മൂന്നു ജീവികൾ റബ്ബുൽ ആലമീനായ തമ്പുരാനോടു മാപ്പപേക്ഷിക്കുകയാണ്.

ബാപ്പാ ഭക്തിയോടെ തുടങ്ങി:

'ഞങ്ങളുടെ തമ്പുരാനേ...... ഞങ്ങളെല്ലാവരും നിന്നോടു പൊറുക്കലിനെ തേടുന്നു തമ്പുരാനേ. എല്ലാ ചെറുദോശത്തിനെത്തൊട്ടും, എല്ലാ ബന്തോശത്തിനെത്തൊട്ടും, വെളിവിൽ ചെയ്ത ദോശത്തിനെത്തൊട്ടും, മറച്ചു ചെയ്ത ദോശത്തിനെത്തൊട്ടും കേതിച്ച് പേടിച്ച് തൗബാ ചെയ്തു മടങ്ങുന്നെൻ തമ്പുരാനേ.' അങ്ങനെ തുടങ്ങി, മേലിൽ തെറ്റുചെയ്യുകയില്ലെന്നും, 'കൽബിനെ ഒസുവാസാക്കുന്ന' ഇബ്ലീസ് എന്ന പഹയന്റെ ഉപദ്രവത്തിൽ നിന്നു രക്ഷ നല്കണമെന്നഭ്യർഥിച്ചും, എല്ലാവരേയും അവസാനം ഫിർദൗസ് എന്ന സ്വർഗത്തിൽ അകം കടത്തി, നിന്റെ തിർക്കായിച്ചനെയും ആദരവാ * യ നബിതങ്ങടെ തൃക്കല്യാണത്തിനെയും ഞങ്ങളെ രണ്ടു കണ്ണുകൊണ്ടു കാണവാനും അതിൽ കൂടുവാനും ഏറ്റമേറ്റം ഉദവി ശെയ്യണം തമ്പുരാനേ!' എന്ന് ഭക്തിനിർഭരമായ 'ആമീൻ' പറച്ചിലോടുകൂടെ അവസാനിപ്പിച്ചു.

അതിനുശേഷം കുറെ ദിവസത്തേക്ക് ഉമ്മാ വലിയ ബഹളമൊന്നും കൂട്ടിയില്ല. 'ആറ്റുനോറ്റൊണ്ടായ മകളാ' എന്നൊക്കെ സ്നേഹത്തോടെ പറഞ്ഞെങ്കിലും ഉമ്മായ്ക്കു വീണ്ടും ഹാലിളക്കം തുടങ്ങി. ചീത്ത പറച്ചിലായി. വഴക്കായി. ബാപ്പായേയും തോന്നിയതു പറയും. ബാപ്പായെ ശുണ്ഠിപിടിപ്പിക്കാൻ ചീത്ത പറയുന്നത് കുഞ്ഞുപാത്തുമ്മായെയാണ്. അതിന് അവൾ എന്തെങ്കിലും പറഞ്ഞാൽ ഉടനെ തുടങ്ങും:

'അതാടീ നിന്നെ ആരും കെട്ടിക്കൊണ്ടു പോകാത്തത്! നീ ഇരിന്ന് പൂപ്പല്ലു പിടിക്കണതേ, നീ പാക്യതോഷി ആയിട്ടാ. എന്ന കെട്ടിച്ചതേ പതിന്നാലാമത്തെ വയസ്സിലാ. നിനക്കിപ്പം വയസ്സ് ഇര്പത്ത്രണ്ടായി. ഇര്പത്ത്രണ്ട്!'

ബാപ്പാ പറയും:

'നെനക്കൊന്നു. ശുമ്മാ ഇരിക്കാവോ— പടച്ചോന്റെ ബേണ്ട്യ ഒണ്ടെങ്കി അവട കല്യാണം ഇക്കൊല്ലംതന്നെ നടക്കും. ഞാഞ്ചെറ്ക്കനെ നോക്ക്ണൊണ്ട്.'

'ഓ, ഇബളെക്കെട്ടാമ്പരണ്!'

ഉമ്മായുടെ അഭിപ്രായത്തിൽ കുഞ്ഞുപാത്തുമ്മയെ കെട്ടാൻ ആരും വരികയില്ല!

'എന്ത് കണ്ട്ട്ടാ ബരാൻ?'

ഒന്നുമില്ല. സ്ത്രീധനം കൊടുക്കാൻ വല്ലതുമുണ്ടോ? സ്വർണാഭരണങ്ങളോ വസ്ത്രങ്ങളോ വല്ലതുമുണ്ടോ?

ബാപ്പാ പറയും:

'ആരെങ്കിലും ബരും!'

ആരാ വരുന്നത്? ഹൃദയം പുകയുന്ന ഒരു ചിന്തയാണത്. എന്നാലും ആരു വന്നാലെന്ത്? വീട്ടിൽ ഒരു സുഖവുമില്ല. എപ്പോഴും ശകാരമാണ്; ശാപമാണ്. ഉമ്മായ്ക്ക് എന്തിനും ഏതിനും ചാടിക്കയറി അഭിപ്രായം പറയണം. നാട്ടിൽ എന്തു നടക്കുന്നതിനും ഉമ്മായോടാലോചിക്കണം! പക്ഷേ, ആരും ആലോചിക്കാറില്ല. ഉമ്മാ ഇരുന്നു സർവരേയും ചീത്ത പറയും. വഴിയേ പോകുന്ന പിള്ളേര് ഉമ്മായെ കളിയാക്കും. പിന്നെ ബാപ്പാ അവരോടു വഴക്കിടണം. ഇല്ലെങ്കിൽ ഉമ്മാ ആ പഴയ മെതിയടിപ്പുറത്തിറങ്ങി ചെല്ലും. അവരുടെ ബാപ്പാ ഉപ്പുപ്പാമാരേയും— എല്ലാറ്റിനേയും ചീത്ത പറയും. എല്ലാറ്റിനും ഉമ്മായ്ക്കു ലൈസൻസുണ്ട്. പള്ളിഭരണത്തിൽ ഉമ്മായ്ക്കും കൈവേണം. പള്ളിയിൽ 'ഖത്തീബി' നെയോ 'മുക്രി'യെയോ മാറ്റണമെങ്കിൽ ഉമ്മായോടു ചോദിച്ചിട്ടു വേണം. പക്ഷേ, ആരും ചോദിക്കാറില്ല. ഉമ്മാ ഇരുന്ന് നഷ്ടപ്പെട്ടുപോയ പഴയ പ്രതാപം ഓർത്ത് എല്ലാവരേയും ചീത്ത പറയും.

ബാപ്പാ പറയും:

'നെനക്കൊന്നു മുണ്ടാതിരിക്കാവോ?'

'ഇര്ന്നിലേല ചെമ്മീനടിമ മൂക്കി വലിച്ചു കേറ്റവോ?'

'എടീ!' ബാപ്പായുടെ ആ ശബ്ദവും നോട്ടവും...

കുഞ്ഞുപാത്തുമ്മ ഇരുന്നു വിറയ്ക്കും: എന്താ സംഭവിക്കാൻ പോകുന്നത്? അവൾ പതുക്കെ വിളിക്കും:

'ബാപ്പാ!'

ബാപ്പാ അവളെ ദുഃഖത്തോടെ നോക്കും. ഒന്നും മിണ്ടാതെ വെളിയിൽ ഇറങ്ങി നടക്കും. വീട്ടിൽ സൈ്വരം വേണമല്ലോ.

ഉമ്മായും ബാപ്പായും തമ്മിൽ വീണ്ടും കണ്ടുകൂടാതായിരിക്കുന്നു... എന്താണിങ്ങനെ സംഭവിക്കുന്നത്? അവളങ്ങനെ ഇരിക്കും. ആ ചെറുപ്പക്കാരനെപ്പറ്റി ഓർക്കും. കാണുന്നില്ല. എവിടെ പൊയ്ക്കളഞ്ഞു? എവിടെനിന്നു വന്നു? പേരെന്ത്? എന്തു ജാതി? ഒന്നും അറിഞ്ഞുകൂടാ. ജീവിതത്തിൽ ഒരിക്കൽ കണ്ടുമുട്ടിയ നല്ല മനുഷ്യൻ. ആ മുഖം. ആ മന്ദഹാസം. നഷ്ടപ്പെട്ട ആ വിരൽ... എന്തുകൊണ്ടോ എന്തോ, പൊയ്പോയ ആ വിരലിനെപ്പറ്റി എപ്പോഴും അവൾ ഓർക്കും. ശൂന്യമായ ആ വീട്, കിണറ്റുകരയിൽ നിറയെ പൂത്തുനില്ക്കുന്ന മുല്ല. ബാക്കി ആ വിശാലമായ പറമ്പിൽ ഒന്നുമില്ല. കരിഞ്ഞു നില്ക്കുന്ന പുല്ലു മാത്രം. അജ്ഞാതനായ ആ ചെറുപ്പക്കാരൻ കെട്ടിക്കൊടുത്തത് കുഞ്ഞുപാത്തുമ്മ അഴിച്ചു നോക്കി. എല്ലാം കരിഞ്ഞ് ഉണങ്ങിയിരിക്കുന്നു!

എല്ലാം പഴയ ചരിത്രത്തിന്റെ വെറും ഓർമപോലെയായി.

അങ്ങനെ ദിവസങ്ങൾ കഴിഞ്ഞുവരുമ്പോൾ ആ പറമ്പും പുരയും ആരോ വിലയ്ക്കു വാങ്ങിയിരിക്കുന്നതായി കേട്ടു. ആരാണ്? പക്ഷേ, രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോൾ

വ്യസനത്തോടെ അവൾ മനസ്സിലാക്കി. ദൂരെ എങ്ങാണ്ടത്തുകാരാരോ ആണ്. കുളിച്ചു താമസിക്കാൻ വന്നവരാണ്. മൂന്നു പേരുണ്ട്. കാഫ്രീങ്ങളാണ്. ഒരു മുതിർന്ന ആണും ഒരു മുതിർന്ന പെണ്ണും. പിന്നെ പത്രാസുകാരിയായ ഒരു കൊച്ചു കാഫ്രിച്ചിയും!

കുഞ്ഞുപാത്തുമ്മ ആകെ വേദനിച്ചു. ഒരു നിസ്സഹായത ഭാഗ്യദോഷിയാണവൾ. കടുകടുക്കുന്ന ഹൃദയത്തോടെ അവൾ സ്രഷ്ടാവിനോടു പറയും:

'യാറബ്ബുൽ ആലമീൻ!'

പ്രപഞ്ചങ്ങളായ എല്ലാ പ്രപഞ്ചങ്ങളുടേയും സഷ്ടാവേ! എന്നു മാത്രം. നിറഞ്ഞുമുറ്റി വിങ്ങുന്ന ആകാംക്ഷകളോടെ അവൾ അങ്ങനെ നില്ക്കും.

എന്താണവളുടെ അഭിലാഷം?

ഭാവി എന്ത്?

* പുണ്യം ചെയ്ത ആത്മാക്കളെല്ലാം ഒടുവിൽ സ്രഷ്ടാവിനെ നേരിൽ കാണുമെന്നുണ്ട്. കാണുമെന്നാണോ? 'എന്നിലേക്കു മടങ്ങും' എന്നാണ്. അനേകമനേകം പ്രവാചകന്മാരിൽ മുഹമ്മദ് നബിക്ക് ഒരു സ്വർഗീയകല്യാണം! ഈ സ്വർഗീയ കല്യാണ അറിവ് എവിടെനിന്ന്? നൂറ്റാണ്ടുകൾ നൂറ്റാണ്ടുകളായി മുസ്‌ലിം ലോകത്തിൽ അധികവും വിശ്വസിച്ചു വിശ്വസിക്കുന്നു. ചോദ്യം ചെയ്തവർ ഉണ്ടായിരുന്നു. ചോദ്യം ചെയ്യുന്നവർ ഇപ്പോഴുമുണ്ട്.

കള്ളബുദ്ദൂസ്

ഒരു ദിവസം ഉച്ചയ്ക്ക് അയൽപക്കത്തെ പത്രാസുകാരിയായ കൊച്ചുകാഫ്രിച്ചി ആമ്പൽപ്പൊയ്കയുടെ അടുത്തു നിന്നു സാരിയും ബ്ലൗസും അഴിച്ചുവയ്ക്കുന്നത് കുഞ്ഞുപാത്തുമ്മ കണ്ടു.

ആ ചെറുപ്പക്കാരി ബോഡീസും പാവാടയുമായി നില്ക്കുകയാണ്.

'ഓ, കുപ്പായത്തിന്റടീ പറ്റുകുപ്പായം... മുണ്ടിന്റടീ... ഹോ!' എന്ന് കുഞ്ഞുപാത്തുമ്മ മനസ്സിൽ വിചാരിച്ചു. ഉടൻ അവൾക്കൊരു പുകച്ചിലുണ്ടായി.

പടച്ചോനെ, ആ കൊച്ചുകാഫ്രിച്ചി കുളിച്ചാമ്പോക്കേണ്! കന്നട്ട കടിച്ചു കൊല്ലും!

കുഞ്ഞുപാത്തുമ്മ ഇറങ്ങി ഓടി. അവളുടെ മുടി അഴിഞ്ഞു പോയി. എങ്കിലും അവൾ ഓടി. 'കുളിച്ചല്ലേ! കുളിച്ചല്ലേ!' എന്നും പറഞ്ഞു കിതച്ചുകൊണ്ട് ആ ചെറുപ്പക്കാരിയുടെ അരികത്ത് അവൾ ചെന്നു:

ആ കൊച്ചുകാഫ്രിച്ചി യാതൊരു ക്ഷോഭവും കാണിക്കാതെ കുഞ്ഞുപാത്തുമ്മായോടു പറഞ്ഞു:

'ബുദ്ദൂസേ!... കുളിക്കല്ലേ, കുളിക്കല്ലേ എന്നു പറയണം!'

കുഞ്ഞുപാത്തുമ്മ ഒന്നും പറഞ്ഞില്ല. ഹമ്പടി! എന്നാൽ, കന്നട്ട കടിച്ചു കൊല്ലട്ടെ! ഹൊ... 'കുളിക്കല്ലേ, കുളിക്കല്ലേ' എന്നു പറയണം! 'കുളിച്ചല്ലേ, കുളിച്ചല്ലേ'ന്നു പറഞ്ഞാലെന്താ? അവളുടെ ഒരു നാമൂസ് കണ്ടോ! കുഞ്ഞുപാത്തുമ്മ വിചാരിച്ചു: കാഫ്രിച്ചികളെല്ലാം ഇങ്ങനെയായിരിക്കും! പത്രാസ്! പക്ഷേ, പഴയ ഓർമകൾ അവളിലുണ്ടായി: പണ്ട് കൊച്ചുന്നാളിൽ ബാപ്പാ അവളെ ചമയിപ്പിച്ചു നദിയിൽ കുളിപ്പിക്കാൻ കൊണ്ടുപോകുന്ന രംഗം. അന്നൊക്കെ ആ മിസ്സുസ് കാഫ്രിച്ചികളെല്ലാം വളരെ സ്നേഹത്തോടെയാണു പെരുമാറിയിട്ടുള്ളത്. ഇവളും അവരെപ്പോലെ സംസാരിക്കയാണെങ്കിലും... അവരേക്കാൾ പത്രാസുകാരിയാണ്. കുഞ്ഞുപാത്തുമ്മാ വരാലിനെ നോക്കാനായി ആമ്പൽപൊയ്കയുടെ വക്കത്തേക്കു നീങ്ങി.

'ഹോ... എത്ര നല്ല മുടി!' പത്രാസുകാരി പറയുകയാണ്: 'ഓ, കറുത്ത മറുകും! സുന്ദരിയാണേ!' എന്നും പറഞ്ഞ് പത്രാസുകാരി ബ്ലൗസു ധരിച്ച്, സാരി ചുറ്റി കുഞ്ഞുപാത്തുമ്മായുടെ അരികത്തു ചെന്നു. എന്നിട്ടു ഗൗരവത്തിൽ ചോദിച്ചു:

'സുന്ദരീ! ഈ ആമ്പൽപൊയ്കയിൽ കുളിക്കുന്ന കാര്യത്തിൽ പൊതുജനങ്ങളുടെമേൽ വല്ല നിരോധന ഉത്തരവുമുണ്ടോ?'

കുഞ്ഞുപാത്തുമ്മാ പറഞ്ഞു:

'ന്റ പേര് ഉന്നരീന്നല്ല!'

'ഉന്നരിയോ!' ആ പത്രാസുകാരി ചിരിച്ചു: 'ബുദ്ദൂസേ, സുന്ദരി എന്നു പറയണം. ആട്ടെ, പേരെന്താ?'

'കുഞ്ഞുപാത്തുമ്മാ.'

'ഹാ, മനോഹരമായ പേര്! മുഹമ്മദ് നബിസെല്ലല്ലാഹു അലൈഹിസല്ലം അവർകളുടെ മകൾ ഫാത്തിമയുടെ— അതിരിക്കട്ടെ ഈ ആമ്പൽപൊയ്കയിൽ കുളിച്ചാലെന്താ?'

'കന്നട്ട കടിച്ചും!'

'സ്ത്രീയട്ടയോ പുരുഷനട്ടയോ?'

'കെട്ടിയോനും കെട്ടിയോളും ഒണ്ടാർന്ന്. ഒന്നെന്നെ കടിച്ച് ചോര മുയ്മനും കുടിച്ച് കളഞ്ഞ്!' കുഞ്ഞുപാത്തുമ്മ തുടർന്നു: 'ന്റ ചോര മുയ്മനും കുടിച്ച് ബീർത്ത കന്നട്ടേന ബരാല് ബെട്ടി മുണ്ങ്ങി! ഇതിലി നീർക്കോലീം കാരാമേം ഒണ്ട്.' അതിനു ശേഷം കുഞ്ഞുപാത്തുമ്മായെ കന്നട്ട കടിച്ച സംഭവം സ്തോഭത്തോടെ അവൾ വർണിച്ചു. വീർത്ത അട്ട തുടയിൽ തൂങ്ങിക്കിടന്ന ഭാഗം വന്നപ്പോൾ പത്രാസുകാരി വിറയ്ക്കുകയും കണ്ണു തുറിക്കുകയും ചെയ്തു. 'ബ്ഓ!' എന്നു കുഞ്ഞാന അമറുന്നതുപോലെ ശബ്ദമുണ്ടാക്കി. 'ഞാനായിരുന്നുവെങ്കിൽ,' പത്രാസുകാരി പറഞ്ഞു: 'നിലവിളിച്ച് സർവ മനുഷ്യരേയും ഇവിടെ വരുത്തുമായിരുന്നു. ഒടുവിൽ ബോധംകെട്ടു വീഴുകയും ചെയ്യുമായിരുന്നു!'

കുഞ്ഞുപാത്തുമ്മാ നിലവിളിച്ചില്ലലേ്ലാ! ബോധം കെട്ടു വീണുമില്ല! അതിൽ അവൾക്കു വലിയ അന്തസ്സു തോന്നി. അവൾ പുളിയുടെ ചുവട്ടിലേക്കു നടന്നു. ഒരു പഴുത്ത വാളമ്പുളി കിടക്കുന്നതു കണ്ടു. അവളതെടുത്തു. തൊലി പൊട്ടിച്ച്, കുറെ എടുത്തു വായിലിട്ടു.

പത്രാസുകാരി അവളുടെ അടുത്തു ചെന്ന്, 'എന്താ വാളമ്പുളിയാണോ തിന്നുന്നത്?' എന്നു ചോദിച്ചു..

'ഹതെ.' പുളി എല്ലാ പെണ്ണുങ്ങൾക്കും ഇഷ്ടമായിരിക്കുമോ? കുഞ്ഞുപാത്തുമ്മായ്ക്കു സംശയമാണ്. എങ്കിലും അവൾ ചോദിച്ചു:

'ബേണോ?'

'ഒരു നണ്ങ്ങ് കഷണം തരൂ!' എന്നു പത്രാസുകാരി പറഞ്ഞപ്പോൾ അവളുടെ വായിൽ വെള്ളം നിറഞ്ഞു നില്ക്കുന്നുണ്ടെന്ന് കുഞ്ഞുപാത്തുമ്മായ്ക്കു തോന്നി! കുഞ്ഞുപാത്തുമ്മാ വലിയ ഒരു കഷണം കൊടുത്തു. പത്രാസുകാരി അതു വാങ്ങി തിന്നു. സാധാരണ പെണ്ണുങ്ങൾ വാളമ്പുളി തിന്നുന്ന രീതിയിലല്ല. കണ്ണുകൾ കുഞ്ഞാക്കുകയോ മുഖത്തു സ്തോഭങ്ങൾ വരുത്തുകയോ ചെയ്തില്ല പത്രാസുകാരി കാഫ്രിച്ചി കുരുവോടെ അതു കിട്ടിയപാടെ വിഴുങ്ങിക്കളഞ്ഞു!

കുഞ്ഞുപാത്തുമ്മ അദ്ഭുതത്തോടെ പറഞ്ഞു:

'മുണ്ങ്ങാമ്പാടില്ല!'

'വിഴുങ്ങിയാലെന്താ?'

'ബയറ്റിക്കെടന്ന് കിളുക്കും! ബല്യ മരവാകും!'

പത്രാസുകാരി പറഞ്ഞു:

'എന്റെ വയറ്റിൽ കരിങ്കല്ലിട്ടാലും ദഹിച്ചു പോകും! എന്റെ

പ്രായത്തിന്റേതാണെന്നാണ് പൊതുജനസംസാരം!'

കുഞ്ഞുപാത്തുമ്മാ ഒരു വലിയ കഷണം കൂടി കൊടുത്തിട്ടു ചോദിച്ചു:

'എത്ര ബയസ്സൊണ്ട്?'

'പതിനേഴ്.'

'ഇനിക്ക്,' കുഞ്ഞുപാത്തുമ്മാ പറഞ്ഞു: 'ഉമ്മാ പറേണത് ഇര്പത്ത്രണ്ടെന്നാ.'

'ബാപ്പാ പറയുന്നതോ?'

കുഞ്ഞുപാത്തുമ്മാ ഒന്നും മിണ്ടിയില്ല.

'എന്താ ബുദ്ദൂസേ ഒന്നും മിണ്ടാത്തത്?'

'ന്നെന്തിനാ ബുദ്ദൂസേന്നു ബിളിച്ചണേ?'

'ബുദ്ദൂസേ, അങ്ങനെയല്ല. എന്നെ എന്തിനാ ബുദ്ദൂസേ എന്നു വിളിക്കുന്നത്?' എന്നു ചോദിക്കണം. എന്തിനാണെന്നോ ബുദ്ദൂസേ എന്നു വിളിക്കുന്നത്? എനിക്കറിഞ്ഞുകൂടാ. മഹിളാരത്നങ്ങളായ എല്ലാ മഹിളാരത്നങ്ങളേയും കള്ളബുദ്ദൂസ് എന്നു വിളിക്കാം. അതുകൊണ്ട് എന്റെ ഇയ്ക്കാക്കാ എന്നെ 'കള്ളബുദ്ദൂസ്' എന്നാണു വിളിക്കുന്നത്—

ഇയ്ക്കാക്കാ! നബി(സ.അ.)... കാഫ്രിച്ചി എന്താ ഇങ്ങനെയൊക്കെ പറയുന്നത്?

'അങ്ങനെ ഞാൻ മനസ്സിലാക്കിയത്, പെണ്ണിന്റെ പര്യായമാണ് കള്ളബുദ്ദൂസ്. പിന്നെ എന്റെ ഇയ്ക്കാക്കാ എന്നെ 'ലൂട്ടാപ്പി' എന്നും വിളിക്കും.'

'ഇയ്ക്കാന്റെ പേരെന്ത്ന്നാ?'

'നിസാർ അഹ്മ്മദ്?'

നിസാർ അഹ്മ്മദ്... പെണ്ണിന്റെ പേരെന്ത്ന്നാ?'

പവ്വറുകാരി പറഞ്ഞു:

'ആയിഷാ.'

'നിഞ്ഞ് എന്ത് ജാതിയാ?'

പവ്വറുകാരി സാരിക്കാരി പറഞ്ഞു:

'മുസ്ലിം!'

യാറബ്ബുൽ ആലമീൻ! കുഞ്ഞുപാത്തുമ്മ ചോദിച്ചു:

'ഞങ്ങട മാതിരിയാ?'

'അല്ല; ഞങ്ങൾ ശരിയായ ഇസ്ലാമീങ്ങളാണ്!'

ശരിയായ ഇസ്ലാമീങ്ങൾ...! കാതു രണ്ടും കുത്തി അലിക്കത്തിട്ടിട്ടില്ല! തട്ടുകാതിൽ പൊന്നിന്റെ രണ്ടു പൂവുണ്ട്! ഉടുത്തിരിക്കുന്നത് സാരിയാണ്! ഇട്ടിരിക്കുന്നതു ബ്ലൗസ് എന്ന കുപ്പായമാണ് അതിന്റെ അടിയിൽ ഒരു നണങ്ങ് പറ്റുകുപ്പായവുമുണ്ട്!

'പേരെന്ത്ന്നാ പറഞ്ഞേ?'

'ആയിഷാ. വേണമെങ്കിൽ ആയിഷാബീബി എന്നോ, ബീഗം ആയിഷാ എന്നോ വിളിക്കാം. ആയിഷാ ബാനു എന്നും വിളിക്കാം! കോളേജിൽ എന്നെ ആയിഷാബീബി എന്നാണു വിളിക്കുന്നത്. വീട്ടിൽ എന്റെ ബാപ്പായും ഉമ്മായും ആയിഷാ എന്നു വിളിക്കും.

ഞാൻ പറഞ്ഞിലേ്ല ഇയ്ക്കാക്കാ എന്നെ വിളിക്കുന്നത് 'ലുട്ടാപ്പി' എന്നാണ്. 'കള്ളബുദ്ദൂസ്' എന്നും വിളിക്കും.'

ആയിഷ! മുഹമ്മദുനബിയുടെ 'വീടരു'ടെ പേരാണ്! റബ്ബേ!

കുഞ്ഞുപാത്തുമ്മ അമ്പരപ്പോടെ നോക്കി. ഇതെന്തൊരിസ്ലാമീങ്ങളാണ്? കുഞ്ഞുപാത്തുമ്മ ചോദിച്ചു:

'ആ മൊകത്ത് മുടീല്ലാത്ത തലേ മുടിയൊള്ള ആമ്പറന്നോന്...?'

ആയിഷ പറഞ്ഞു. പറഞ്ഞത് കുഞ്ഞുപാത്തുമ്മയെ കളിയാക്കുന്ന മാതിരി:

'ന്റ ബാപ്പ... പിന്നെ, ആ സാരിക്കാരിന്റെ ഉമ്മാ.' അതിനു ശേഷം ആയിഷ ചോദിച്ചു:

'ആ പൊക്കക്കാരൻ ത്ത്ത്തായുടെ ബാപ്പായാണോ?'

'ഹതെ.'

'രാവും പകലും കലപലാ ശബ്ദം ഉണ്ടാക്കുന്നത്?'

'ഉമ്മാ.'

ആയിഷാ ചോദിച്ചു:

'അതെന്തിനാ ഇത്രയധികം ഉച്ചത്തിൽ വർത്തമാനം പറയുന്നത്? അയൽപക്കക്കാർക്ക കിടന്നുറങ്ങാൻ സാധിക്കയില്ലലേ്ലാ! മുസ്ലിംസ്ത്രീകൾ അടക്കവും ഒതുക്കവുമില്ലാതെ ഇങ്ങനെ പൊതു ശല്യക്കാരി ആകുന്നതു നല്ലതാണോ?'

കുഞ്ഞുപാത്തുമ്മ ഒന്നും പറഞ്ഞില്ല.

ആയിഷ ചോദിച്ചു:

'ത്ത്ത്തായുടെ ഉമ്മാ എന്തിനാ ഞങ്ങളുടെ മുമ്പിലുള്ള വെള്ളമില്ലാത്ത ആ ചെറിയ തോട്ടിൽ വന്നു വെളിക്കിരിക്കുന്നത്!'

'അത് ഞങ്ങ ലാത്ത്രി നാട്ടുവയീ ഇരിക്കും. പകലായിട്ടാ!'

'അതു കൊള്ളാം! മനുഷ്യർക്കു നടക്കാനുള്ള നാട്ടുവഴിയിൽ കക്കൂസു ചെയ്യുന്നതു കൊള്ളാം! ഈ നാട്ടിൽ എല്ലാവരും നാട്ടു വഴിയിലാണോ...?'

കുഞ്ഞുപാത്തുമ്മ പറഞ്ഞു:

'ഹതെ.'

വീട്ടുകളിൽ കക്കൂസുണ്ടാക്കിയാലെന്താ?'

കുഞ്ഞുപാത്തുമ്മ ഒന്നും പറഞ്ഞില്ല.

ആയിഷ പറഞ്ഞു:

'പിന്നെ... ലാത്ത്രി എന്നു പറയരുത്. രാത്രി എന്നു പറയൂ.'

കുഞ്ഞുപാത്തുമ്മ പറഞ്ഞു:

'രാത്ത്രി.'

'ഹോ, അങ്ങനെയല്ല. ത്രിട്ടോഷ് എന്ന വാക്കിലേ്ല, അതിലെ ത്രി, പറയൂ, രാത്രി.'

‘രാത്രി’ എന്ന പറഞ്ഞിട്ട് കുഞ്ഞുപാത്തുമ്മ ചോദിച്ചു: നിഞ്ഞട ബീടെബിടെ?’

‘നിങ്ങളുടെ വീടെവിടെയാണ്? എന്ന ചോദിക്കു. ശരി. അങ്ങനെ ചോദിച്ചു എന്നുതന്നെ ഇരിക്കട്ടെ. അപ്പോൾ എന്താ പറയുക? സത്യം വേണമല്ലോ പറയാൻ? ഞങ്ങൾക്കു സ്വന്തമായി വീടില്ല. എന്നാൽ പട്ടണത്തിൽ ഒരു വീടുണ്ടുതാനും. അതു ഞങ്ങൾക്കു നടപ്പുപണയമാണ്. ഞങ്ങൾ അതിൽ ദേഹണ്ണിച്ചിട്ടുമുണ്ട്. അവിടെ പല വിധത്തിലുള്ള ഒട്ടുമാവുകൾ, ഒട്ടുപേരകൾ, സപ്പോട്ട, ജാതി, കപ്പര, ചാമ്പ, മുല്ല, റോസ് എന്നുവേണ്ട കായുണ്ടാകുന്നതും പൂവുണ്ടാകുന്നതുമായി അനേകം വൃക്ഷങ്ങൾ, ചെടികൾ, വല്ലികൾ.’

അതു കഴിഞ്ഞ് വീടിന്റെ വർണനയാണ്: ‘ഓടു മേഞ്ഞ ഒരു രണ്ടുനില മാളിക. അതിന്റെ ചുറ്റും മഞ്ഞ മതിൽക്കെട്ടുണ്ട്. വീടിന്റെ ഗേറ്റ് നീലച്ചായമിട്ടതാണ്. വീട്ടിലെ ഓരോ മുറിയിലും ഇലക്ക്ട്രിക് വിളക്കുകളുണ്ട്. പിന്നെ ഞങ്ങൾക്ക് റേഡിയോയുമുണ്ട്.’

‘അദെന്താ?’ എന്ന് കുഞ്ഞുപാത്തുമ്മ ചോദിച്ചു. ബാക്കി എല്ലാം അവൾക്കു മനസ്സിലായി. ഞെക്കിയാൽ തെളിയുന്ന ‘എൽട്ടീക്കിന്റെ ബെളക്ക്’ അവൾ കണ്ടിട്ടുണ്ട്. റേഡിയോ എന്താണെന്ന് അവൾക്കു മനസ്സിലായില്ല.

ആയിഷ പറഞ്ഞു:

‘അതൊരു പെട്ടിയാണ്. അതിലൂടെ ഒരു പാട്, ഒരുപാടു രാജ്യങ്ങളിലെ പാട്ടുകളും വർത്തമാനങ്ങളും കേൾക്കാം.’

‘മക്കത്ത്ന്ന് കേക്കാവോ?’

ആയിഷ പറഞ്ഞു:

‘അറേബ്യ, ടർക്കി, ഇറാൻ, അഫ്ഗാനിസ്ഥാൻ, റഷ്യ, ആഫ്രിക്ക, മദ്രാസ്, ജർമനി, അമേരിക്ക, സിങ്കപ്പൂർ, ഡൽഹി, കറാച്ചി, ലാഹൂർ, മൈസൂർ, ഇംഗ്ലണ്ട്, കൈറോ, ആസ്ത്രേലിയ, കൽക്കട്ട, സിലോൺ— എന്നുവേണ്ടാ, ലോകത്തിലെ മിക്ക സ്ഥലങ്ങളിൽ നിന്നും കേൾക്കാം.

കുഞ്ഞുപാത്തുമ്മായ്ക്ക് അതെന്താണെന്നു ശരിക്കു മനസ്സിലായില്ല. എന്താണെങ്കിലും ‘പവറ്’ കുറെ കൂടിപ്പോയി. അവൾ ഒരു തകർപ്പൻ ചോദ്യം ചോദിച്ചു:

‘നിഞ്ഞട ബീട്ടി ബാളമ്പുളി ഒണ്ടോ?’

‘ഇല്ല!’

പിന്നെന്താ വാളമ്പുളിയല്ലേ പ്രധാനം! കുഞ്ഞുപാത്തുമ്മ ചോദിച്ചു:

‘കള്ളബ്യദ്ദൂസേ... നിഞ്ഞക്ക് ആനേണ്ടാർന്നോ?’

‘ഇല്ല!’

‘കുഞ്ഞുപാത്തുമ്മ അഭിമാനത്തോടെ പറഞ്ഞു:

‘ന്റുപ്പപ്പാക്കൊരാനേണ്ടാർന്ന്!— ബല്യ ഒര് കൊമ്പനാന!’

ആയിഷ അഭിമാനത്തോടെ പറഞ്ഞു:

‘എന്റെ ഉപ്പുപ്പായ്ക്ക് ഒരു കാളവണ്ടിയുണ്ടായിരുന്നു. അതിലദ്ദേഹം സാമാനങ്ങൾ കൂലിക്കു കയറ്റിക്കൊണ്ടു പോയി കടകളിലും വീടുകളിലും കൊടുക്കുമായിരുന്നു. ആ വണ്ടികൊണ്ട് എന്റെ ബാപ്പായെ അദ്ദേഹം എം.എ. വരെ പഠിപ്പിച്ചു... എന്നിട്ടിത്ത്ത്താ,

നിങ്ങളുടെ ആ വലിയ കൊമ്പനാന എവിടെ?'

'അദ് ചത്ത്— മരിച്ചുപോയി!' ഇസ്‌ലാമിന്റെ ആനയായതു കൊണ്ട് മരിച്ചുപോയി എന്നോ മൗത്തായിപ്പോയി എന്നോ വേണം പറയാൻ. ഇസ്‌ലാമ് മരിക്കുമ്പോൾ 'മരിച്ചു' എന്നും കാഫിർ മരിക്കുമ്പോൾ 'ചത്തു' എന്നും വേണം പറയാൻ.

ആയിഷ ചോദിച്ചു:

'അതു ചത്തുപോയോ?'

കുഞ്ഞുപാത്തുമ്മ പറഞ്ഞു:

'മരിച്ചുപോയി. അദ് നാലു കാഫ്‌രീങ്ങളെ കൊന്ന്!'

'വെറും നാലെണ്ണത്തിനെയോ? ഇസ്‌ലാമിനെ എത്ര കൊന്നു?'

'ഒറ്റ ഒന്ന്‌നേം കൊന്നില്ല. അദ് അസെലാള്ള ആനേർന്ന്!'

'അങ്ങനെയാണു സത്യമെങ്കിൽ,' ആയിഷ ചിരിച്ചു കൊണ്ടു പറഞ്ഞു, 'സ്വർഗത്തിൽ ആ കൊമ്പനാനയ്ക്കു കൽ, കരട്, മുത്ത്, മാണിക്കത്താലുള്ള നാലു മാളികകൾ കിട്ടുമല്ലോ?'

എന്താണെന്നുവച്ചാൽ ഇഹത്തിൽ പുണ്യംചെയ്തവർക്ക് പരത്തിൽ പലേ സുഖസൗകര്യങ്ങളും ലഭിക്കും. ഐതിഹ്യപ്രകാരം കാഫ്‌രിനെ കാച്ചുന്നതും ഒരു പുണ്യകർമമാണ്!

കുഞ്ഞുപാത്തുമ്മ പറഞ്ഞു:

'ഞങ്ങക്കൊത്തിരി മൊതലൊണ്ടാർന്ന്!'

'എന്നിട്ടതെല്ലാം എവിടെ?'

'പോയി' എന്നു മാത്രമേ അവൾക്കറിയൂ.

ആയിഷ ചോദിച്ചു:

'ബാപ്പായ്ക്കു എന്തു ജോലി?'

'കച്ചോടം.'

'എന്തു കച്ചോടം?'

'കണ്ടതും കടിയതും.'

'ബാപ്പായുടെ പേരെന്ത്?'

'വട്ടനടിമ.'

'ഉമ്മായുടെ പേര്?'

'കുഞ്ഞ്‌താച്ചുമ്മ.'

ആയിഷ പറഞ്ഞു:

'എന്റെ ബാപ്പാ കോളേജ് പ്രഫസ്സറാണ്. പേര് സൈനുൽ ആബിദീൻ. ഉമ്മായുടെ പേര് ഹാജറാബീവി. ഇയ്ക്കാക്കായുടെ പേര് നിസാർ അഹ്മ്മദ്, അദ്ദേഹം കവിയാണ്. അദ്ദേഹം കവിതയെഴുതുന്നത് ഭൂമിയിലാണ്. മരങ്ങളും പൂക്കളും കായ്കളും കിഴങ്ങുകളുമായിത്തീരും അദ്ദേഹത്തിന്റെ കവിതകൾ! ആയിഷായ്ക്കു അങ്ങനെ നിസാർ

അഹ്മ്മദിനെപ്പറ്റി വളരെ പറയാനുണ്ട്. അവൾ തുടർന്നു: അദ്ദേഹം പ്രപഞ്ചങ്ങളേയും അതിലെ ഈ ഭൂമിയേയും ഇതിലുള്ളതും ഉണ്ടാക്കാവുന്നതുമായ എല്ലാറ്റിനേയും സ്നേഹിക്കുന്നു. വലിയ വൃത്തിയും മെനയുമുള്ള ഒരു... ഭയങ്കര മനുഷ്യനാണ്.'

കുഞ്ഞുപാത്തുമ്മായ്ക്ക് അതിലൊന്നിലും അത്ര വലിയ രസം തോന്നിയില്ല. വിശേഷിച്ച് ആ പേരുകൾ, സൈനുൽ ആബിദീൻ, നിസാർ അഹ്മ്മദ്... അത്തരമൊന്നും ഇസ്ലാമിന്റേതായി അവൾ കേട്ടിട്ടില്ല. മക്കാര്, അടിമ, അന്തു, കൊച്ച്പരോ, കുട്ടി, കൊച്ചുണ്ണി, കുട്ടിയാലി, ബാവാ, കുഞ്ഞാലു, പക്കറു കുഞ്ഞ്, മൈതിൻ, അവറാൻ, പരീത്, പരീക്കുട്ടി, ബാവക്കണ്ണ്, സൈദാലി, ചേക്കു, മയിതു, ബീരാൻ, കുഞ്ഞിക്കൊച്ച്, അദ്ദില്— എന്നെല്ലാം അവൾ കേട്ടിട്ടുണ്ട്. പക്ഷേ, നിസാർ അഹ്മ്മദ്!... ചുവന്നു തുറിച്ച ചോരക്കണ്ണുകളും, പിരിച്ചുമുറുക്കിയ കൊമ്പൻമീശയും, നെഞ്ചുനിറയെ കറുത്ത രോമങ്ങളുമുള്ള ഭയങ്കര പിടലിവണ്ണക്കാരനായ ഒരു നെടുനെടുങ്കനെ അവൾ മനസ്സിൽ കണ്ടു. അവൾ ചോദിച്ചു:

'തുട്ടാപ്പീന്റെ ഇയ്ക്കാക്കാ എന്നു വരും?'

'നാളെയോ മറ്റന്നാളോ— ഏതായാലും ത്ത്ത്തായുടെ ഉമ്മായോടു നേരത്തെ പറഞ്ഞേക്ക്, ഞങ്ങളുടെ മൂക്കിന്റെ തൊട്ടടുത്തു വന്നിരുന്ന് വെളിക്കിറങ്ങരുതെന്ന്. നാറുകിലേ്ല? ഇയ്ക്കാക്കാ വന്നാൽ വലിയ വഴക്കുണ്ടാകും!'

കുഞ്ഞുപാത്തുമ്മാ നടുങ്ങി. ഉമ്മായോടെങ്ങനെ പറയും? എങ്ങനെ പറയാതിരിക്കും! അവൾ പതുക്കെ മനസ്സിൽ പ്രാർഥിച്ചു: 'പടച്ചോനെ, തുട്ടാപ്പീന്റെ ഇക്കാന വരുത്തലേ്ല വന്നാ വയക്കൊണ്ടാകും!'

ആ ഭയങ്കര മനുഷ്യൻ!

ആയിഷ ചോദിച്ചു:

'ത്ത്ത്തായുടെ വിവാഹം കഴിഞ്ഞോ?'

കുഞ്ഞുപാത്തുമ്മാ പറഞ്ഞു:

'ന്റെ ബിബാഗം കയിഞ്ഞില്ല. തുട്ടാപ്പീന്റത് കയിഞ്ഞോ?'

'കള്ളബുദ്ദൂസേ!...ലുട്ടാപ്പി എന്നു പറയണം. എന്റെ വിവാഹം കഴിഞ്ഞിട്ടില്ല. ബി.എ. പാസ്സായിട്ടു കഴിക്കും. എന്നാൽതന്നെയും എന്റെ ഇയ്ക്കാക്കായുടെ കല്യാണത്തിനു ശേഷമേ ഉണ്ടാകൂ. ആ മഹാനു പറ്റിയ പെണ്ണിനെ ഇതുവരെ കണ്ടുകിട്ടിയില്ല. വളരെ ആലോചനകൾ വന്നു. ഞാൻ പറഞ്ഞിലേ്ല അദ്ദേഹം വലിയ മെനക്കാരനാണ്: പെണ്ണിനു മാത്രമല്ല, വീടിനും മെന വേണം. അദ്ദേഹത്തിനു കെട്ടുപറഞ്ഞ ഒരു ബി.എ.ക്കാരിയുടെ വീട്ടിൽ അദ്ദേഹം ചെന്നിരുന്നു. ഒരിക്കൽ. അദ്ദേഹത്തിനു കുടിക്കാൻ വെള്ളം കൊടുത്ത ഗ്ലാസിനു മീൻനാറ്റമുണ്ടായിരുന്നു! അതുകൊണ്ട് ആ വിവാഹാലോചന തകർന്നുപോയി.'

കുഞ്ഞുപാത്തുമ്മ ചോദിച്ചു:

'തുട്ടാപ്പീന്റെ ഇയ്ക്കാക്കാ മീൻ കൂട്ടുകേലേ?'

'അദ്ദേഹം പൊതുവേ പച്ചക്കറിക്കാരനാണ്. ഇറച്ചിയും മീനും ചിലപ്പോൾ കൂട്ടും. കൈയും മറ്റും സോപ്പിട്ടു കഴുകും. അതിന്റെ ഉളുമ്പുനാറ്റം വീട്ടിൽ പാടിലെ്ലന്നാണ്

അദ്ദേഹത്തിന്റെ ക്ലപന. പറഞ്ഞിലേ്ല, വലിയ മെനക്കാരൻ; മുസ്ലിം എന്നാൽ, വൃത്തിയുള്ള എന്നുംകൂടി അർഥമുണ്ടെന്നാണ് അദ്ദേഹം പറയുന്നത്. തന്നെയുമല്ല, അദ്ദേഹം കല്യാണം കഴിക്കുന്ന പെണ്ണിനു ചില ഗുണവിശേഷങ്ങൾ ഉണ്ടായിരിക്കണം. അവൾ ക്ഷൗരം ചെയ്യാൻ പഠിച്ചിരിക്കണം. ഡാൻസു ചെയ്യാൻ അറിയണം. അലക്ക്, സംഗീതം, ചിത്രമെഴുത്ത്, സാഹിത്യം, ശിശുപരിചരണം ഇതിലെല്ലാം നിപുണയായിരിക്കണം. പിന്നെ പാചക നൈപുണ്യം, എന്നു പറഞ്ഞാൽ, ബിരിയാനി, പത്തരിയും ഇറച്ചിയും, നൈച്ചോറ്, പൊറോട്ടാ, ഇഷ്ടു, സാമ്പാറ്, ഓലൻ, അവിയൽ, കാളൻ, മെഴുക്കുപുരട്ടി, പായസം എന്നുവേണ്ട ദുനിയാവിലുള്ള സർവവിധ തീറ്റിക്കുടി സാധനങ്ങൾ ഉണ്ടാക്കാൻ അറിഞ്ഞിരിക്കണം. ഇതിനും പുറമേ കിള, വേലികെട്ട്, മണ്ണുചുമട്, ചെടികൾക്കും വൃക്ഷങ്ങൾക്കും മറ്റും വേണ്ട വളം പാകപ്പെടുത്തൽ ഇതും അറിഞ്ഞിരിക്കണം. ഇങ്ങനെ എല്ലാവിധ ഗുണങ്ങളുമുള്ള അദ്ഭുതപ്പെണ്ണിനെ കണ്ടുപിടിച്ചു വിവാഹം ചെയ്തുകൊള്ളാൻ ഉമ്മായും ബാപ്പായും പറഞ്ഞിട്ടുമുണ്ട്!'

ഇത്രയും കേട്ടപ്പോൾ കുഞ്ഞുപാത്തുമ്മായുടെ ഭാവനയിൽ നിസാർ അഹ്മ്മദ് ഒന്നുകൂടി ഭയങ്കരനായി, അയാളോടു ദേഷ്യവും തോന്നി. ആയിഷയോടും ദേഷ്യം തോന്നി. ഇയ്ക്കാക്കാ അതു പറഞ്ഞു; ഇയ്ക്കാക്കാ ഇതു പറഞ്ഞു... ഓ, ഒരിയ്ക്കാക്കാ!

ആയിഷാ തുടർന്നു:

'എന്റെ ഇയ്ക്കാക്കായെപ്പോലെ ഒരാളെ... കേൾക്കണോ? ഒരു ദിവസം രാത്രി ഇയ്ക്കാക്കാ ചാരുകസേരയിൽ വായിച്ചുകൊണ്ടു കിടക്കുകയായിരുന്നു. അദ്ദേഹത്തിന്റെ കൈ മേശവലിപ്പിന്റെ ഒരു വശത്തിരുന്നതു ഞാൻ കണ്ടില്ല. ഞാനതു വലിച്ചടച്ചു. എന്തോ ഞെരിഞ്ഞതായി ഞാൻ കേട്ടു. ഞാൻ നോക്കിയപ്പോൾ— എനിക്കു ബോധക്കേടുണ്ടായി: ഇയ്ക്കാക്കായുടെ ഇടതുകൈയുടെ ചെറു വിരൽ ഞെരിഞ്ഞു പോയിരുന്നു!'

കുഞ്ഞുപാത്തുമ്മ ഞെട്ടിപ്പോയി. എന്നുതന്നെയല്ല, അവൾ വിളറുകയുംചെയ്തു! അവൾ ചോദിച്ചു:

'ഹെന്നിട്ട്?'

ആയിഷ പറഞ്ഞു:

'ഇയ്ക്കാക്കാ അനങ്ങിയില്ല. എന്നോടു പറഞ്ഞു, മീശവെട്ടുന്ന ചെറിയ കത്രിക എടുത്തുകൊണ്ടു വരാൻ. ഞാനതു കൊണ്ടു ചെന്നു. ഇയ്ക്കാക്കാ ആ കത്രികകൊണ്ടു ചതഞ്ഞുപോയ വിരൽ മുറിച്ചുകളഞ്ഞു!' ഇത്രയും പറഞ്ഞിട്ട് ആയിഷ പറഞ്ഞു:

'ഞാൻ പോകുന്നു. ഞങ്ങൾ താമസിക്കുന്നിടത്ത് വരുന്നോ?'

കുഞ്ഞുപാത്തുമ്മ അതു കേട്ടില്ല. അവൾ അങ്ങനെ തരിച്ചു നിന്നു.

ആയിഷ വീണ്ടും ചോദിച്ചു:

'വരുന്നോ?'

'എബ്ടെ?'

'കള്ളബുദ്ദൂസെ, ഞങ്ങൾ താമസിക്കുന്നിടത്ത്.'

'ഞാ ഉമ്മാട് ശോയിച്ചിട്ടു ബരാം.' അവൾ വീട്ടിൽ ചെന്ന് ഉമ്മായോടു പറഞ്ഞു:

‘ഉമ്മാ, അവ്ട താമസിക്കണവരേ ഇസ്ലാമീങ്ങളാ. ഞാൻ അവിടേന്നു പോട്ടെ?’

‘പോടീ, ഹറാമ്പറന്നോളേ!’ ഉമ്മാ പറഞ്ഞു: ‘ഇസ്ലാമീങ്ങള്! അവര് കാഫ്രീങ്ങളാ.’

‘അല്ലുമ്മ.’ അവൾ പറഞ്ഞു, ‘ഇസ്ലാമീങ്ങളാ. നോയിക്കേ അവ്ടത്തെ ആയിഷാ ഞമ്മടെ പുളിഞ്ചോട്ടീ നിപ്പൊണ്ട്.’

ഉമ്മാ നോക്കി. ഉമ്മാ കണ്ടു! സാരിക്കാരി! കാതു കുത്തീട്ടില്ല! ഉമ്മാ പറഞ്ഞു:

‘മയ്യദ്ദീനേ, ബദരീങ്ങളേ, അതിസ്ലാമാ?’

‘അതേ ഉമ്മാ, പത്ക്കപ്പെറ. ഞാനൊന്ന് പോട്ടെ അവര് താമസിക്കണടത്ത്?’

‘നീ ഞമ്മട അദ്ദക്കഹത്ത്ന്ന് ബെളീ പോയാ നീ ഇന്റെ മോളല്ല. അദ്വയ് പൊയ്ക്കോണം!’

കുഞ്ഞുപാത്തുമ്മ ഇറങ്ങിച്ചെന്ന് ആയിഷായോടു പറഞ്ഞു:

‘ഞാന്നാളവരാം.’

‘ഇന്നെന്താ?’

കുഞ്ഞുപാത്തുമ്മ പറഞ്ഞു:

‘ഉമ്മിണി ജോലിയൊണ്ട്. വെള്ളം കോരീടണം. നാള ഞാമ്പരുമ്പ പയിത്ത ബാളമ്പുളീം കൊണ്ടുബരാം.’

ആയിഷ പോയി.

അന്നുരാത്രി വളരെ കഴിഞ്ഞിട്ടും കുഞ്ഞുപാത്തുമ്മാക്ക് ഉറക്കം വന്നില്ല. ആയിഷായുടെ ഇക്കാക്കായെ വരുത്തരുതെന്ന് അവൾ നേരത്തേ പടച്ചവനോടു പ്രാർഥിച്ചതാണ്! ഇപ്പോൾ മറിച്ചെങ്ങനെ പറയും?

ഒടുവിൽ അവൾ മനസ്സു നൊന്തു പ്രാർഥിച്ചു:

‘ന്റ പടച്ചോനെ, തുട്ടാപ്പിന്റെ ഇക്കാക്കാ...’

‘കള്ളസ്സാച്ചി പറേങ്കയ്യേല!’

വലിയ കൊമ്പനാനയുണ്ടായിരുന്ന ആനമക്കാരിന്റെ പുന്നാര മകളായ കുഞ്ഞുതാച്ചുമ്മ തീർത്തുതന്നെ പറഞ്ഞു:

‘അവര് ഇസ്‌ലാമീങ്ങളല്ല! ആനമക്കാരിന്റെ പുന്നാരമോളാ പറേണത്— അവർ ഇസ്‌ലാമീങ്ങളല്ല!’

കുഞ്ഞുപാത്തുമ്മ ബാപ്പായുടെ മുഖത്തേക്കു നോക്കും. ബാപ്പാ ഒന്നും പറകയില്ല.

ഉമ്മാ തുടരും:

‘ക്യാമം അടുത്തതിന്റെ അടയാളം കണ്ടോ?’

ലോകം അവസാനിക്കാൻ പോകുന്നതിന്റെ അടയാളമാണ് ആയിഷായും അവളുടെ ബാപ്പായും ഉമ്മായും!

‘ആ പെമ്പറന്നോത്തി തലേ പൂ വെച്ചിരിക്കണന്നേ— പൂ!’

ആയിഷയുടെ ഉമ്മാ മുടിക്കെട്ടിൽ പൂവു ചൂടിയിട്ടുണ്ട്. അത് ഇസ്‌ലാമിനു ചേർന്നതാണോ?

‘പിന്നെ ആ പെങ്കൊച്ചിന്റെ കോലം കണ്ടോ, മുടിയേ രണ്ടു വാലാക്കി തോളേക്കൊട നെഞ്ചത്തിട്ടിരിക്കണ്!’

ആയിഷാ അവളുടെ മുടികൊണ്ടു പല കസറത്തുകളും കാണിക്കാറുണ്ട്. അവൾ മഹാ കിറുക്കിയാണ്. അവൾ ഓടും, ചാടും, തുള്ളും, ഡാൻസുചെയ്യും, പാട്ടു പാടും. ഒരു ദിവസം ആമ്പൽ പൊയ്കയുടെ അടുത്തു നിന്ന് ഭക്തിപാരവശ്യത്തോടെ അവൾ ഒരു പാട്ടു പാടി. കുഞ്ഞുപാത്തുമ്മ വിചാരിച്ചത് പടച്ചോനോട് എന്തോ അപേക്ഷിക്കുകയാണെന്നാണ്. പിന്നെ അവൾ വിചാരിച്ചു: വല്ല ‘ബൈത്ത്’ ആയിരിക്കും. അതോ ‘കെസ്സ്’ പാട്ടോ. എന്താണെന്നവൾക്കു മനസ്സിലായില്ല. അവളും ഭക്തിയോടുകൂടി രണ്ടു കൈയും ഉയർത്തി. ‘ആമീൻ!’ പിടിച്ചു. തീർന്നപ്പോൾ ‘ആമീൻ’ എന്നു പറകയും ചെയ്തു. ആയിഷ ചിരിച്ചില്ല, ചുമയ്ക്കുന്നതുപോലെ കാണിച്ചു. പക്ഷേ, അതു ചിരി അടക്കുകയായിരുന്നു എന്നു പിന്നീടവൾക്കു മനസ്സിലായി. അവൾ ചോദിച്ചു:

‘അയെന്താണ്?’

ആയിഷ പറഞ്ഞു:

‘എന്നോടു ചോദിക്കല്ലേ. ഞാൻ തികച്ചും അജ്ഞ. ആ മഹാൻ വരുമ്പോൾ ചോദിക്കൂ. അദ്ദേഹമാണ് ഇതിന്റെ കർത്താവ്. എന്തു ഭാഷയാണെന്ന് ആർക്കും ഒരു പിടിയില്ല. ഞങ്ങളുടെ കോളേജിലെ പെൺകുട്ടികൾക്കു ഘോഷയാത്രയിൽ ഉഗ്രമായി പാടി അലറാൻ അദ്ദേഹം നിർമിച്ചതാണ്. ഞങ്ങളിത് കോളേജിലെ ഘോഷയാത്രയിൽ

പാട്ടുകയും ചെയ്യു.'

'ലുട്ടാപ്പി പാടിയപ്പ ഞാനാമീൻ പിടിച്ച്!'

'ഞാൻ കണ്ടു!'

'ആമീൻ പിടിച്ചതിന് ദോഷോണ്ടോ?'

'കള്ളബുദ്ദൂസേ, ഗുണമല്ലാതെ യാതൊരു ദോഷവുമില്ല!'

'എന്നാ ഒന്ന്കൂട പാട്, നല്ല യശലൊണ്ട്.'

'എന്നാൽ ഭക്തിയോടെ ഇരുന്നോളൂ. മനസ്സിലുള്ള എല്ലാ വിചാരങ്ങളും മാറ്റുക. മനസ്സു ശുദ്ധമാക്കണം. എന്നിട്ടു ശ്രദ്ധിക്കുക! കൊടിയെല്ലാം പിടിച്ചുകൊണ്ട് കൊളേജ് പെൺകുട്ടികളുടെ ഒരു വലിയ ഘോഷയാത്രയിൽ അവർ— എന്നുവെച്ചാൽ ഞങ്ങൾ— ഗംഭീരമായി പാടിക്കൊണ്ടു പോകുകയാണെന്നു വിചാരിക്കു!'

'ബിജാരിച്ച്.'

'ശരി, കേൾക്കുക!' അവൾ പാടി:

'ഹോ... ഹോ... ഹോ...'

ഗുത്തിനി ഹാലിട്ട ലിത്താപ്പോ

സഞ്ചിനി ബാലിക്ക ലുട്ടാപീ

ഹാലിത്ത മാണിക്ക ലിഞ്ചലേലാ

സങ്കര ബാഹന ത്തലീപീ

ഹുഞ്ചിനി ഹീലത്ത ഹുത്താലോ

ഫാനത്ത ലാക്കിടി ജിംബാലോ

ഹാ... ഹാ...ഹാ!...

ഹോ... ഹോ... ഹോ...!'

എന്നിട്ട് ആയിഷാ തുടർന്നു പറഞ്ഞു:

'ഇതിപ്പോൾ എല്ലാം ശരിയാണെന്നെനിക്കു വിശ്വാസമില്ല. ചില വാക്കുകൾ വിട്ടുപോയിട്ടില്ലേ എന്നു ഞാൻ സംശയിക്കുന്നു. വല്ലതും വിട്ടുപോയിട്ടുണ്ടെങ്കിൽ അദ്ദേഹം നമ്മളെ തല്ലും!'

കുഞ്ഞുപാത്തുമ്മ ചോദിച്ചു:

'ലുട്ടാപ്പീന്റെ ഇയ്യാക്കാ അറീണതെങ്ങനെ?'

'അറിയുന്നതെങ്ങനെ എന്നോ? കൊള്ളാം! അദ്ദേഹം വന്നാലുടനെ എന്നെ വിളിക്കും: 'ലുട്ടാപ്പീ! ഇവിടെ വരൂ. ഈ വരയ്ക്കകത്തു നില്ക്കു!' ഞാനാ വരയ്ക്കകത്തു നില്ക്കും. ഇയ്യാക്കാ പറയും: 'പാടൂ!' പാടിയില്ലെങ്കിൽ എന്നെ അറുത്തു രണ്ടായിരം കഷണമാക്കും. എന്നിട്ടു രണ്ടായിരം കിളികൾക്കു കൊടുക്കും. അതിനു ശേഷം ആ കിളികളെ എല്ലാം ഇയ്യാക്കാ വെടിവച്ചു കൊല്ലും. എന്നിട്ട് അതിനെ എല്ലാം പൊരിച്ചു തിന്നും!'

'അറുത്ത് തിന്നണ്ടേ?'

ബിസ്മി ചൊല്ലി അറുത്ത് ഹലാലാക്കി വേണമലേ്ലാ തിന്നാൻ?

'ബുദ്ദൂസേ?' ആയിഷ പറഞ്ഞു, 'എന്നേപ്പോലുള്ള ഒരു നല്ല പെണ്ണിനെ കൊന്നിട്ടുള്ള കാര്യമാണീ പറയുന്നത്! മുസ്ഹഫ് കക്കുന്നവന് ഒസു വേണമോ?'

വേദഗ്രന്ഥമായ ഖുർആൻ മോഷ്ടിക്കുന്നതിന് ദേഹശുദ്ധി ഉണ്ടായിരിക്കണമെന്നില്ലലേ്ലാ! ഇങ്ങനെ പലതും ആയിഷ പറയും. ചിലപ്പോൾ ചില പത്രങ്ങൾ കൊണ്ടുവന്ന പേടിപ്പെടുത്തുന്ന വാർത്തകൾ കുഞ്ഞുപാത്തുമ്മായെ വായിച്ചു കേൾപ്പിക്കും. ആ കടലാസ്സിൽ ആ ഭയങ്കര സംഭവം ഉണ്ടെന്ന് കുഞ്ഞുപാത്തുമ്മായ്ക്കു വിശ്വസിക്കാൻ... ആ വിധം അവൾ നില്ക്കും. ആയിഷ ആ സ്ഥലം ചൂണ്ടിക്കാണിച്ച് ഒരിക്കൽകൂടി വായിച്ചു കേൾപ്പിക്കും. കുഞ്ഞുപാത്തുമ്മായ്ക്ക് അതൊരദ്ഭുതമാണ്. അവൾ അതു പറയുകയും ചെയ്യും. അങ്ങനെ ഒരു സന്ദർഭത്തിൽ ആയിഷ ചോദിച്ചു:

'ത്ത്ത്തായെ എന്താ എഴുത്തും വായനയും പഠിപ്പിക്കാഞ്ഞത്? ഒരുപാടു സ്വത്തുണ്ടായിരുന്നലേ്ലാ?'

ശരിയാണ്, ഒരുപാടു സ്വത്തുണ്ടായിരുന്നു. മുസ്ലിം എഴുത്തും വായനയും പഠിക്കേണ്ടതുമാണ്. ഒന്നിനും വിഷമം ഉണ്ടായിരുന്നില്ല. അന്ന് എഴുത്തും വായനയും പഠിച്ചു തുടങ്ങിയിരുന്നെങ്കിൽ... ഇന്ന് ആയിഷയെക്കാൾ അറിവുണ്ടാകുമായിരുന്നു... എല്ലാറ്റിനും ഇന്നത്തേക്കാൾ മാറ്റം ഉണ്ടാകുമായിരുന്നു. ബാപ്പായും ഉമ്മായും എന്തുകൊണ്ടതു ചെയ്തില്ല? അവർ എന്തുകൊണ്ട് എഴുത്തും വായനയും പഠിച്ചില്ല? കൊമ്പനാനയുണ്ടായിരുന്ന ആനമക്കാർ എഴുതാനും വായിക്കാനും പഠിച്ചിരുന്നോ? പാമരരായ തലമുറകൾ!

അന്നു രാത്രി അവൾ അത് ഓർത്തു: എന്തുകൊണ്ടവളെ വിദ്യാഭ്യാസം ചെയ്യിപ്പിച്ചില്ല! കിടക്കപ്പായിൽ കിടന്നുകൊണ്ട് ഇരുളിലൂടെ അവൾ ബാപ്പായോടു ചോദിച്ചു:

'ന്താ ബാപ്പാ... ന്ന... എയിത്ത് പടിപ്പിക്കാഞ്ഞത്?'

ബാപ്പാ ഒരു ദീർഘനിശ്വാസം മാത്രം ചെയ്തു. ഉമ്മാ പറഞ്ഞു:

'യെത്ത് പടിപ്പിച്ചു നിന്നാ കാഫറാക്കാഞ്ഞത് എന്താണെന്നാണോ നീ ശോയിക്കണത്?'

എഴുത്തും വായനയും പഠിച്ചാൽ... അറിവുണ്ടായാൽ... ഇസ്ലാമായി ജീവിക്കാൻ സാധ്യമല്ല! ശരിയാണോ ഇത്? വായിക്കുക! ഈ വാക്കാത്രേ ഖുർ ആനിൽ— ആദ്യമായി വന്നത്!

ചിന്തിക്കരുതലേ്ലാ! പിറ്റേ ദിവസം കുഞ്ഞുപാത്തുമ്മാ ആയിഷയോടു ചോദിച്ചു. ആയിഷ ചിരിച്ചു! അറിവില്ലായ്മയുടെ ഒരു പോക്ക്...അറിവില്ലായ്മ വളരുകയാണ്! അറിവു വളരുംപോലെ. വളർത്തിയാൽ വേണ്ടതും വേണ്ടാത്തതും വളരും! ആയിഷ പറഞ്ഞു:

'നോക്ക്, ഇസ്ലാമിന് അറിവുണ്ടായിരിക്കണം. അറിവില്ലാത്തവർ ഹമ്ക്കീങ്ങളാണ്. ഇസ്ലാമ്, ഹമുക്കാണോ?'

ഇസ്ലാമ് മണ്ടക്കഴുതയാണോ? അലെ്ലന്നു കുഞ്ഞുപാത്തുമ്മായ്ക്കു നന്നായി അറിയാം. എങ്കിലും... അവൾ ചോദിച്ചു:

'കാഫ്രീങ്ങളോടു 'മാറു' കാണിക്കണ്ടേ?'

കാഫ്രീങ്ങളോട് എതിരു കാണിക്കണം!

'നേരാണ്.' ആയിഷ പറഞ്ഞു. 'കാഫർ കാലുകൾകൊണ്ടു നടക്കുമ്പോൾ ഇസ്ലാമ് തലകൊണ്ടു നടക്കണം! കാഫർ കുളിക്കുകയും പല്ലുതേക്കുകയും ചെയ്യുന്നതുകൊണ്ട്, ഇസ്ലാമ്, കുളിക്കരുത്; പല്ലുതേക്കരുത്. കാഫർ വായ്ക്കൊണ്ടു തിന്നുന്നതുകൊണ്ട് ഇസ്ലാമ്...'

'ചുമ്മാ ഇരി ഇട്ടാപ്പീ?' കുഞ്ഞുപാത്തുമ്മാ പരിഭവത്തോടെ പറഞ്ഞു: 'ഇന്ന എന്തിനാ കളിപ്പിച്ചണത്?'

'ബുദ്ദൂസേ, കള്ളബുദ്ദൂസേ, അല്ലാഹ്വും മുഹമ്മദ് നബിയും കല്പിച്ചിട്ടുള്ളതിൽ ഈ 'മാറുകാണിക്കൽ' യാതൊന്നുമില്ല!'

കുഞ്ഞുപാത്തുമ്മാ ചോദിച്ചു:

'ആദിമുന്നം അല്ലാഹ് പടച്ചതാരേണ്?'

'അറിഞ്ഞുകൂടാ.' ആയിഷാ പറഞ്ഞു: 'മനുഷ്യരിലാണെങ്കിൽ ആദം നബിയേയും ഹവ്വാ ബീബിയേയും.'

'മുഹമ്മദ് നബീന അലേല?'

'ഇതാരു പറഞ്ഞു? ഖുർ ആനിൽ പറയുന്നത്, ആദംനബിയെ ആണെന്നാണ്. അതാണു നമ്മൾ വിശ്വസിക്കേണ്ടത്. കേട്ടു കേൾവിയിലും കെട്ടുകഥകളിലും വിശ്വസിക്കരുത്. മുസ്ലിമായി ജീവിക്കണം. നല്ല മനുഷ്യരായിരിക്കണം. വൃത്തിയുള്ളവരായിരിക്കണം. ആരോഗ്യമുള്ളവരായിരിക്കണം. ജീവിതത്തിൽ സൗന്ദര്യം പാലിക്കണം. മറ്റുള്ളവരെ വേദനിപ്പിക്കരുത്. പക, ക്രൂരത— ഒഴിവാക്കണം. സത്യസന്ധത വേണം. പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിൽ വിശ്വാസം വേണം. അല്ലാഹുവിന്റെ ദൂതനായ നബിയിൽ വിശ്വാസം വേണം. മനുഷ്യർക്ക് ആത്മാവുണ്ടെന്നും, മരണാനന്തര ജീവിതമുണ്ടെന്നും ദൈവദൂതന്മാരുണ്ടെന്നും... ഇങ്ങനെ കുറെ കാര്യങ്ങളുണ്ട്. തിന്മയോടാണു 'മാറു' കാണിക്കേണ്ടത്. ഇതൊക്കെ ചെയ്യുന്നവരാണ് മുസ്ലിമീങ്ങൾ. കാരുണ്യത്തിന്റെ മതമാണ് ഇസ്ലാം. ഇനിയും കള്ളബുദ്ദൂസിനു സംശയം വല്ലതുമുണ്ടോ?'

'ഇട്ടാപ്പീ ഇസ്ലാമിനു പൂ!'

'തൊട്ടുപോകരുത്! കരിഞ്ഞുപോകും! കള്ളബുദ്ദൂസേ— കണ്ണും മൂക്കും ഉള്ളവർക്കു വേണ്ടിയാണ് പൂക്കൾ. മുസ്ലിമിന് മണപ്പിക്കാം. തലയിൽ ചൂടാം. കൂടുതൽ ഇയ്ക്കാ പറഞ്ഞുതരും!'

പക്ഷേ, നിസാർ അഹ്മ്മദ് വന്ന ഉടനേ ബാപ്പാ നിസാർ അഹ്മ്മദിന്റെ കഴുത്തുവെട്ടാൻ വലിയ വാക്കത്തി എടുത്തു. അതിന് ഉമ്മാ ആയിരുന്നു കാരണം.

നിസാർ അഹ്മ്മദ് ഒരു വലിയ വനവുമായിട്ടാണു വന്നത്. അത് എവിടെ നിന്ന് എങ്ങനെ കൊണ്ടുവന്നു എന്നു കുഞ്ഞു പാത്തുമ്മയ്ക്കറിഞ്ഞുകൂടാ. അധികവും പഴങ്ങളുണ്ടാകുന്ന ചെറു വൃക്ഷങ്ങളായിരുന്നു. പിന്നെ ധാരാളം തെങ്ങുംതൈകൾ. ചുമ്മാ കിടന്ന ആ വെളിമ്പറമ്പ് ഒരൊറ്റ ദിവസംകൊണ്ട്, ഒരു വനമായി മാറി; വൃക്ഷങ്ങളെല്ലാം വരിയൊപ്പിച്ച് ഒരേ അകലത്തിൽ.

അന്നവിടെ ഒരു ബഹളമായിരുന്നു. നിസാർ അഹ്മ്മദ്, അയാളുടെ ബാപ്പാ പിന്നെ ആയിഷ, ഇത്രയും പേര് ഒരുമിച്ച് ആ വെയിലത്തു വേല ചെയ്യുന്നതു കണ്ടപ്പോൾ കുഞ്ഞുപാത്തുമ്മയ്ക്ക് അദ്ഭുതം തോന്നി.

'ലേ്ല കണ്ടോ ഉമ്മാ!' കുഞ്ഞുപാത്തുമ്മ ഉമ്മായെ വിളിച്ചു. ഉമ്മാ മെതിയടിപ്പുറത്തു കയറി 'ക്ലോ' 'പ്ലോ'ന്നു വാതുക്കൽ വന്നു. ഉമ്മാ പറഞ്ഞു:

'ഓ, അവരിക്ക് പെരാന്ത്!' എന്നും പറഞ്ഞ് അകത്തേക്കു പോയി. അവർക്കു ഭ്രാന്താണെന്ന് കുഞ്ഞുപാത്തുമ്മയ്ക്കു തോന്നിയില്ല, അദ്ഭുതം തോന്നി എന്നു മാത്രം. ഭൂമിയിൽ വേല ചെയ്യുന്ന മുസ്ലിമീങ്ങളെ അവൾ കണ്ടിട്ടില്ല. ഇസ്ലാമിനു പറഞ്ഞിട്ടുള്ളതു കച്ചവടമാണെന്നാണ് അവളുടെ വിശ്വാസം. പിന്നെ അത്യാവശ്യത്തിനു വല്ല വെട്ടുകയോ കിളയ്ക്കുകയോ—അതൊക്കെ വേലക്കാർ ചെയ്യും. അല്ലാതെ സ്വന്തമായി മുസ്ലിം ചെയ്യുക.... അതാദ്യമായി അവൾ കാണുകയാണ്.

അവൾക്കു മനസ്സിലൊരു വിഷമം. അവരുടെ പറമ്പു ചുമ്മാ കിടക്കുകയാണ്. പലതും വെച്ചു പിടിപ്പിക്കാൻ സ്ഥലമുണ്ട്. അവൾക്കൊരു ആങ്ങള ഉണ്ടായിരുന്നെങ്കിൽ! പക്ഷേ, അവളെക്കൊണ്ട് ഒരു കഴിവുമില്ല. നിസാർ അഹ്മ്മദിന്റെ വരവു പ്രമാണിച്ച് കുഞ്ഞുപാത്തുമ്മ ചിലതെല്ലാം ചെയ്തിട്ടുണ്ടായിരുന്നു. പറമ്പിലുണ്ടായിരുന്ന ചപ്പുചവറെല്ലാം അടിച്ചുകൂട്ടി തീ ഇട്ടു. അടുക്കള വാതുക്കൽ കിടന്ന മീനിന്റെ ചെതുമ്പലെല്ലാം അടിച്ചുവാരിക്കളഞ്ഞു. പുരയ്ക്കകമെല്ലാം അടിച്ചുവാരി വൃത്തിയാക്കി. വീടിന്റെ മുൻവശത്തു തൂക്കിയിരുന്ന കീറപ്പഴന്തുണികളെല്ലാം എടുത്തു കത്തിച്ചു കളഞ്ഞു. ഇതിനൊക്കെ പുറമേ അവളേത്തന്നെ അവൾ ഭംഗിയാക്കി. ഈ കോലാഹലങ്ങളെല്ലാം കണ്ടപ്പോൾ ഉമ്മാ പറഞ്ഞു:

'ന്താടീ നെനക്കീ ഹാലെളക്കം?'

'കൈയിലെ മുറിവുണങ്ങിയോ?' എന്നാണ് കുഞ്ഞുപാത്തുമ്മയെക്കണ്ടപ്പോൾ നിസാർ അഹ്മ്മദ് ആദ്യമായി ചോദിച്ചത്.

'ഒണങ്ങി,' എന്ന് കുഞ്ഞുപാത്തുമ്മ പറഞ്ഞു. എന്നാലും ഇത്രകാലം അത് ഓർത്തിരുന്നല്ലോ! അദ്ഭുതമെന്നേ പറയേണ്ടൂ. കുഞ്ഞുപാത്തുമ്മയ്ക്ക് ഒരു പതർച്ചയും സംഭ്രമവും പിടിപെട്ടു. അതു, നിസാർ അഹ്മ്മദ് രണ്ടാമതു വന്നതിനു മുമ്പോ പിമ്പോ എന്നവൾക്കറിഞ്ഞു കൂടാ. അതുകൊണ്ട് നിസാർ അഹ്മ്മദ് 'എപ്പോൾ' പറഞ്ഞു എന്ന് ഓർക്കാൻ കഴിയുന്നില്ല. എന്തു പറഞ്ഞു എന്നു വ്യക്തമായി ഓർക്കാൻ കഴിയും. എന്തു ചെയ്തു എന്നും.

നിസാർ അഹ്മ്മദ് കുഞ്ഞുപാത്തുമ്മായുടെ വീട്ടിൽ ഒരു കക്കൂസുണ്ടാക്കി. പന്ത്രണ്ടടി നീളത്തിൽ നാലടി വീതിയിൽ ഒരു അരയാൾ താഴ്ചയിലുള്ള ഒരു കുഴി. അതു വെട്ടിയത് നിസാർ അഹ്മ്മദാണ്. എന്തു ചെയ്യണമെന്നറിയാത്തതുകൊണ്ട് ബാപ്പായ്ക്ക് ഒന്നും സഹായിക്കാൻ കഴിഞ്ഞില്ല. അതു വീട്ടിൽ നിന്നും ദൂരെ പറമ്പിന്റെ മൂലയിലായിരുന്നതുകൊണ്ട് നിസാർ അഹ്മ്മദും ബാപ്പായും പറഞ്ഞ വർത്തമാനങ്ങൾ അവൾക്കു കേൾക്കാൻ കഴിഞ്ഞില്ല. നിസാർ അഹ്മ്മദ് വെയിലത്തു നിന്നു വിയർത്തു പണി ചെയ്യുകയായിരുന്നു. അപ്പോൾ ബാപ്പാ വന്നു പറഞ്ഞു:

‘മോളേ, ഉമ്മിണി വെള്ളോടെത്തേ, അമന കുടിക്കാനാ.’

കുഞ്ഞുപാത്തുമ്മ അകത്തുപോയി. ഒരു ചെറിയ കഷണം സോപ്പിട്ടു രണ്ടു പാത്രങ്ങൾ കഴുകി. എന്നിട്ടവൾ മണത്തുനോക്കി. വല്ല ചീത്ത മണവുമുണ്ടോ? ഒന്നുമില്ല. അവൾ വെള്ളം കൊണ്ടു വന്നു കൊടുത്തു. ബാപ്പാ അതു കൊണ്ടുപോയി. വെള്ളം കുടിക്കുന്നതിനു മുമ്പു നിസാർ അഹ്മ്മദ് ആ പാത്രം സൂത്രത്തിൽ മണപ്പിച്ചു നോക്കിയിട്ടാണു കുടിച്ചത്. അങ്ങനെ ചെയ്തു എന്ന് കുഞ്ഞു പാത്തുമ്മയ്ക്കു സന്തോഷത്തോടെ സത്യംചെയ്യാൻ കഴിയും.

കക്കൂസിന്റെ പണി പൂർത്തിയായപ്പോൾ കുഞ്ഞുപാത്തുമ്മ അതു ചെന്നു കണ്ടു. ഒരു ചെറിയ വേലിക്കകത്തുള്ള ഒരു ചെറിയ തോട്. അതിൽ രണ്ടു പാലം. മണ്ണെല്ലാം ഒരു വശത്തു കൂട്ടിയിട്ടുണ്ട്. അതിൽ ഒരു ചിരട്ട. ‘വെളിക്കിറങ്ങിക്കഴിഞ്ഞാൽ മണ്ണിട്ടു മൂടണം. അതിനാണു ചിരട്ട.’ ആയിഷ പറഞ്ഞു, ‘കാലക്രമത്തിൽ ഈ കുഴി മൂട്ടം. അപ്പോൾ വേറൊന്നുണ്ടാക്കണം.’

‘ഇതു ഞമ്മക്കു നേരത്തേ തോന്നീല്ല.’ ബാപ്പാ പറഞ്ഞു: ‘ഇങ്ങനെ എല്ലാ വീട്ടിലും ഒണ്ടാർന്നെങ്കി നാറാതെ നടക്കാർന്ന്.’

ആ സംഭവത്തിനു ശേഷം ബാപ്പായ്ക്ക് നിസാർ അഹ്മ്മദിനെ വളരെ ഇഷ്ടമായി. അതോടെ സംശയങ്ങളും വർധിച്ചു. ഒരു നൂറു കൂട്ടം ചോദ്യങ്ങളുണ്ട്. ക്യാമം അടുത്തടുത്തു വരുകയല്ലേ? ജനങ്ങൾ ഇത്ര അഹങ്കാരികളും ദുഷ്ടന്മാരുമായിത്തീരാൻ കാരണമെന്ത്?

നിസാർ അഹ്മ്മദ് പറയും:

‘എനിക്കറിഞ്ഞുകൂടാ. ജനിച്ചാൽ ഒരിക്കൽ മരിക്കുമെന്നു നമുക്കറിയാം. ഞാനും മരിക്കും. അവിടുന്നും മരിക്കും. എല്ലാവരും മരിക്കും. എല്ലാ ആത്മാക്കളും മരണത്തിന്റെ രുചി അറിയും, എന്നാണ് ഖുർ ആനിലുള്ളത്. ഇതുപോലെ ഈ ലോകവും ഒരിക്കൽ നശിക്കും. അതുകൊണ്ടെന്താ? നശിക്കുമ്പോൾ നശിക്കട്ടെ: അതുവരെ സന്തോഷത്തോടെ ജീവിക്കണം. ജനങ്ങൾക്ക് ബോധമില്ലാത്തതുകൊണ്ടാണ് അഹങ്കാരികളും ദുഷ്ടന്മാരുമായിത്തീരുന്നത്. അസൂയയും പകയുമൊക്കെ എല്ലാവർക്കുമില്ലല്ലോ. നല്ലവഴിക്കു തിരിച്ചുവിടാൻ ആളു വേണം. പിന്നെ മറ്റുള്ളവർ ചീത്തയാണെന്നുള്ള വിചാരം കളഞ്ഞിട്ടു നന്നാക്കാൻ ശ്രമിക്കണം.’

അപ്പോൾ ബാപ്പായ്ക്കു വേറൊരു സംശയം:

‘മൂർക്കപ്പാമ്പിനെ നന്നാക്കാൻ ഒക്കുവോ?’

‘അതെന്താ?’

‘അമ്മാതിരി വെഷോള്ള മന്ഷേരൊണ്ട്. കുറുക്കൻ, കടുവ, കൊരങ്ങ്— ഇതിന്റെ ഒക്ക സൊബാവഗൊണം ഒള്ളോരേം ഞമ്മളു കണ്ടിട്ടൊണ്ട്.’

‘അതിനെയൊക്കെ മെരുക്കി മനുഷ്യരുടെ ചൊല്ലപടിക്കു നിർത്തുന്നില്ലേ?’

‘എന്നാലും...?’

അങ്ങനെ അവർ, രണ്ടുപേരും മിണ്ടാതിരുന്ന് ആലോചിക്കും.

ഒരിക്കൽ ഉമ്മാ ചോദിച്ചു:

‘അയമ്മതേ, ആ കാടൊക്കെ എന്തിനാ വെച്ചു പിടിപ്പിക്കണത്?’

കുഞ്ഞുപാത്തുമ്മ വാതിലിന്റെ മറവിൽ ഇരുന്നുകൊണ്ട് മനസ്സിൽ പറഞ്ഞു: ‘അയമ്മതെന്നല്ല, നിസാർ അഹ്മ്മദ് എന്നാ പേര്.’

നിസാർ അഹ്മ്മദ് പറഞ്ഞു:

‘അതൊന്നും കാടല്ല. രണ്ടു മൂന്നു കൊല്ലത്തിനുള്ളിൽ നിങ്ങൾക്കെല്ലാം നല്ല മാമ്പഴം, പേരയ്ക്ക, കൈതച്ചക്ക, സപ്പോട്ട, കപ്പരയ്ക്ക— എല്ലാം തരാം.’

ഉമ്മാ ചോദിച്ചു:

‘അയമ്മതിന്റെ ഉമ്മാ എന്താ ഇഞ്ഞാട്ടു വരാത്തത്?’

ആയിഷ പറഞ്ഞു:

‘ഉമ്മായ്ക്കു പേടിയാണ്, ഇന്നാളത്തെ വഴക്കിനു ശേഷം.’

എല്ലാവരും ഓർത്തോർത്തു ചിരിച്ചു.

അത് നിസാർ അഹ്മ്മദ് വന്നതിന്റെ പിറ്റേദിവസമോ മറ്റോ ആണ്. വന്നു എന്നറിഞ്ഞ ഉടനെ കുഞ്ഞുപാത്തുമ്മായ്ക്കു ഭയവും സന്തോഷവും തോന്നി. മുമ്പു തോന്നിയിരുന്ന കരൾവേദന അധികരിക്കയും ചെയ്തു. തന്നെയുമല്ല, ഊണിൽ രുചി കുറഞ്ഞു. അവൾ ക്ഷീണിക്കാനും തുടങ്ങി. ആധി!...അങ്ങനെ ഇരിക്കുമ്പോൾ അതു സംഭവിച്ചു.

നിസാർ അഹ്മ്മദും ആയിഷയും കൂടി വൃക്ഷങ്ങൾക്കും മറ്റും വെള്ളം ഒഴിക്കുകയായിരുന്നു.

അതെല്ലാം നോക്കിക്കൊണ്ട് എന്നാൽ, അതൊന്നും ശ്രദ്ധിക്കയല്ല, മുറ്റത്തെ പുല്ലു പറിക്കയാണ്, എന്ന ഭാവത്തിൽ കുഞ്ഞു പാത്തുമ്മ മുറ്റത്തിരിക്കയായിരുന്നു. സമയം എത്രയായി എന്നവൾക്ക് അറിഞ്ഞുകൂടാ. സൂര്യൻ പുളിമരത്തിന്റെ നേരെ മുകളിൽ വന്നിട്ടുണ്ടായിരുന്നു. പതിവുപോലെ വെളിക്കിറങ്ങീട്ടു ഉമ്മാ ചെറിയ തോട്ടിൽ നിന്നു കരയ്ക്കു കയറി.

നിസാർ അഹ്മ്മദ് വിളിച്ചു:

‘ഹോയി! ഒന്നു പറയട്ടെ!’

ഉമ്മാ ഹാലിളക്കത്തോടെ തിരിഞ്ഞുനിന്നു.

നിസാർ അഹ്മ്മദ് കാര്യം പറഞ്ഞു: അവരുടെ മുമ്പിൽ ചെന്നിരുന്നു കക്കുസ് ചെയ്യുന്നതു ശരിയല്ല. നാറുകിലേ്ല?

ഉമ്മാ ചോദിച്ചു:

‘നീ ആരോടാ ശംഷാരിക്കണതെന്നറിയാവോ?’

കുഞ്ഞുപാത്തുമ്മ വിളിച്ചു:

‘ഉമ്മാ ഞ്ഞാ പോര്!’

ഉമ്മാ നിസാർ അഹ്മ്മദിനോടു ചോദിച്ചു:

‘നീ ഞങ്ങള എന്തു ശെയ്യും?’

നിസാർ അഹ്മ്മദ് ചിരിച്ചു.

ഉമ്മാ വിറഞ്ഞുകൊണ്ടു പറഞ്ഞു:

‘പെണ്ണ്ങ്ങട പൊറത്ത് മെക്കിട്ടുകേറാമ്പരണോ?’

ബാപ്പാ വന്നപ്പോൾ ഉമ്മാ പറഞ്ഞു:

‘കെടത്ത്കേലാ! മയ്യദ്ദീനേ കെടത്ത്കേലാ!’

‘ന്താണ്?’

‘ഉളിഞ്ഞ് നോക്കി! ഞാനാ തോട്ടീര്ന്നപ്പ ബന്ന് ഉളിഞ്ഞ് നോക്കി! മയ്യദ്ദീനെ കെടത്ത്കേലാ!’

‘ആര്?’ ബാപ്പായുടെ കണ്ണുകൾ ചുവന്നു.

ഉമ്മാ പറഞ്ഞു:

‘അമൻ!’

‘എമൻ?’ ബാപ്പാ വാക്കത്തിയെടുത്തു മുറ്റത്തേക്കിറങ്ങി: ‘കയിത്ത് ഞാബെട്ടും; എമനാ?’

‘അങ്ങേതി ബന്ന് താമസിക്കണ ശൊങ്കൻ!’ എന്നു പറഞ്ഞു തീരും മുമ്പ്, ‘അസ്സലാമു അലൈക്കും’ എന്ന് സലാം ചൊല്ലിക്കൊണ്ട് നിസാർ അഹ്മ്മദ് മുറ്റത്തു വന്നു.

ബാപ്പാ ആ ക്രോപ്പിലും വലതുവശംവെച്ച് ഉടുത്തിരിക്കുന്ന മുണ്ടിലും നോക്കി. എങ്കിലും കഠിനമായ കോപത്തോടെ സലാം മടക്കി:

‘വ അലൈക്കു മുസ്സലാം!’

നിസാർ അഹ്മ്മദ് പറഞ്ഞു:

‘ഞങ്ങൾ നിങ്ങളുടെ അയൽപക്കത്തു താമസിക്കുന്നവരാണ്. ബാപ്പായും ഉമ്മായും എന്റെ സഹോദരിയും ഞാനുമുണ്ട്.’

‘നിങ്ങളിസ്ലാമാ?’

‘അതെ!’

‘എന്തിസ്ലാമ്?’

‘മതസംബന്ധമായി നമുക്കു പിന്നെ വർത്തമാനം പറയാം. ഞങ്ങൾ ആരെങ്കിലുമാകട്ടെ: ഹിന്ദുക്കളാണെന്നു വിചാരിക്കൂ. അല്ലെങ്കിൽ ക്രിസ്ത്യാനികളാണെന്നു വിചാരിക്കൂ. എന്താണെങ്കിലും ഞങ്ങളുടെ മൂക്കിന്റെ അടുത്തുവന്നിരുന്ന്...?’

‘ഇര്ന്നാ ഒളിഞ്ഞു നോക്കുവോ?’

‘ബാപ്പാ,’ കുഞ്ഞുപാത്തുമ്മ അകത്തു നിന്നു വിളിച്ചു. ‘ബാപ്പാ.’

‘എന്താ മകളേ?’

‘ഉമ്മാ പറഞ്ഞത്,’ എന്ന് കുഞ്ഞുപാത്തുമ്മ പറഞ്ഞു തീരുമ്മുമ്പേ ഉമ്മാ അവളുടെ വായ് പൊത്തിപ്പിടിച്ചു. ‘ഹറാമ്പറന്നോളേ! നീ ന്റെ മാനം ലക്ഷീര്! ഞാ നിന്റെ ഉമ്മായാ! ആനമക്കാരിന്റെ പുന്നാരമോള്!’

കുഞ്ഞുപാത്തുമ്മ കൈ കുതറി വിടുവിച്ചു.

‘ഉമ്മാ നൊണേ പറേണത്.’ അവൾ ഉറച്ചു പറഞ്ഞു.

‘ഹറാമ്പറന്നതേ! മയ്യദ്ദീനേ! ഞാനിവളെ പെറ്റലേ്ലാ!’

‘എന്താ മകളേ?’ ബാപ്പാ കയറിവന്നു.

‘ഇനിക്ക് കള്ളസ്സാച്ചി പറേങ്കയേ്യല!’ കുഞ്ഞുപാത്തുമ്മ പറഞ്ഞു. ‘ഉമ്മാ നൊണേ പറേണത്!’

‘കുഞ്ഞുപാത്തുമ്മാ!’ ഉമ്മാ പറഞ്ഞു, ‘നിൻറുപ്പുപ്പാക്കൊരാനേണ്ടാർന്ന്!— ബല്യ ഒര് കൊമ്പനാന!’

‘എന്നാലും ഇനിക്ക് കള്ളസ്സാച്ചി പറേങ്കയേ്യല!’

‘എന്താ മകളേ?’ ബാപ്പാ ചോദിച്ചു:

കുഞ്ഞുപാത്തുമ്മ പറഞ്ഞു:

‘ഉമ്മാ നൊണേ പറേണത്. അവിടെ ആ പറമ്പി നിന്നോണ്ട് ‘ഹോയി’ എന്നു ബിളിച്ച്. അന്ന്ട്ട് ഞങ്ങട മൂക്കിന്റട്ടുത്തു ബന്നിരുന്നു ബെളിക്കെറങ്ങണ ശരിയാണോന്നു ശോയിച്ച്. അതിന് ഉമ്മാ ബെഹണ്ട്. അതേ്ര ഒണ്ടായൊള്ള്.’

ഉമ്മാ പറഞ്ഞു:

‘ഇനിക്കാശ്രുല്ല!’

‘കുഞ്ഞ്താച്ചുമ്മാ! നിന്ന ഞാൻ കശണം കശണമാക്കും!’

‘എന്നേങ്ങാ കൊന്നേര്! ന്നാ, കയിത്ത് കണ്ടിച്ചോ! മയ്യദ്ദീനേ കയ്ത്ത് കണ്ടിച്ചോ! ബദരീങ്ങളേ കയ്ത്തു കണ്ടിച്ചോ! ഇനിക്കാശ്രുല്ല!’

ഉമ്മാ കരഞ്ഞുകൊണ്ടു താഴെയിരുന്നു. ബാപ്പാ വെളിയിൽ ഇറങ്ങിച്ചെന്നു. നിസാർ അഹ്മ്മദിനോട് വളരെ സൗമ്യതയിൽ പറഞ്ഞു:

‘ഞങ്ങ പാവങ്ങളാ! ഇപ്പ എന്ത് ശെയ്യും?’

നിസാർ അഹ്മ്മദ് പറഞ്ഞു:

‘ഞങ്ങളും പാവങ്ങളാണ്. ഞങ്ങൾക്കു സ്വന്തമായി സ്ഥലമൊന്നുമില്ല. പട്ടണത്തിൽ ഞങ്ങൾ താമസിക്കുന്നത് വാടകയ്ക്കാണ്. ഇപ്പോൾ ഞങ്ങൾ സ്ഥലം വാങ്ങി, എനിക്കു കൃഷിയിലാണു താൽപര്യം.’

ബാപ്പാ പറഞ്ഞു:

‘ഞമ്മള് സാമതിക്കണ ഈ പെരേം പറമ്പും ഞമ്മട സൊന്തമാണ്. എന്നാലും ഞമ്മള് ഒര് വയീം കാണ്ണില്ല. നോക്ക്. പറമ്പില് വല്ല മറേം തൊറേം ഒണ്ടോ? ഇന്നാട്ടില് അതികമനസേരും സന്തിയ കയിഞ്ഞാ കക്കൂസി പോണേ. നാട്ടുവയീ ഞമ്മട കെട്ടിയോളും മോളും കക്കൂസി പോണത്. പോണത് —ന്നാന്ന് വെച്ചാ ഞമ്മള് ഒര് സിതീലൊക്കെ കയിഞ്ഞവരാ. ഞമ്മള് കാണുമ്പ എണീച്ചിരുന്നോര് ഇപ്പക്കണ്ടാ എണീക്ക്കേല! അവര്ടേക്ക എടേ ഞമ്മട കെട്ടിയോളും മോളും ചെന്ന് നാട്ടുവയീ ഇരിന്ന് ബെളിക്കെറങ്ങണ ശരിയാണോ?’

നിസാർ അഹ്മ്മദ് പറഞ്ഞു:

‘നാട്ടുവഴി മനുഷ്യർക്കു മലമൂത്ര വിസർജനം ചെയ്യാനുള്ളതല്ലലേ്ലാ? നടക്കാനുള്ളതാണ്. വൃത്തികേടാക്കരുത്. നാറ്റരുത്.’

‘പിന്നെ ഞമ്മളെപ്പോലെത്ത മനുഷേരെന്ത് ചെയ്യും?’

‘അതിന് വീടുകളിൽ കക്കൂസുണ്ടാക്കണം. വലിയ പണച്ചെലവൊന്നുമില്ല. ഒരഞ്ചെട്ടുമടല് ഓലയും ഒരഞ്ചാറു പത്തലും കുറെ കയറും വേണം. ഒരു മൺവെട്ടിയോ ളുമ്പായോകൊണ്ട് ഒരു മണിക്കൂറു പണിയേയുള്ളൂ. ഒരു കൊല്ലത്തേക്ക് പിന്നെ ബുദ്ധിമുട്ടൊന്നുമില്ല. മനുഷ്യർ എന്തുകൊണ്ടാണിതു ചെയ്യാത്തത്? വലിയ നഗരങ്ങളിലാണെങ്കിൽ സ്ഥലമില്ലെന്നു വിചാരിക്കാം. ഇവിടെ അതല്ലല്ലോ നില. മനോഹരമായ ഗ്രാമം. നല്ല ശുദ്ധ തെളിനീർ നിറഞ്ഞ വിശാലമായ ആറ്. ഇവിടെ മുസ്ലിമും ക്രിസ്ത്യാനിയും ഹിന്ദുവും —ഒട്ടുമുക്കാൽ ജനവിഭാഗവും കക്കൂസിൽപ്പോകുന്നത് ആറ്റരുകിലാണ്. കുടിക്കാനും കുളിക്കാനും ഉപയോഗിക്കുന്ന വെള്ളം. ചിലർ അതിലേക്ക് വിസർജിക്കുന്നു! ഞാൻ കുറെ ചുറ്റിയ ആളാണ്. മനോഹരമായ കടൽത്തീരം. വിശാലമായ വെള്ള മണൽ നിറഞ്ഞ ബീച്ച്, കാലെടുത്തു കുത്താൻ സാധിക്കുകയില്ല. പെണ്ണും ആണും എല്ലാ ജാതിക്കാരും മലമൂത്ര വിസർജനം ചെയ്യുന്നത് അവിടെയാണ്. ഭയങ്കരമായ നാറ്റ സങ്കേതം! മനുഷ്യർ എന്തുകൊണ്ട് ഇങ്ങനെ ആകുന്നു? മറ്റുള്ളവർക്ക് അസുഖവും ഉപദ്രവവും ഉണ്ടാക്കാതെ ജീവിക്കാൻ കഴിയുമല്ലോ. ഇടവഴികളിൽക്കൂടി നടക്കാൻ ഒക്കുമോ? കക്കൂസു ചെയ്യുന്നു. വേണ്ടുവോളം സ്ഥലമുണ്ട്. ഇവിടെ ഞാൻ പറയുന്നതു പോലെ ഒന്നു ചെയ്യാമോ? ഒരഞ്ചെട്ടു പത്തലും കുറെ കയറും ഒരു മൺവെട്ടിയും കുറച്ച് ഓലയും—ഇത്രയും സാധനങ്ങൾ ഉണ്ടാക്കാമോ?’

‘അതിനൊന്നും വെശമമില്ല.’

‘എന്നാൽ, അതു കൊണ്ടുവന്നിട്ട് എന്നെ വിളിക്കൂ.’

നിസാർ അഹ്മ്മദ് താമസസ്ഥലത്തേക്ക് പോയി. ഉടനെ ബാപ്പാ സാധനങ്ങൾ കൊണ്ടുവരാൻ പോയി. അപ്പോൾ ഉമ്മാ കുഞ്ഞുപാത്തുമ്മായോടു പറഞ്ഞു:

‘നീ ന്റ മോളല്ല!’

കുഞ്ഞുപാത്തുമ്മ ഒന്നും മിണ്ടിയില്ല.

ഉമ്മാ പറഞ്ഞു:

‘നിന്നെ ഞാമ്പെറ്റതല്ല.’

കുഞ്ഞുപാത്തുമ്മ ഒന്നും മിണ്ടിയില്ല.

ഉമ്മാ പറഞ്ഞു:

‘ഹറാനെമ്പറന്നതേ, നിന്റെ ബായിലെന്താ?’

കുഞ്ഞുപാത്തുമ്മ ഒന്നും മിണ്ടിയില്ല.

ഉമ്മാ ചോദിച്ചു:

‘നെനക്കെന്നോട് മുണ്ടിയാലെന്താ, കയ്യേല ബള ഊരിപ്പോകുവോ?’

കുഞ്ഞുപാത്തുമ്മ പറഞ്ഞു:

‘ന്റ കയ്യേ ബള ഇല്ല?’

ഉമ്മാ ചോദിച്ചു:

‘ന്നാലും നിന്റെ പൊന്നാര ഉമ്മായാണോ ബലത്, അമനോ?’

കുഞ്ഞുപാത്തുമ്മ ഒന്നും മിണ്ടിയില്ല.

ഉമ്മാ പറഞ്ഞു:

'ഇപ്പ ചെമ്മീനടിമേട മൂച്ചക്കൊ എവിടെപ്പായി? ഇപ്പക്കണ്ടോ? അമന്റ രണ്ട് പയക്കം കേട്ടപ്പ ചെമ്മീനടിമ സുക്കുത്ത് പാടി! ഓലേം പത്തലും എന്തിനാ കബറ്പെര കെട്ടാനോ?'

മരിച്ചു കബറടക്കിയിട്ട്, അതിന്റെ മുകളിൽ ചെറിയ പുര കെട്ടി ഒരു മാസം രണ്ടു പേര് ഇരുന്ന് രാവും പകലും ഖുർ ആൻ വായിക്കുന്നു. മരിച്ചുപോയ ആളുടെ ആത്മാവിനു മോക്ഷത്തിന് അതിനാണോ ഓലയും പത്തലും കയറും?

കുഞ്ഞുപാത്തുമ്മ മിണ്ടിയില്ല.

ഉമ്മാ ചോദിച്ചു:

'നീ അമന് വേണ്ടി സാച്ചി പറഞ്ഞേന്തിനാ?'

കുഞ്ഞുപാത്തുമ്മാ മിണ്ടിയില്ല.

'നിന്റെ പൂന്നാര ഉമ്മാട മാനം ലക്ഷിക്കാമ്പാടില്ലാർന്നോ?'

കുഞ്ഞുപാത്തുമ്മ പറഞ്ഞു:

'ഇനിക്കു കള്ളസ്സാച്ചി പറേങ്കയേ്യല!'

'ന്താണടീ പറഞ്ഞാല്; നിന്റെ കയിത്തേല മാല ഊരിപ്പോകുവോ?'

'ന്റ കയിത്തേ മാല ഇല്ല!'

'പിന്നെ എന്താർന്നെടീ പറഞ്ഞാല്?'

'ബാപ്പാ ബാക്കത്തികൊണ്ട് കയിത്ത് വെട്ടീര്ന്നെങ്കിലോ?'

'ഞമ്മക്കെന്താ? അമൻ ചാകും!'

'ബാപ്പാന പോലീസ്കാര് പിടിച്ചോണ്ടു പോയി തല്ലിക്കൊന്നിര്ന്നെങ്കിലോ?'

ഉമ്മാ കുറെ സമയത്തേക്ക് ഒന്നും മിണ്ടിയില്ല. കുറെ കഴിഞ്ഞ്, 'പടച്ചോനേ നേരാർന്ന്!' എന്നും പറഞ്ഞ് കുഞ്ഞുപാത്തുമ്മായുടെ അരികത്തു ചെന്നു.

'ന്റ പൊന്നാരമോള്! നീ ഞമ്മ്ട കുടുംബം ലക്ഷിച്ച്!.....ന്റ മോക്കെന്താ കൊറെ ദെവസായിട്ട് ചീണം?'

'ന്റ കരളില് വേതനേ ഉമ്മാ!'

'പടച്ചോനേ, ബല്ല ഇഫ്രീത്തോ ജിന്നോ ന്റ മോക്ക് കൂടിയോ?'

അദൃശ്യജീവികൾ മോഹിച്ചുകൂടാമല്ലോ!

‘ന്റ കരളില് വേതന!’

കുഞ്ഞുപാത്തുമ്മായ്ക്ക് എന്താണു പിണഞ്ഞതെന്ന് അവൾക്കു തന്നെ അറിഞ്ഞുകൂടാ. പള്ളിയിലെ ഖത്തീബിനെക്കൊണ്ട് ബാപ്പാ ഒരു ചരട് ‘മന്തിരി’ പ്പിച്ച് കൊണ്ടുവന്ന് അവളുടെ കഴുത്തിൽ കെട്ടി. അതിനും പുറമേ ഒരു മുസല്യാരുടെ വക ഒരു നണങ്ങു സൂട്ടു കേസുമാതിരി ഒരു ഏലസും അവളുടെ കഴുത്തിൽ ത്തുങ്ങുന്നുണ്ട്. അവളിൽ കൂടിയിരിക്കുന്ന ‘ഇഫ്രീത്ത്’ എന്നിട്ടും പോകുന്നില്ല! ഒരു ദിവസം ആയിഷ വന്നു പറഞ്ഞു: നിസാർ അഹ്മ്മദ് പറഞ്ഞതായിട്ടാണ്. അപ്പോൾ കുഞ്ഞുപാത്തുമ്മായ്ക്ക് വളരെ കാര്യമായിട്ടു തോന്നി. അവളുടെ ഓരോ അണുവും ശ്രദ്ധിച്ചു. പക്ഷേ, ആയിഷാ പറഞ്ഞതു കേട്ടപ്പോൾ അവളെ കളിയാക്കുകയാണെന്ന് കുഞ്ഞുപാത്തുമ്മായ്ക്ക് മനസ്സിലായി. അവൾ പറഞ്ഞു.

‘പോ തുട്ടാപ്പി!’

ആയിഷ പറഞ്ഞു:

‘ഏതു ഷൈത്താനും പോകും; ജിന്നും പോകും. പിന്നെ ഇഫ്രീത്തിന്റെ കാര്യമാണെങ്കിൽ പറയാനുമില്ല! ചുമ്മാ അതു കഴുത്തിൽ കെട്ടിത്തൂക്കിക്കൊണ്ടു നടന്നാൽ മതി. ഇയ്ക്കാക്കായുടെ ആ വലിയ തുകൽപ്പെട്ടിയിലാണ്, എന്താ കൊണ്ടുവരട്ടെ?’

കുഞ്ഞുപാത്തുമ്മ പറഞ്ഞു:

‘കള്ള ബുദ്ദൂസേ, ചുമ്മായിരി!’

ഉടനെ അവൾക്കു ദുഃഖവും ഉണ്ടായി.

ആയിഷ കാര്യമായിട്ടു ചോദിച്ചു:

‘ത്ത്ത്തായ്ക്ക് എന്തു പറ്റി?’

‘ന്റെ കരളില് വേതന!’

ചുളുചുളാ ഉള്ളതല്ല; നിറഞ്ഞു മുറ്റിയുള്ള വിങ്ങലാണ്. ചുമ്മായിരുന്നു കരയാൻ തോന്നും; ഉടനെ ചിരിക്കാനും. കരിച്ചിലിനേക്കാൾ അധികം അവൾക്കിഷ്ടം ചിരിയാണ്. ഉച്ചത്തിലല്ല. ഓർത്തു മന്ദഹസിക്കുക. അപ്പോൾ വിങ്ങിപ്പൊട്ടി കരയാനും തോന്നും. നിസാർ അഹ്മ്മദിനെ കാണുമ്പോൾ അവളുടെ കവിളുകൾ പൊരുപൊരുക്കുകയും മാറിടങ്ങൾ ഘനമായി വിങ്ങുകയും ചെയ്യും. നിസാർ അഹ്മ്മദിനോടു പരിഭവത്തിൽ ‘ന്നെന്തിനാ നോക്കണത്?’ എന്നു ചോദിച്ചാൽ കൊള്ളാമെന്നുണ്ട്. പക്ഷേ, പിന്നെ നിസാർ അഹ്മ്മദ് നോക്കിലെല്ലങ്കിലോ? അങ്ങനെ നോക്കീട്ടില്ല. അവളെ നോക്കണമെന്നുണ്ട്. കാണാൻ പറ്റിയ സ്ഥലത്ത് അവൾ ചെന്നു നില്ക്കും. ‘ഞാൻ ചുള്ളിവിറകു പെറുക്കാൻ വന്ന് നിക്കുകേലേ്ല?’ എന്നവൾ തന്നെത്താൻ പറയും. എന്തെങ്കിലും കാരണമുണ്ടാക്കി അവൾ അടുത്ത വീട്ടിൽ ചെല്ലും. ‘തീ’ ഒരു പ്രധാന കാരണമാണ്. അതലെല്ലങ്കിൽ ‘ഉപ്പ്’. അതുമലെല്ലങ്കിൽ ആയിഷ. അവൾ ഏതു കാരണം

പറഞ്ഞു ചെന്നാലും സൗകര്യത്തിനു നിസാർ അഹ്മ്മദിനെ കാണാറില്ല. ഒന്നുകിൽ മുറ്റം നന്നാക്കുന്നു. അല്ലെങ്കിൽ വൃക്ഷങ്ങൾക്കു വെള്ളം ഒഴിക്കുന്നു. മുറ്റം ഇതിന്നു മാത്രം നന്നാക്കാൻ എന്താണുള്ളത്? നിറയെ തങ്കമണൽ വിരിച്ചതാണ്. അതിന്റെ ചുറ്റിനും പൂച്ചെടികൾ നിറഞ്ഞു കഴിഞ്ഞു. അതല്ലെങ്കിൽ വായന! 'ന്താണ് ഇത്ര ബായിച്ചണത്?' അവൾ തന്നെത്താൻ ചോദിക്കും.

അന്നൊരു ദിവസം കുഞ്ഞുപാത്തുമ്മ നോക്കുമ്പോൾ ഒരു മരച്ചുവട്ടിൽ നിസാർ അഹ്മ്മദ് കിടക്കുകയാണ്; ചാരുകസേരയിൽ. മടിയിൽ ഒരു പുസ്തകമുണ്ട്. ചുമ്മാ കിടക്കുന്നു.

അവളുടെ ഹൃദയം സുഖകരമായ ചൂടോടെ ഉരുകിത്തുടങ്ങി. നിസാർ അഹ്മ്മദിന്റെ കണ്ണുകൾ ആകാശത്താണ്. പല വർണങ്ങളിലുള്ള മേഘങ്ങൾ പടിഞ്ഞാറെ ചരുവിൽ. പറന്നു പോകുന്ന പക്ഷികളുടെ പുറങ്ങളിൽ തിളങ്ങുന്ന ചുമപ്പു പ്രതിഫലിക്കുന്നു.

അവൾക്കു ധൃതിയായി. അന്നവൾ വെള്ള വസ്ത്രങ്ങൾ ധരിച്ചു. വളരെ നാൾ ഉപയോഗിക്കാതിരുന്നതുകൊണ്ട് ആ വെളുത്ത കുപ്പായം ദേഹത്ത് ഇറുങ്ങിപ്പിടിച്ചു കിടന്നു. തലയിൽ നേർമയുള്ള തട്ടം. അങ്ങനെ ഉടുത്തൊരുങ്ങിയത് എന്തിനെന്നവൾക്കറിഞ്ഞുകൂടാ. കണ്ണാടിയിൽ അവൾ അവളെത്തന്നെ വളരെ നേരം കണ്ടു. കൺപോളകൾക്കു നേരിയ ഒരു നീലിമയുണ്ട്. കവിളിലെ കറുത്ത മറുക് അഞ്ജനപ്പൊട്ടുപോലെ ജ്വലിക്കുന്നു. തെളിവേറിയ വലിയ മിഴികളാൽ അവൾ അവളെ നോക്കി. അവൾ മന്ദഹസിച്ചു. അവൾക്കു കരച്ചിൽ വന്നു. അവൾ ചിരിച്ചു.

മുഖം സാധാരണ മട്ടിൽ ആക്കിയിട്ട് അവൾ അയൽപക്കത്തേക്കു നടന്നു. ഹൃദയം നന്നായി തുടിക്കുന്നുണ്ടായിരുന്നു.

നിസാർ അഹ്മ്മദിന്റെ നോട്ടം അവളിൽ പതിഞ്ഞു, സന്തോഷകരമായ ഒരു നോട്ടം!

അവൾ തീ വാങ്ങി. ആയിഷയോടോ അവളുടെ ഉമ്മായോടോ വർത്തമാനം പറയാൻ കുഞ്ഞുപാത്തുമ്മ നിന്നില്ല. വേഗം തിരിച്ചു വരുന്ന വഴിക്ക് നിസാർ അഹ്മ്മദ് വിളിച്ചു:

'ഓയി!'

ആ വിളി അവളുടെ ആത്മാവിലൂടെ ഒരു മിന്നൽ പായിച്ചു. മുന്നോട്ട് ഒരടിപോലും വെക്കാൻ കഴിയാതെ അവൾ നിന്നുപോയി. അവൾക്കു പുകച്ചിൽ തോന്നി. അവൾക്കു ഭയം തോന്നി. അവൾക്കു പരിഭ്രമം തോന്നി, അവൾക്കു സന്തോഷം തോന്നി... ഈ എല്ലാ വികാരങ്ങളോടെ അവൾ നോക്കി.

നിസാർ അഹ്മ്മദ് എണീറ്റു ചെന്നു.

'എനിക്കു ശകലം തീ വേണം' എന്നും പറഞ്ഞ് തീക്കൊള്ളി അങ്ങു വാങ്ങി. എന്നിട്ട് ഒരു സിഗററ്റു കത്തിച്ചു.

'കുഞ്ഞുപാത്തുമ്മാ,' നിസാർ അഹ്മ്മദ് പറഞ്ഞു: 'നമ്മുടെ ആ കുരുവിയില്ലെ, അത് എന്റെ അടുത്തു വന്ന് കുഞ്ഞുപാത്തുമ്മായ്ക്കു സുഖമാണോ എന്നു ചോദിച്ചു. ഞാൻ പറഞ്ഞു. 'ഏതോ ഇഫ്രീത്തിനെ ഓടിക്കാൻ അവളൊരു 'സൂട്ട്കേസ്' കഴുത്തിൽ കെട്ടിത്തൂക്കിക്കൊണ്ടു നടക്കുകയാണ്!'

'തീ താ!'

‘കുഞ്ഞുപാത്തുമ്മാ!’

‘ഓ.’

‘നിനക്കെന്തുപറ്റി?’

‘ന്റ കരളില് വേതന!’

‘അതിന് അതു കഴുത്തിൽ കെട്ടിയാൽ മാറുമോ?’

‘തീ താ!’

‘നീ എഴുത്തു പഠിച്ചിട്ടില്ലേ?’

‘ന്ന പഠിപ്പിച്ചില്ല.’

‘നാളെമുതൽ ആയിഷയോടു പഠിപ്പിക്കാൻ പറയൂ. പറയുമോ?’

‘ന്ന ത്തുട്ടാപ്പി കളിപ്പിച്ചും!’

‘ലുട്ടാപ്പി നിന്നെ കളിപ്പിക്ക്യാണെങ്കിൽ, ഞാൻ അവളെ രണ്ടായിരം കഷണമാക്കി....’

‘മേണ്ട; ത്തുട്ടാപ്പിന ഒന്നും ചെയ്യണ്ട! തീ താ!’

‘ലുട്ടാപ്പിയോടു ഞാൻ പറയാം, കേട്ടോ?’

ഒരു കണക്കിൽ അവൾ തീ വാങ്ങി. ഓടണമെന്നു തോന്നി. അവൾ പതുക്കെ നടന്നുപോയി. ലോകം ഒരു പുതുവെളിച്ചത്തിൽ കുളിച്ചു നിൽക്കുകയാണ്. എല്ലാറ്റിനും ഭംഗി അധികരിച്ചതു പോലെ. അവൾക്കെല്ലാറ്റിനോടും കൂടുതൽ കൂടുതൽ സ്നേഹം. ഒരു എറുമ്പ് അവളെ കടിച്ചപ്പോൾ വേദനയോടെ എറുമ്പിനോട് കുഞ്ഞുപാത്തുമ്മ പറഞ്ഞു:

‘ന്ന കടിച്ചും പോലെ നീ എല്ലാരേം കടിച്ചലേ്ല!’ അവളതിനെ നുള്ളിയെടുത്തു താഴെ വച്ചു. അവൾക്കു രാത്രി ഏറ്റവും മനോഹരമായി തോന്നി. ഉമ്മായും, ബാപ്പായും കൂർക്കം വലിച്ചുറങ്ങിയിട്ടും അവൾക്ക് ഉറക്കം വന്നില്ല. അവൾ നിസാർ അഹ്മ്മദിനെ ഓർത്തു മന്ദഹസിച്ചു. പരിഭവം പറഞ്ഞു. തലയണയിൽ നുള്ളി. ‘നൊന്തോ?’ ആ ചോദ്യത്തോടെ അവളുടെ കണ്ണുകളും നിറഞ്ഞു. ഉടനെ മന്ദഹസിക്കുകയും ചെയ്തു. അങ്ങനെയങ്ങനെ അവൾ ഉറങ്ങി. നിസാർ അഹ്മ്മദിനെ സ്വപ്നം കണ്ടു. അവർ ഒരുമിച്ചു നടക്കുകയാണ്.

പിറ്റേദിവസം ഉച്ചയ്ക്ക് ഊണു കഴിഞ്ഞ് അങ്ങനെ മുറ്റത്തു നിൽക്കുമ്പോൾ ആയിഷ കൈയിൽ വലിയ ഒരു പത്തലും കക്ഷത്തിൽ ഒന്നുരണ്ടു പുസ്തകങ്ങളുമായി വന്ന് ഗൗരവത്തിൽ കുഞ്ഞുപാത്തുമ്മായെ വിളിച്ചു. എന്തിനാണെന്ന് അവൾക്കു മനസ്സിലായില്ല. പുളിഞ്ചുവട്ടിൽ കൂട്ടിക്കൊണ്ടുപോയി പത്തലു കൊണ്ട് ആയിഷ വട്ടത്തിൽ ഒരു വര വരച്ചു.

‘ഒത്ത നടുക്കായി നിൽക്കു!’ അവൾ ആജ്ഞാപിച്ചു.

‘ന്തിനാ ത്തുട്ടാപ്പി?’ എന്നു ചോദിച്ചിട്ട് കുഞ്ഞുപാത്തുമ്മ അതിൽ കയറി നിന്നു.

‘വലതു കൈ നീട്ടു!’ ആയിഷ വീണ്ടും ആജ്ഞാപിച്ചു.

‘ന്ന തല്ലാനാ?’

‘നീട്ടു!’

കുഞ്ഞുപാത്തുമ്മ കൈ നീട്ടി. ആയിഷ ആ കൈയിൽ ഒരു പെൻസിലും ഒരു നോട്ടുബുക്കും ഒരു ബാലപാഠവും വെച്ചു കൊടുത്തു.

'ഞാൻ ഇന്നു മുതൽ ഗുരുനാഥയാണ്.' ആയിഷ പറഞ്ഞു.

കുഞ്ഞുപാത്തുമ്മ ചിരിച്ചു.

ആയിഷ പറഞ്ഞു:

'ഞാൻ അറിയാത്ത ഒരു രഹസ്യവും എന്റെ ശിഷ്യയ്ക്കുണ്ടായിരിക്കരുത്! എല്ലാം തുറന്നു പറഞ്ഞോളൂ. അതിനു ശേഷമാണ് പഠിപ്പിക്കൽ! എന്റെ സഹോദരനെന്നു പറയുന്ന ആ മഹാനും ഭവതിയുമായി......എന്താണ്?'

'ചുമ്മാ ഇരി, തുട്ടാപ്പി?'

'തുറന്നു പറയുന്നോ, അടി കിട്ടണമോ? കള്ളബുദ്ദൂസിനെ ഞാൻ അറുത്ത് നാലായിരം കഷണമാക്കും. പറയൂ.'

'പോ തുട്ടാപ്പീ!'

'പറയൂ!'

'ന്താണ്?'

'എന്റെ ഇയ്ക്കാക്കായും ത്ത്ത്തായുമായി എന്താണു ബന്ധം?'

കുഞ്ഞുപാത്തുമ്മായെ നോവിക്കാൻ പോകുന്നതുപോലെ അവൾ പറഞ്ഞു:

'ചുമ്മാതിരി തുട്ടാപ്പി.'

ആയിഷ കുറെ സമയം മിണ്ടാതിരുന്നു. എന്നിട്ടു ചോദിച്ചു:

'ത്ത്ത്തായ്ക്കു ഡാൻസ് ചെയ്യാൻ അറിയാമോ?'

അതെന്താണെന്നവൾക്കറിഞ്ഞുകൂടാ.

'ച്ചറിയാമ്പാട്ല്ല.' അവൾ പറഞ്ഞു.

'ക്ഷൗരം, അലക്ക്, പാചകവിദ്യ, ചിത്രമെഴുത്ത്... ഇതു വല്ലതും അറിയാമോ?'

'ചുമ്മാ ഇരി തുട്ടാപ്പി! ച്ചറിയാമ്പാട്ല്ല. തുട്ടാപ്പിക്ക് ന്ന പടിപ്പിച്ചാലെന്താ?'

'എന്നാൽ, കേട്ടോളൂ. പുരുഷന്മാരെപ്പോലെ കള്ളബുദ്ദൂസ്കൾ ഈ ദുനിയാവിൽ വേറെ ഇല്ല.'

'ചുമ്മാ ഇരി തുട്ടാപ്പി. അങ്ങനെ പറേലേ്ല!' കുഞ്ഞുപാത്തുമ്മായ്ക്ക് ആയിഷായുടെ ശ്രദ്ധയെ തിരിച്ചുവിടാൻ ഒരു വിഷയം കിട്ടി. രണ്ടു മൂന്ന് എറുമ്പുകൾ കൂടി ചത്ത ഒരീച്ചയെ പുല്ലിന്റെ പുറത്തുകൂടി വലിച്ചുകൊണ്ടു പോകുന്നു. കുഞ്ഞുപാത്തുമ്മ പറഞ്ഞു:

'തുട്ടാപ്പീ, ഇപ്പ ഷജ്റത്തുൽ മുന്തഹാടെ ഒര് കൊച്ചെല വീണു കാണും, നോയിക്കേ!'

ആയിഷ പറഞ്ഞു:

'ഗൗരവമുള്ള വിഷയത്തെപ്പറ്റിയാണ് ഇപ്പോൾ സംസാരിക്കുന്നത്. ത്ത്ത്തായ്ക്ക് എഴുത്തു പഠിക്കണമോ?'

'പടിച്ചണം!'

'ശരി, എന്നാൽ, ചോദിക്കുന്നതിന് ശരിയായ സമാധാനം പറയൂ. എന്റെ

ഇയ്ക്കാക്കായെ എപ്പോൾ പരിചയപ്പെട്ടു?'

'ന്ന എയിത്ത് പടിപ്പീരു ഇട്ടാപ്പി!'

'ത്ത്ാ ഞാനുമായലേ്ല ആദ്യമായി ഇഷ്ടമായത്?'

'ഹല്ല ഇട്ടാപ്പി.' കുഞ്ഞുപാത്തുമ്മ പറഞ്ഞു.

'എന്ത്?' ആയിഷ അദ്ഭുതത്തോടെ ചോദിച്ചു: 'ഞാനുമായല്ലെന്നോ?'

'ഹല്ല.'

'അതു പറയൂ.'

'ഞാ കുളിച്ചാമ്പന്നതു നിഞ്ഞട കിണറ്റുകരേന്ന്. ഇട്ടാപ്പീം മറ്റ ബരണതിനു മുമ്പ്. ഒരു ദെവസം കെട്ടിയോങ്കുരുവി കെട്ടിയോളുകുരുവീന കൊത്തിക്കൊല്ലാമ്പോയി. അപ്പ കൊട്ടിയോള കുരുവി തോട്ടി വീണ്. അയിന നോക്കാമ്പോയപ്പ ഞാനും തോട്ടി വീണ്, ന്റ കയീം മറ്റ കുത്തിക്കീറി ഒത്തിരി ചോര വന്ന് ഞാങ്കൊറച്ച് ചോര കെട്ടിയോള കുരുവിക്കു കൊടുത്ത്. അയിന്റെ വയറ്റി രണ്ട് മൊട്ടേണ്ടാർന്ന്. അപ്പ ഇട്ടാപ്പീന്റെ ഇയ്ക്കാക്ക!'

'ഇയ്ക്കാക്ക?'

'ഇട്ടാപ്പീ, അവട ഒണ്ടാർന്ന്. അന്നിട്ട് തോട്ടി എറങ്ങി വന്ന്, ന്റ കൈ വെച്ചുകെട്ടി. ന്ന തോട്ടീന്ന് കരേക്കേറ്റി. കുളിച്ചുമ്പ നനക്കരുതെന്നു പറഞ്ഞ്.'

'എന്നിട്ടു കുരുവിയോ?'

'പറന്ന് അയിന്റ വീട്ടി പോയി.'

'ഓ, ഇതാണലേ്ല?' ആയിഷ തന്നത്താൻ പറഞ്ഞു: 'ഓ ഇതാണലേ്ല കുഞ്ഞുപാത്തുമ്മ ചെയ്ത അദ്ഭുത കൃത്യം!'

'ന്താണ് ഇട്ടാപ്പീ?'

'ഓ, ഒന്നുമില്ല!' ആയിഷ പറഞ്ഞു: 'ആണുങ്ങൾ എന്നു പറയുന്ന കള്ളബുദ്ദൂസുകളെപ്പറ്റി—'

'ചുമ്മായിരി ഇട്ടാപ്പി? അങ്ങനെ പറയാവോ?'

'ഇനി എന്റെ മോൾ എന്നെ തല്ലിത്തുടങ്ങും. അതിനും എനിക്കു വിധിയുണ്ടെന്നാണു തോന്നുന്നത്. 'അപ്പോഴും ആയിഷാ ബീവി സുസ്മേരവദനയായി കാണപ്പെട്ടു!' എന്ന് ലോകം പറയും!'

'ന്താണ് ഇട്ടാപ്പീ?'

'ഞാൻ പഠിപ്പിക്കാൻ പോകുന്നു. ശ്രദ്ധിക്കുക!'

ആയിഷ നിലത്ത് 'ബ' എന്നൊരക്ഷരമെഴുതി.

'സൂക്ഷിച്ചു നോക്കു; ഈ ജാതി ആ ബുക്കിലുണ്ടോ എന്നു നോക്ക്!' എന്നും പറഞ്ഞ് അവൾ പുൽത്തകിടിയിൽ മലർന്നു കിടന്നു.

കുഞ്ഞുപാത്തുമ്മ പുസ്തകത്തിലെങ്ങും നോക്കി. കാണുന്നില്ല. ഒടുവിൽ അവളത് പുസ്തകത്തിന്റെ പുറത്തു നിന്നുതന്നെ കണ്ടുപിടിച്ചു!

ആയിഷ എണീറ്റു.

'അവന്റെ പേരാകുന്നു 'ബ.' ആ അക്ഷരത്തിന്റെ പേരെന്ത്?'

കുഞ്ഞുപാത്തുമ്മ പറഞ്ഞു:

'ബ.'

'ബ' കൊണ്ടു തുടങ്ങുന്ന ഒരു വാക്കു പറയൂ.'

'ബയീ.'

'ബുദ്ദൂസേ! കള്ളബുദ്ദൂസേ 'വഴി' യെന്നു പറയണം.'

'വഴി!'

'അപ്പോൾ അതിൽ ബായുണ്ടോ?'

'ഹില്ല.'

'എന്നാൽ ഒന്ന് ആലോചിച്ചു പറയൂ.'

'ബയിതനങ്ങാ!'

'വഴുതനങ്ങാ എന്നു പറയൂ.'

കുഞ്ഞുപാത്തുമ്മ അങ്ങനെ എഴുത്തു പഠിക്കാൻ തുടങ്ങി. രാവും പകലും അവൾ അദ്ധ്വാനിച്ചു. ഉമ്മായേയും ബാപ്പായേയും അവൾ അതറിയിച്ചില്ല. ഉമ്മാ കണ്ടാൽ ചീത്ത പറയുമെന്നവൾക്കറിയാം. ഉമ്മായാണെങ്കിൽ പെട്ടെന്നു നിസ്കാരവും തുടങ്ങി! വലിയ പ്രാർത്ഥനയാണ്. നിസ്കാരപ്പായിൽ നിന്നെണീക്കാറില്ല. അവിടെ ഇരുന്നുകൊണ്ടാണ് വീട്ടുകാര്യങ്ങളൊക്കെ അന്വേഷിക്കുന്നത്. കുഞ്ഞുപാത്തുമ്മ അടുക്കളയിലിരുന്നും കിടക്കപ്പായിലിരുന്നും പഠിച്ചുതുടങ്ങി. അവൾക്കെപ്പോഴും സംശയമുണ്ടാകും. അവൾ അയൽപക്കത്തേക്കു ചെല്ലും. അവൾ ആകെ മധുരിമയോടെ ജ്വലിക്കും. ഒരു ദിവസം ആയിഷയുടെ ഉമ്മാ എന്തോ ഒരു കുരുവിയെപ്പറ്റി ചോദിച്ചു.

ആവൾ ആകെ ചുമന്നു പോയി!

'ചുമക്കുന്നതു കണ്ടോ?' ആയിഷ പറഞ്ഞു.

അപ്പോൾ അവൾക്കു കരച്ചിൽ വന്നു. ആയിഷയുടെ ഉമ്മാ ചിരിച്ചുകൊണ്ട് കുഞ്ഞുപാത്തുമ്മായുടെ തല തടവി.

'നീ മുടി ചീകാറില്ലേ?' ആയിഷയുടെ ഉമ്മാ ചോദിച്ചു.

കുഞ്ഞുപാത്തുമ്മ പറഞ്ഞു:

'ഉമ്മാ പറേണത് അങ്ങനെ മുടി കോതിയാ കാഫ്രിച്ചിയായിപ്പോകുവെന്ന്!'

ആയിഷയുടെ ഉമ്മാ ചിരിച്ചു. അവർ ഒരു ചീർപ്പെടുത്ത് കുഞ്ഞു പാത്തുമ്മായുടെ മുടി നടുവേ വകഞ്ഞു ചീകി. അവളുടെ മുഖം ജ്വലിച്ചു. ആയിഷയുടെ ഉമ്മാ അവളുടെ മുടി ഭംഗിയായി കെട്ടിക്കൊടുത്തു.

ആയിഷ മുല്ലപ്പൂക്കൾ പെറുക്കിക്കൊണ്ടുവന്ന് കുഞ്ഞു പാത്തുമ്മായുടെ മുടിക്കെട്ടിൽ തിരുകി.

'തലേ ഇബ്ലീസ് കേറുവോ,' കുഞ്ഞുപാത്തുമ്മ ചോദിച്ചു.

'ചെന്നു കുരുവിയോടു ചോദിക്കൂ!'

'പോ തുട്ടാപ്പീ!'

അവൾ നാണിച്ചും സന്തോഷിച്ചും വീട്ടിലേക്കു ചെന്നു. ഉമ്മാ എടുത്തവായിക്കു

ചോദിച്ചു:

'എന്താടീ ഹറാമ്പറന്നോളേ, ഈ കാട്ടിയേ? നിന്റെ തലേലെന്താ?'

കുഞ്ഞുപാത്തുമ്മ മിണ്ടിയില്ല.

ഉമ്മാ എണീറ്റ് അവളുടെ മുടി പിടിച്ചഴിച്ച് പൂക്കളെല്ലാം ഞെക്കി വലിച്ചെറിഞ്ഞു.

'അവര് കാണിക്കണപോലെ നീ കാണിക്കണ്ട. ആ പെങ്കൊച്ചിന്റെ ഉപ്പുപ്പായേ കാളേമ്പണ്ടിക്കാരനാർന്ന്. തിരിഞ്ഞോ? നീ ആനമക്കാരിന്റെ പുന്നാരമോട പുന്നാരമോളാ! നിൻറുപ്പുപ്പാക്കൊരാനേണ്ടാർന്ന്!— ബല്യ ഒര് കൊമ്പനാന!'

കുഞ്ഞുപാത്തുമ്മ ഒന്നും പറഞ്ഞില്ല. അന്നുതന്നെ അവൾ വേറൊരു വാർത്തയും അറിഞ്ഞു. അവളുടെ കല്യാണം ഉടനെ നടക്കും! ബാപ്പാ ചെറുക്കനെ അന്വേഷിക്കുന്നുണ്ട്!

അവൾ നടുങ്ങി, അവളുടെ വായിൽ വെള്ളമില്ലാതായി. അവൾ വിളറി അങ്ങനെ നിന്നു.

ഉമ്മാ പറഞ്ഞു:

'ന്റ അനുവാസം കൂടാതെ ഈ അതിർക്കഹത്ത്ന്ന് നീ ബെളീപ്പോഹരത്!'

അവളുടെ കണ്ണും ചെവിയും കൊട്ടിയടച്ചു. 'യാ റബ്ബൽ ആലമീൻ,' എന്നു പറഞ്ഞ് അവൾ ബോധം കെട്ടു വീണു.

'മയ്യദ്ദീനേ! മുത്ത്നബിയേ! എന്റെ പുന്നാര മകക്ക് എന്ത് പെണഞ്ഞ്?' ഉമ്മാ ചാടി എണീറ്റു. ബാപ്പാ വന്നു. വെള്ളംതളി! വീശൽ! ആകെക്കൂടി ബഹളം!

കുഞ്ഞുപാത്തുമ്മ കണ്ണു തുറന്നു എണീറ്റിരുന്നു. ഉമ്മാ ബാപ്പാമാരെ അവൾ തുറിച്ചുനോക്കി. അവളോടു ചോദിക്കാതെ, അവളുടെ അഭിപ്രായം അറിയാതെ അവൾക്കൊരു ഭർത്താവിനെ ഉണ്ടാക്കിയിരിക്കുന്നു!

'മകളേ, കുഞ്ഞുപാത്തുമ്മാ!' ബാപ്പാ വിളിച്ചു.

അവൾ മിണ്ടിയില്ല.

ഉമ്മാ ചോദിച്ചു:

'ന്റ പുന്നാരമകക്ക് ഹെന്ത് പെണഞ്ഞ്?'

കുഞ്ഞുപാത്തുമ്മ മിണ്ടിയില്ല.

'മയ്യദ്ദീനേ, വല്ലഷൈത്താനും കൂടിയാരിക്കും!' ഉമ്മാ പറഞ്ഞു.

കുഞ്ഞുപാത്തുമ്മ പൊട്ടിച്ചിരിച്ചു; നിർത്താതെ അവൾ ചിരിച്ചു. പിന്നെ അവൾ കരഞ്ഞു; നിർത്താതെ ഹൃദയം നൊന്ത് അവൾ കരഞ്ഞു. രാത്രി വളരെ അതിക്രമിച്ചിട്ടും, ലോകമെല്ലാം ഉറങ്ങിയിട്ടും അവൾ കരച്ചിൽ നിർത്തിയില്ല.

അവൾ കിടന്നുകൊണ്ട് ജാലകത്തിലൂടെ നോക്കി.

ഭീമാകാരമായ കറുത്ത എട്ടുകാലി വലയിൽ കുടുങ്ങിക്കിടക്കുന്ന പ്രകാശബിന്ദുക്കളാണോ നക്ഷത്രകോടികൾ?

കിനാവുകളുടെ കാലം

പകല് വരുന്നു. രാത്രിയാവുന്നു. വ്യക്തമായി ഒന്നും കുഞ്ഞു പാത്തുമ്മായ്ക്കറിഞ്ഞുകൂടാ. ഊണില്ല. ഉറക്കമില്ല. എല്ലാം ഒരു കിനാവുപോലെ. ആരെല്ലാമോ വരുന്നു. എന്തൊക്കെയോ ചോദിക്കുന്നു. അവൾ ഉണർന്നിരിക്കുന്നോ, അതോ ഉറങ്ങുകയാണോ? ആയിഷയോ മറ്റോ എന്തോ ചോദിച്ചു. ആവർത്തിച്ചാവർത്തിച്ചു ചോദിച്ചു. അവളതിനു സമാധാനം പറയുന്നുണ്ടായിരുന്നു. പിന്നീടും അതേ ചോദ്യം. അവളതിന് ഹൃദയം നൊന്ത് ഉച്ചത്തിൽ പറഞ്ഞു:

'ഇട്ടാപ്പീ, ന്ന കെട്ടിച്ചാമ്പോണ്!'

പിന്നീടു കണ്ണീരാണ്. കണ്ണീരിന്റെ കടൽ! അവളതിൽ പൊങ്ങിക്കിടക്കയാണ്. ഇരുണ്ട ലോകത്തിന്റെ എത്തിയ അറ്റത്തു നിന്നു ചെന്തീ പൊന്തുന്നു. അത് സൂര്യോദയമാണ്. പക്ഷേ, കാക്കകൾ കരഞ്ഞില്ല. കിളികൾ ചിലച്ചില്ല. ആളുകൾ സംസാരിക്കുന്നുണ്ട്. ഉമ്മായും ബാപ്പായുമാണ്. പിന്നെയും ആരോ ഉണ്ട്. അതു സൂര്യോദയമല്ല! മുറ്റത്തുള്ള കുഴിയിൽ കനൽക്കട്ടകൾ. അതിന്റെ ചുറ്റിനും മൺചട്ടികളിൽ ചെറുതിരികൾ കത്തുന്നു. കുഞ്ഞുപാത്തുമ്മായെ ഒരു പലകയിൽ അതിനടുത്തായി ഇരുത്തിയിരിക്കയാണ്. സമീപത്തുതന്നെ കൈയിൽ ചൂരലുമായി ഒരാൺപിറന്നോനുമുണ്ട്.

ഷൈത്താൻ 'ഒയിക്കുന്ന' മുസ്ലിയാരാണ്!

കുഞ്ഞുപാത്തുമ്മായ്ക്കു ജീവിതത്തിൽ ആദ്യമായി ദേഷ്യം വന്നു. ഉഗ്രമായ ദേഷ്യം, അവൾക്കൊരാനയേപ്പോലെ അമറണമെന്നു തോന്നി. ഒരു കടുവായെപ്പോലെ അലറണമെന്നു തോന്നി; ചാടിയെണീറ്റ് എല്ലാറ്റിനേയും കടിച്ചു കീറുക!

അവൾ അങ്ങനെ ഇരുന്നു. നല്ലൊരു വാസന; മുസ്ലിയാർ അവളുടെ തലയ്ക്കുഴിഞ്ഞ് എന്തെല്ലാമോ തീയിലിടുന്നു. കൂട്ടത്തിൽ കുന്തിരിക്കവും ചന്ദനവുമുണ്ട്. മുസ്ലിയാർ സുഹ്, ഫല, ഹല എന്നൊക്കെ 'മന്തിരിക്ക'യാണ്. ഷൈത്താൻ ഒഴിക്കുന്നു! ഇഫ്രീത്ത്, ജിന്ന്, റൂഹാനി അങ്ങനെ പലേ ഷൈത്താനേയും ഒഴിപ്പിച്ച സുപ്രസിദ്ധമായ ചൂരലാണതു!

അതുകൊണ്ടവളെ അടിക്കും. മുടിക്കു കുത്തിപ്പിടിച്ച് അവളുടെ പുറത്തും തുടയിലുമൊക്കെ അടിക്കും! അങ്ങനെയാണ് ഷൈത്താൻ ഒഴിപ്പിക്കുന്നത്. അതുകൊണ്ടും ഷൈത്താൻ ഒഴിഞ്ഞില്ലെങ്കിൽ മുളകരച്ചു കണ്ണിൽ തേക്കും! തീക്കനൽ കൈവെള്ളയിൽ വെക്കും. അപ്പോൾ ശ്ര് എന്നു തൊലി കരിയും. തലച്ചോറുമുതൽ ഉള്ളം കാലുവരെ വേദനിക്കും! ഓ— വേദനിക്കട്ടെ. ഉമ്മായും ബാപ്പായും വേദനിപ്പിക്കാൻ അനുവദിച്ചിരിക്കുന്നു.

'ബാപ്പാ, ന്ന തല്ലണ്ടെന്നു പറ!'

മുസ്ലിയാർ ഒന്നും പറഞ്ഞില്ല. ബാപ്പായും ഒന്നും പറഞ്ഞില്ല. ഉമ്മായും ഒന്നും പറഞ്ഞില്ല.

'ഉട്ടാപ്പീ, ന്ന തല്ലാമ്പോണെന്ന പറ! അങ്ങനെ അവളുടെ മനസ്സിൽ പറഞ്ഞു. ആരോടു പറയാനാണ് ആയിഷയോടും പറയുന്നത്?'

'ആരാണെന്ന പറ?' മുസ്ലിയാർ ആജ്ഞാപിച്ചു: 'കൂടീരിക്കണത് ആരാണെന്ന പറ.'

കൂടീട്ടുണ്ടെങ്കിൽ ആരാണെന്ന പറയാം! വല്ലവരും കൂടീട്ടുണ്ടോ?

മുസ്ലിയാർ വീണ്ടും ചോദിച്ചു. മൂന്നാമത്തെ തവണ ചൂരലാണ് ചോദിച്ചത്. പിന്നെ അവൾക്ക് നല്ല ഓർമയില്ല. മുസ്ലിയാർ പത്തോ പന്ത്രണ്ടോ അടിച്ചു. അവൾ കരഞ്ഞു. വാവിട്ടു കരഞ്ഞു. ചൂരൽ പിടിച്ചു പറിച്ച് അവൾ ഒടിച്ചു. അവളതു തീയിലിട്ടു. എങ്ങോട്ടെങ്കിലും ഓടിപ്പോകണമെന്നു തോന്നി. അവൾ ഓടിയില്ല. തീജ്ജ്വാലയുടെ വൃത്തത്തിനടുത്ത് നിസാർ അഹ്മ്മദ് നില്ക്കുന്നു!

നിസാർ അഹ്മ്മദ് അവളെ വാരിയെടുത്തതാണോ? അതോ, നിസാർ അഹ്മ്മദിന്റെ അടുത്തേക്ക് അവൾ ഓടിച്ചെന്നതാണോ?

നിസാർ അഹ്മ്മദാണ് അവളെ താങ്ങിയെടുത്തു വരാന്തയിൽ കയറി പുരയ്ക്കകത്തു പായിൽ കിടത്തിയത്. പിന്നെ കണ്ണുതുറന്നപ്പോൾ നല്ല പകലാണ്.

പായ്ക്കടുത്ത് ആയിഷ ഇരിപ്പുണ്ട്. ആയിഷയുടെ ഉമ്മായുമുണ്ട്.

കുഞ്ഞുപാത്തുമ്മായുടെ ഉമ്മാ എന്തോ അരച്ചുകൊണ്ടുവന്ന് അവളുടെ നെറ്റിയിൽ പുരട്ടി. അതിനു നല്ല തണുപ്പുണ്ട്. അവളുടെ മൂക്കിലൂടെ പുറത്തേക്കു വരുന്ന കാറ്റിനു നല്ല ചൂടുണ്ട്. തീയാണോ?

അവളുടെ ബാപ്പാ ആ മുറിയിലേക്കു കയറിവന്നു. ആയിഷയും അവളുടെ ഉമ്മായും എണീറ്റു മാറി. ബാപ്പാ ചോദിച്ചു:

'മകളേ, കഞ്ഞി വേണോ?'

ഒന്നും വേണ്ട; വിശപ്പും ദാഹവുമില്ല.

'എന്റെ മകളെത്ര ദെവസോയെന്നോ വല്ലതും കഴിച്ചിട്ട്?' ബാപ്പാ ദുഃഖത്തോടെ പറയുകയാണ്. ഓ... എന്തിനു ദുഃഖിക്കണം? അവൾ മരിക്കാൻ പോകുകയാണ്. കാറ്റു വീശിത്തുടങ്ങി! കാറ്റു വീശിത്തുടങ്ങി... ഇല ഇപ്പോൾ വീഴും? സത്യമായ കാറ്റു വീശുന്നുണ്ട്. ഇലകൾ പാറുന്നു. മരങ്ങൾ കൂട്ടിമുട്ടുന്നു. മരണത്തിന്റെ കാറ്റായിരിക്കാം. മരണത്തിന്റെ ദൂതൻ വന്നു കഴിഞ്ഞോ? ലോകം അവസാനിക്കാൻ പോകയാണ്. ഇസ്രാഫീൽ എന്ന മലക് സൂർ എന്ന കുഴൽ ഊതിത്തുടങ്ങിയിരിക്കാം. ഒടുവുനാൾ അടുത്തിരിക്കുന്നു! വൃക്ഷങ്ങൾ കടപറിഞ്ഞു വീഴുകയും പർവതങ്ങൾ കുലുങ്ങിത്തകർന്നു പൊടിയായി.... ഭൂഗോളം ശൂന്യമാകാൻ പോകുകയാണോ?

മഴ പെയ്യുന്നുണ്ട്. പുതുമണ്ണിന്റെ മണം. ആളുകൾ വർത്തമാനം പറഞ്ഞു ചിരിച്ചുകൊണ്ടു പോകുന്നു. പകലാണ്. പരുന്തിന്റെ കരച്ചിൽ കേൾക്കുന്നു. അതിനെ കാണാൻ വയ്യ. എങ്കിലും അത് ആകാശത്തങ്ങനെ വിതുത്തിപ്പിടിച്ച ചിറകുകൾ അനക്കാതെ പറക്കുകയാണ്. മുറിയിൽ രാവുമല്ല, പകലുമല്ല. അവൾക്കനങ്ങാൻ വയ്യ. സർവാംഗം വേദനിക്കുന്നു. ആരോ അവളെ വെട്ടിനുറുക്കുന്നതുപോലെ.

പതിനായിരം കൊച്ചു കഷണങ്ങളാക്കി നുറുക്കുകയാണ്. കിളികൾക്കു വിതറി ഇട്ടുകൊടുക്കാനായിരിക്കും. കിളികൾ അങ്ങനെ കൊത്തിവിഴുങ്ങി കെളകെളയായി പറന്നു പോകും. പിന്നെ...?

'കുഞ്ഞുപാത്തുമ്മാ!' ആരോ വിളിക്കുന്നു. ആരാണത്? അവൾ കണ്ണു തുറന്നു. അവളുടെ ഉള്ള് ആളിപ്പോയി. നിസാർ അഹ്മ്മദിന്റെ ബാപ്പാ! മുറിയിൽ വന്നു നില്ക്കുകയാണ്. അദ്ദേഹം പറഞ്ഞു:

'ഇതിൽ കാറ്റും വെളിച്ചവും കടക്കണം. ആ ജനൽ അടച്ചിട്ടിരിക്കുന്നതെന്തിന്?'

അദ്ദേഹം ജനൽ തുറന്നു. കാറ്റും വെളിച്ചവും അകത്തു കടക്കുകയാണ്. വെളിച്ചത്തിന് എന്തൊരു വെളിച്ചം!

'കുഞ്ഞുപാത്തുമ്മാ!' അദ്ദേഹം വീണ്ടും വിളിച്ചു. 'ഓ!' എന്നവൾ വിളികേട്ടു. പക്ഷേ, ശബ്ദം പൊന്തിയോ എന്തോ. അദ്ദേഹം ഇറയത്തിറങ്ങി ബാപ്പായോടെന്തൊക്കെയോ പറയുകയാണ്. എന്താണത്? വയ്യ; കണ്ണു തുറന്നങ്ങനെ കിടക്കാൻ വയ്യ. ഉണർന്നിരിക്കുന്നതിനേക്കാൾ നല്ലത് ഉറക്കമാണ്. ഉറക്കം കറുത്ത കടലാണ്. അവൾ അതിൽ അലിഞ്ഞു ചേരുകയാണ്. അതും വയ്യ. വെളിച്ചം! എവിടെയെങ്കിലും ഒരു പിടുത്തം വേണം. ആലംബമില്ലാതെ ജീവിക്ക സാദ്ധ്യമല്ല. അവളൊരു വൃക്ഷമാണ്. ഭൂമിയിൽ കുത്തനെ നില്ക്കുകയാണ്. മുടിയെല്ലാം വേരുകളാണ്. കൈകാലുകൾ എല്ലാം വൃക്ഷത്തിന്റെ ശിഖരങ്ങളാണ്. ധാരാളം ഇലകളും പൂക്കളും ഉണ്ടായിത്തുടങ്ങിയിരിക്കുന്നു. രണ്ടു പക്ഷികൾ കൂടുകൂട്ടാൻ പോകുന്നു. അത് എന്തു പക്ഷികളാണ്?

'കുഞ്ഞുപാത്തുമ്മാ!' ആരോ അവളെ കുലുക്കി വിളിക്കുന്നു. ആരാണത്? എവിടെവെച്ചോ പണ്ടു കേട്ടിട്ടുള്ള ശബ്ദം. ആലസ്യത്തോടെ അവൾ കണ്ണു തുറന്നു. ആരാണത്? ഓ......നിസാർ അഹ്മ്മദ്!

'കുഞ്ഞുപാത്തുമ്മാ!' നിസാർ അഹ്മ്മദ് വിളിച്ചു. എന്നിട്ടു പറഞ്ഞു:

'നീ എണീറ്റിരുന്ന് ഇതങ്ങു കുടിക്ക്. കൈപ്പുള്ളതാണ്. എന്നാലും മധുരമുണ്ടെന്നു വിചാരിച്ചോളൂ. രുചിച്ചു നോക്കണ്ട.'

മരുന്നു വേണ്ടെന്നു പറയണമെന്ന് അവൾക്കു തോന്നി. അതിനു മുമ്പ് നിസാർ അഹ്മ്മദ് അവളെ താങ്ങി എണീപ്പിച്ചിരുത്തി. വെള്ള കുഴിയൻപിഞ്ഞാണത്തിൽ എന്തോ കറുത്ത ദ്രാവകം അവളെക്കൊണ്ടു കുടിപ്പിച്ചു. എന്നിട്ടെന്തെല്ലാമോ പറഞ്ഞു. അവളതിനു സമാധാനം പറയാൻ ഭാവിച്ചപ്പോൾ നിസാർ അഹ്മ്മദിനെ കണ്ടില്ല. ഉമ്മാ പൊടിയരിക്കഞ്ഞി അവളെക്കൊണ്ടു കുടിപ്പിക്കുകയാണ്. ഉമ്മാ ചോദിച്ചു:

'നെനക്ക് ആയിഷാന്റെ ഉമ്മാ മുടികെട്ടണപോലെ മുടി കെട്ടണോ!'

കുഞ്ഞുപാത്തുമ്മാ പറഞ്ഞു:

'ഞാമ്മരിച്ചാമ്പോണ്.'

ഉമ്മാ പറഞ്ഞു:

'ന്റ പുന്നാരമോളങ്ങനെ പറേല്ലേ. നിന്റെ കല്യാണക്കാരേ്യാക്കെ നിശ്ചയിച്ചു കഴിഞ്ഞ്.'

കുഞ്ഞുപാത്തുമ്മ പറഞ്ഞു:

‘ന്ന ഇപ്പ കെട്ടിച്ചണ്ട! ഞാമ്മരിച്ചാമ്പോണ്!’

‘ഞാൻ മരിക്കാൻ പോകുന്നു, എന്നു പറയണം’ എന്നും പറഞ്ഞ് ചിരിച്ചുകൊണ്ട് ആയിഷ കടന്നു വന്നു. അവൾ ചോദിച്ചു:

‘മരുന്നിനു മധുരമുണ്ടായിരുന്നോ?’

‘പോ തുട്ടാപ്പീ!’

‘കള്ളബുദ്ദൂസിന് ഒരാള് മരുന്നു കൊടുത്താലേ കുടിക്കൂ!’

‘ചുമ്മായിരി തുട്ടാപ്പി!’ അവളങ്ങനെ കിടന്നു. ഹൃദയത്തിൽ തേനാണ്. അവൾ ആകെ മധുരമായി മാറിയിരിക്കുന്നു. അവൾക്കു രുചിയുണ്ടായി. വിശപ്പും ദാഹവുമുണ്ടായി. ആരുടേയും സഹായം കൂടാതെ എണീറ്റിരിക്കാം. പതുക്കെ നടക്കുകയും ചെയ്യാം. അങ്ങനെ വരുമ്പോൾ ഒരു ദിവസം ആയിഷ പറഞ്ഞു:

‘കള്ളബുദ്ദൂസിനെ കെട്ടിക്കാൻ പോണത് ആരെക്കൊണ്ടാണെന്നറിയാമോ?’

‘ചുമ്മായിരി തുട്ടാപ്പി!’

‘നോക്കൂ! ആരാണെന്നറിയാമോ?’

പുതിയ തലമുറ സംസാരിക്കുന്നു

കുഞ്ഞുപാത്തുമ്മായെ നിസാർ അഹ്മ്മദ് വിവാഹം ചെയ്തത് ഒരു രാത്രിയാണ്. അന്നു പകൽ നാലുമണിയോടടുത്തപ്പോൾ രസകരമായ ഒരു സംഭവമുണ്ടായി:

നിക്കാഹ് കഴിക്കാനായി പള്ളിയിലെ ഖത്തീബിനെ ക്ഷണിക്കാൻ ബാപ്പാ പോയിരിക്കയായിരുന്നു. നാട്ടിലെ മിക്ക വീടുകളിലും കല്യാണക്കാര്യം അറിയിച്ചെങ്കിലും ആരെയും ക്ഷണിക്കയുണ്ടായില്ല. സദ്യവട്ടങ്ങളോ ആഘോഷമോ ഒന്നും ഇല്ലായിരുന്നു. ഒന്നും വേണ്ടെന്നാണ് നിസാർ അഹ്മ്മദിന്റെ ബാപ്പാഉമ്മാമാർ പറഞ്ഞത്. വാശിയിൽ വലിയ സദ്യകൾ നടത്തി ധനം പാഴാക്കി പാപ്പരായ മുസ്ലിംകുടുംബങ്ങൾ ധാരാളമായി എവിടെയുമുണ്ട്. അതോർക്കുന്നതു നന്ന്. അഞ്ചെട്ടുപേര്ക്ക് നെയ്ച്ചോർ തയ്യാറാക്കുന്നുണ്ടായിരുന്നു. പുതിയ പെണ്ണിനുള്ള ഉടുപുടവകളും അവർതന്നെ വാങ്ങിച്ചിട്ടുണ്ടായിരുന്നു. എന്തെല്ലാമാണതെന്ന് കുഞ്ഞുപാത്തുമ്മായ്ക്കറിവുണ്ടായിരുന്നില്ല. കുളിച്ചു പിടിച്ച് അങ്ങോട്ടു ചെല്ലാൻ ആയിഷ പറഞ്ഞു. കുളി കഴിഞ്ഞപ്പോൾ ആയിഷ വന്ന് അവളെ കൂട്ടിക്കൊണ്ടു പോയി.

അങ്ങോട്ടു ചെന്ന കുഞ്ഞുപാത്തുമ്മായല്ല പുറത്തേക്കു വന്നത്. അവൾ പാവാട ഉടുത്തിരുന്നു. ബോഡീസ് ഇട്ടിരുന്നു. ബ്ലൗസ് ധരിച്ചിരുന്നു. പച്ചസാരിയും ചുറ്റിയിരുന്നു. മുടി ഭംഗിയായി കെട്ടിവെച്ച് പൂവും ചൂടിയിരുന്നു. സാരിയുടെ ഒരു തുമ്പുകൊണ്ടു തല മറച്ചിരുന്നു. അതിനും പുറമേ അവൾ ചെരിപ്പുകളും ഇട്ടിരുന്നു. ഒരു നൂറുകുറി മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടത്തിച്ചു... നടപ്പു പഠിപ്പിച്ചിട്ടാണ് കുഞ്ഞുപാത്തുമ്മായെ വീട്ടിലേക്കു വിട്ടത്.

നിസാർ അഹ്മ്മദ് പറഞ്ഞു:

'കുനിയരുത്. ശരിക്കു നിവർന്ന്, ധീരതയോടെ നടന്നു പോകൂ.'

അങ്ങനെ കുഞ്ഞുപാത്തുമ്മ വീട്ടിലേക്കു വന്നു.

അവൾ ആകെ ജ്വലിച്ചു. ആ കറുത്ത മറുകു മിന്നി. ആ അദ്ഭുതകാഴ്ച കാണാൻ വഴിയിൽ ഒരുപാടു പിള്ളേരു കൂടിയിരുന്നു. ഉമ്മാ മെതിയടിപ്പുറത്തു മുറ്റത്തു നില്പുണ്ടായിരുന്നു. ഒരു ചെറിയ ബഹളത്തിന്റെ മട്ടും അവൾ കണ്ടു. എന്തൊക്കെയോ വർത്തമാനങ്ങൾ നടക്കുന്നുണ്ട്. ഒന്നും അവൾ വ്യക്തമായി കേട്ടില്ല.

ഉമ്മാ പിള്ളേരോടു ചോദിച്ചു:

'എന്താ ബകന്തകളേ!'

വകന്തകളായ കുഞ്ഞുപാത്തുമ്മാമാരും, കുഞ്ഞുതാച്ചുമ്മാമാരും അടിമകളും മക്കാരുകളും പറഞ്ഞു:

'കുളുകുളു!'

ഉമ്മാ പുതിയ തലമുറയോടു ചോദിച്ചു:

'ബകന്തകളെന്താ പറഞ്ഞേ?'

പിള്ളേരു പറഞ്ഞു:

'ലുല്ലുലു!'

ഉമ്മായ്ക്കു കുറേശ്ശ ഹാലിളക്കം തുടങ്ങി. ഉമ്മാ പറഞ്ഞു:.

'നിങ്ങളെ കാലപാമ്പു കടിക്കും!'

'മെമ്മമേ!'

'പന്നികളേ!'

'പെപ്പപ്പേ!'

ഉമ്മാ പറഞ്ഞു:

'ഞാ ഒലക്കേടുത്തടിക്കും!'

കുഞ്ഞുപാത്തുമ്മ ദൂരെവെച്ചേ പറഞ്ഞു:

'ഉമ്മാ ചുമ്മായിരി. ഉമ്മാ വല്ലതും പറഞ്ഞാൽ അവരുടെ ബാപ്പാമാരു വഴക്കിനു വരും!'

'ബരട്ടടീ!' ഉമ്മാ ഉച്ചത്തിൽ നാടൊട്ടുക്കും കേൾക്കത്തക്ക വിധത്തിൽ പറഞ്ഞു: 'നിന്റ അവരക്ക ഒന്ന് കാണട്ടെ! ആനമക്കാരിന്റെ പുന്നാരമോട പുന്നാരമോള അവരക്ക ഒന്ന് കാണട്ടെ! നിൻറുപ്പുപ്പാക്കേ ഒരാനേണ്ടാർന്ന്!—ബല്യ ഒര് കൊമ്പനാന.'

'അദ് കുയ്യാനേർന്ന്,' മൂക്കട്ട ഒലിക്കുന്ന മുഖത്തോടും ചൊറി പിടിച്ച കൈകളോടും കൂടിയ കറുത്ത ഒരു മുഴം പൊക്കമുള്ള ഒരു അടിമ പറഞ്ഞു:

'കുയ്യാന! കുയ്യാന!'

കുഞ്ഞുതാച്ചുമ്മായ്ക്ക് സഹിക്കാൻ കഴിയുമോ? മഹാ പ്രതാപത്തിന്റെ ചരിത്രസൗധം തകർന്നിരിക്കുന്നു! ശൂരപരാക്രമി ആയിരുന്ന സാക്ഷാൽ ആനമക്കാർ സാഹിബ്ബിന്റെ ഉഗ്രനും നാലു കാഫ്രീങ്ങളെ കൊന്നവനും അസലുള്ളവനുമായ ആ വലിയ കൊമ്പനാന... മുറ്റത്തെ ചുമരുകളുടെ വക്കിൽ പൊടിമണ്ണിൽ വട്ടക്കുഴികളുടെ നടുക്ക് പൂണ്ടുകിടക്കുന്ന കറുത്ത മൂട്ടകളെപ്പോലുള്ള ചെറിയ കുഴിയാന ആയിരുന്നുവെന്ന്!

'പടച്ചോനേ! കുഞ്ഞുതാച്ചുമ്മ നെഞ്ചത്തടിച്ചപേക്ഷിച്ചു. 'കുരുത്തംകെട്ട ഈ വകന്തകട തല തെറിപ്പീര്!'

അദ്ഭുതമെന്നേ പറയേണ്ടു. കുഞ്ഞുങ്ങളുടെ തല തെറിച്ചില്ല. ഇടിത്തീ വീണില്ല. കാലപാമ്പും കടിച്ചില്ല. ഒന്നും സംഭവിച്ചില്ല. അവർ ഒന്നടങ്കം ആഹ്ളാദത്തോടെ ആർത്തുവിളിച്ചു:

'ആനമക്കാരിന്റെ ബല്യകൊമ്പനാന...... കുയ്യാനേർന്ന്!....... കുയ്യാന!'

കുഞ്ഞുതാച്ചുമ്മയ്ക്കു തലതിരിച്ചിൽ തോന്നി. ശ്വാസം കഴിക്കാൻ വിഷമം നേരിട്ടു. ഞൊടിയിടകൊണ്ടു ജീവിതം മുഴുവനും അവരുടെ മുമ്പിൽക്കൂടി കടന്നുപോയി. എല്ലാ പ്രതാപങ്ങളും.....രണ്ടു കൈയും തലയിൽ വെച്ചുകൊണ്ട് അവർ താഴെ ഇരുന്നു.

കുഞ്ഞുപാത്തുമ്മ ഉമ്മായുടെ അരികത്തു വന്നു. കുഞ്ഞുങ്ങളോടു ചോദിച്ചു:

‘എന്താ കുഞ്ഞുങ്ങളേ?’

കുഞ്ഞുങ്ങൾ പറഞ്ഞു:

‘ഞുളു! ഞുളു!’

‘എന്താ?’

‘പെപ്പപ്പേ!’

‘എന്താണ്?’

കുഞ്ഞുങ്ങൾ പറഞ്ഞു:

‘കുയ്യാന! കുയ്യാന!’

‘എന്തു കുയ്യാന!’ കുഞ്ഞുപാത്തുമ്മായ്ക്ക് ഒന്നും മനസ്സിലായില്ല. അവൾ വിചാരിച്ചു: വല്ല പിള്ളേരും കുഴിയാനയെപ്പിടിച്ച് ഉമ്മായുടെ ചെവിയിലിട്ടായിരിക്കുമെന്ന്. അവൾ ഉമ്മായുടെ അരികത്തിരുന്നിട്ടു ചോദിച്ചു:

‘എന്താണുമ്മാ?’

ഉമ്മാ ഒന്നും പറഞ്ഞില്ല. എന്തു പറയാനാണ്? പുരാതന ചരിത്രങ്ങൾ ഒക്കെ കത്തിക്കരിഞ്ഞു പൊടിഞ്ഞു ധൂളിയായിരിക്കുന്നോ...! ഇനി എന്തിനുവേണ്ടി ജീവിക്കണം?

കുഞ്ഞുപാത്തുമ്മ വീണ്ടും ചോദിച്ചു. പരമസുന്ദരിയായി നിൽക്കുന്ന കുഞ്ഞുപാത്തുമ്മായെ നോക്കി. യോഗ്യനായ നിസാർ അഹ്മ്മദിനെ ഓർത്തു. ശോഭനമായ ഭാവിയിലേക്കു ദൈവാനുഗ്രഹത്തോടെ കാലെടുത്തു വെച്ചിട്ടേയുള്ളൂ. റബ്ബുൽ ആലമീനായ തമ്പുരാൻ എല്ലാം നേരെയാക്കും. ചരിത്രം ചരിത്രം തന്നെയാണ്... ഉമ്മാ ഒടുവിൽ കണ്ണീരോടെ ഗദ്ഗദത്തോടെ കുഞ്ഞു പാത്തുമ്മായോടു പറഞ്ഞു:

‘നിൻറുപ്പപ്പാട... ബല്യകൊമ്പനാന... കുയ്യാനേർന്നന്ന്! കുയ്യാന!’

മംഗളം


ശുഭം

ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് !

വൈക്കം മുഹമ്മദ് ബഷീർ

മനോഹരവും ശുഭാന്തവുമായ ഒരു പ്രേമകഥയാണ് ഇതിലെ കേന്ദ്രകഥാംശം. നർമ്മരസത്തിന് യാതൊരു കുറവുമില്ല. യാഥാസ്ഥിതിക മുസ്ലിം സമുദായത്തിലെ ആചാരവഴക്കങ്ങൾ, വിശ്വാസങ്ങൾ എന്നിവയെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ ഒട്ടുവളരെയുണ്ട് ഈ ഗ്രന്ഥത്തിൽ. വർത്തമാനകാലത്തു ജീവിക്കൂ എന്നതാണ് ഇതിലെ ആഹ്വാനം.

-ഡോ. ആർ. ഇ. ആഷർ



കവർ ഡിസൈൻ: **ഡിസൈൻ ഡിഫറൻസ്**
കവർ ഫോട്ടോ: **പുനലൂർ രാജൻ**

ഡിസി ബുക്സ്

www.dcbooks.com

നോവൽ

